# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ ധനു ൨൩-ാംനു തിങ്കളാഴ്ച | ലക്കം ൧൮.

### റഷ്യൻ വിപ്ലവത്തിന്റെ ൧൭-ാമതു വാർഷികം



റഷ്യൻവിപ്ലവത്തിന്റെ ൧൭-ാമത്തെ വാർഷികോത്സവം ഈയിടെ മോസ്കോയിൽ വച്ചു സ്റ്റാൻലിൻ തുടങ്ങിയുള്ള നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെട്ടു. പീരങ്കിപ്പട, കുതിരപ്പട, കാലാൾ, വ്യോമസൈന്യം മുതലായ [illegible] സകല സൈനികവിഭാഗങ്ങളും ഇതിൽ പങ്കെടുത്തിരുന്നു. 100000-ൽ പരം പൗരന്മാർ അണിനിരന്നു ഒരു ഘോഷയാത്രയും നടത്തുകയുണ്ടായി. ചിത്രത്തിൽ കാണുന്നതു കാലാൾപടയുടെ ഒരു ഭാഗം റെഡ് സ്ക്വയറിൽ കൂടി മാർച്ചു് ചെയ്യുന്നതാണു്

Universal.

THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARGHAT

# അപ്രമേയം!

കെ. രാമകൃഷ്ണൻനായർ ബി. എ.

കടന്ന കാലങ്ങളെപ്പററി ദുഃഖിച്ചും മനുഷ്യന്റെ സ്ഥിതിയെപ്പററി ചിന്തിച്ചും കഴിഞ്ഞ ഓരോ നിമിഷവും ഉൽകൃഷ്ടപദവിയെ കാംക്ഷിക്കുന്നു. ഈ ചേതനാരംഗത്തെ ഭരിക്കുന്ന 'ജാലവിദ്യ' മനുഷ്യമോഹങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. അതെന്തെന്നറിയാതെ ആശ്ചര്യത്തിൽനിന്നും ഭയത്തെ വേർപെടുത്താൻ പ്രയാസമായിട്ടാണിരിക്കുന്നതു്. ഒരു ദൂരശബ്ദനിയന്ത്രത്തിനു മുൻപിൽനിന്നു് "അമ്പോ!" വിളിക്കുന്ന മനുഷ്യൻ വിദ്യുത്പ്രവാതംകൊണ്ടു് ഞെട്ടിപ്പോകുന്നു. പലതിനേയും സ്വാധീനമാക്കി സുഖിക്കാൻ തുടങ്ങുമ്പോൾ അജ്ഞാതമായ ഏതോ ഒരു ശക്തിയുടെ പ്രവൎത്തനവും പ്രത്യക്ഷപ്പെടുന്നു. തന്റെ ശ്രമങ്ങളിലേക്കു അനിശ്ചിതത്വത്തെ തള്ളിക്കേറുന്ന കൈകളെ എങ്ങിനെ ശ്രദ്ധിക്കാതിരിക്കും. ഉദ്യമം സഫലമാകുന്നതിനു മുൻപു് എത്ര ആഗ്രഹങ്ങൾ ശിഥിലമാകുന്നു. മനുഷ്യൻ മുൻപോട്ടുവച്ച ഓരോ കാൽച്ചുവട്ടിലും അജ്ഞതയും അന്ധകാരവും അടിഞ്ഞു മറഞ്ഞു എങ്കിലും അപരിചിതമായ രംഗങ്ങളിലേക്കാണു അവൻ നീങ്ങിക്കൊണ്ടിരുന്നതു്. ഈ ഗതിവിശേഷംകൊണ്ടു് എത്രപേർ വളച്ചും ഉരച്ചും മനുഷ്യനു സാദ്ധ്യമല്ലെന്നുറച്ച പിൻമാറിയിട്ടുണ്ടെന്നു പറഞ്ഞുകൂടാ. അവരുടെ സ്ഥിതി കഷ്ടംതന്നെ. തൃപ്തമാകാത്ത ഒരാഗ്രഹം, പൂൎണ്ണമാകാത്ത ഒരാദർശം, മനുഷ്യനെ മുന്നോട്ടു തള്ളുന്നില്ലെങ്കിൽ ഈ പ്രപഞ്ചംതന്നെ എത്ര മുൻപേ സമാധിയിൽ ലയിക്കുമായിരുന്നു.

സ്വാതന്ത്ര്യമായ പ്രവൃത്തിയുടെ ശൂന്യതയിൽ ദുഃഖാൎത്തനായി ഭൗതികാനുഗ്രഹങ്ങളിൽനിന്നു വിരമിക്കാൻ തുടങ്ങിയ മനുഷ്യനു് ആശയും ധൈൎയ്യവും കൊടുത്തതു് പതിനേഴും പതിനെട്ടും ശതകങ്ങളിലെ സയൻസാണെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. അതിന്റെ സഹായമില്ലായിരുന്നു എങ്കിൽ മനുഷ്യരാശികൾ വനാന്തരങ്ങളിലേക്കു കടന്നു്, കാണാത്തതിനെ കാണാൻ കരഞ്ഞുകൊണ്ടിരുന്നുപോകുമായിരുന്നു. പ്രവൃത്തിവിമുഖനായി കൈകൾ കെട്ടിയിരുന്നുകൊണ്ടു് അജ്ഞതയിൽനിന്നും തോൽവിയിൽ നിന്നും ജ്ഞാനത്തേയും വിജയത്തേയും ഉയൎത്താൻ ചെയ്യുമായിരുന്ന ശ്രമങ്ങൾ തകൎന്നശേഷം പ്രപഞ്ചത്തെ ഭരിക്കുമായിരുന്ന അവരുടെ ബോധം ക്രമേണ മനുഷ്യനെക്കൊണ്ടുള്ള ആവശ്യത്തെത്തന്നെ നിഷേധിക്കുമായിരുന്നു എന്നു് സംശയിക്കാനുതയും തരമില്ല.

പതിനേഴാംശതകത്തിനുശേഷമാണു വസ്തുസമൂഹത്തിന്റെ ആവശ്യവും ശക്തിസമ്പത്തിന്റെ പ്രയോജനവും മനുഷ്യൻ അറിയാൻ തുടങ്ങിയതു്. ജീവനെച്ചുററി നിരാശകൂടി വളൎത്തുന്ന ആവശ്യങ്ങൾ കുറഞ്ഞുവന്നു "യാദൃച്ഛികത"യിൽ നിന്നും "സംഭവത"യിലേക്കുള്ള വഴികൾ തെളിഞ്ഞുതുടങ്ങി. വസ്തു, ശക്തി, കാലം, ജീവൻ എന്നിവയുടെ അടിസ്ഥാനങ്ങളെന്തെന്നു് അറിയുന്നതിനുള്ള പരീക്ഷണങ്ങൾ ഊൎജ്ജിതത്തിൽ വന്നു. നിരീക്ഷണങ്ങളെല്ലാം തന്നെ കണ്ണുകൊണ്ടു കാണാവുന്നതും അനുഭവങ്ങളെ ആദരിക്കുന്നതും ആയ പരിധിക്കുള്ളിൽനിന്നു പുറത്തു പോകാതെ സൂക്ഷിക്കപ്പെട്ടു. അങ്ങിനെ സ്ഥിരമായ മാനദണ്ഡങ്ങളിൽ ഉറപ്പിച്ചു മനുഷ്യൻ ചെയ്ത യത്നങ്ങളുടെ സിദ്ധികൾ തന്നൽതന്നെ ലയിച്ചിരുന്ന പൂൎവ്വികരുടെ സ്വപ്നമണ്ഡലത്തേയും അതിശയിപ്പിച്ചു എന്നു പറയാതിരിക്കാൻ തരമില്ല. ഈ പ്രപഞ്ചംതന്നെ ഒരു മഹായന്ത്രത്തിന്റെ പ്രവൎത്തനങ്ങളിൽനിന്നു ഭിന്നമായ യാതൊരു സൂത്രങ്ങളും ഉൾക്കൊള്ളുന്നില്ലെന്നു വിശ്വസിക്കാൻ തുടങ്ങി. ആ മഹായന്ത്രത്തെ അറിഞ്ഞു ഭരിക്കുന്നതിനുള്ള മഹത്വം മനുഷ്യനുണ്ടെന്നറിഞ്ഞപ്പോൾ ആത്മവിശ്വാസവും വൎദ്ധിച്ചു. പ്രകൃതിയുടെ കേവലാസ്തിക്കൾക്കു പഞ്ചഭൂതങ്ങൾക്കും അകത്തു നിൽക്കാത്തതെല്ലാം യാദൃച്ഛികതയ്ക്കോ വശ്യകൎമ്മാവിനോ വിട്ടുകൊടുത്തു. ക്രമേണ പരിപുഷ്ടമായ ശാസ്ത്രീയമനോഭാവം ജീവനേയും ചിന്തയേയും ബാധിച്ചു എന്നുള്ളതു് പരിതാപകരംതന്നെ. പ്രപഞ്ചത്തെപ്പററിയുള്ള അത്ഭുതാവേശങ്ങളോടൊത്തുതന്നെ ആനന്ദവും ക്ഷയിച്ചു. അതു അക്കാലങ്ങളിലെ കാവ്യഗതിയും തത്വശാസ്ത്രങ്ങളും പ്രതിഫലിപ്പിക്കുന്നുണ്ടു്. മനുഷ്യൻതന്നെയാണു് സകലതിനും ഈശ്വരനെന്നുള്ള വിചാരം അവനെ ആശ്വസിപ്പിച്ചു. കാലത്തിനും കാററിനും അടിമയായി കിടക്കുന്ന കഷ്ടകവൃത്തിയെ ത്യജിക്കുന്നതിനും നിയന്ത്രണാധീനമായ യന്ത്രങ്ങളെ നയിക്കുന്നതിനും കൂടുതൽ താല്പൎയ്യം ഉളവായി. ഈ ഭൂമുഖം പൂൎണ്ണതയുടെ പൎയ്യായമാണെന്നുള്ള വിശ്വാസം; അനന്തതയുടെ അഖണ്ഡിതമായ ആദിസത്വം പ്രാപ്യമാക്കാമെന്നുള്ള മോഹം; എന്നിവ ഇന്നത്തെ പരിഷ്കാരവിശേഷത്തിന്റെ പിന്നിൽ നിൽക്കുന്നു.

ഇങ്ങനെ വിജയഭേരിമുഴക്കാൻ തുടങ്ങിയ മനുഷ്യനെ പത്തൊൻപതാംശതകത്തിന്റെ ആരംഭത്തോടുകൂടിത്തന്നെ പുതിയ അനുഭവങ്ങൾ അഭിമുഖീകരിച്ചു. ജ്യോതിശ്ശാസ്ത്രവും ശക്തിതന്ത്രവും സത്വരമായി വളൎന്നുതുടങ്ങി. പ്രപഞ്ചത്തെ ഭരിക്കുന്ന ശക്തിയുടെ മൂലസ്വഭാവം അറിയുന്നതിനും ആകാശത്തിന്റെ ആഴങ്ങളെ അളക്കുന്നതിനും തുടങ്ങിയതോടുകൂടി അവയുടെ സ്വഭാവവും വിസ്താരവും ഭൂമിയുടെ മാനദണ്ഡംകൊണ്ടു അളക്കത്തക്കതല്ലെന്നു ബോദ്ധ്യപ്പെട്ടു. പ്രപഞ്ചഘടനയെപ്പററിയുള്ള പൂൎവ്വവിജ്ഞാനം അത്ര ശരിയല്ലെന്നറിഞ്ഞപ്പോഴാണു മനുഷ്യചിത്തം ഒരു മഹാവിപ്ലവരംഗത്തിലേക്കു പ്രവേശിച്ചതു്. അതിനുശേഷം ഓരോനിമിഷവും മനുഷ്യന്റെ നിസ്സാരതയും നിസ്സഹായതയും വെളിപ്പെടുത്തുന്ന വെളിച്ചംതന്നെ സൎവ്വത്ര പ്രകാശിക്കുന്നു. ഈ ഭൂമിയിൽ നടക്കുന്നതെല്ലാം കാണുന്നതിനുമാത്രമേ നമ്മുടെ ദൃഷ്ടി ഉപകരിക്കുകയുള്ളു എന്നു വന്നുകഴിഞ്ഞു. ഈ മനുഷ്യനു് അതീതമായ ഒരു ശക്തിയാണു പ്രപഞ്ചത്തെ ഭരിക്കുന്നതെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. ഈ സൗരയൂഥംതന്നെ പതിനായിരംകോടി ഗോളസമൂഹങ്ങൾക്കിടക്കു ഒരു മണൽത്തരിയുടെ സ്ഥാനം മാത്രമേ അർഹിക്കുന്നുള്ളു. അപ്പോൾ എത്രക്കു് ഈ ഭൂമിയും ആറടിക്കുള്ളിൽ ഒതുങ്ങുന്ന മനുഷ്യനും പ്രപഞ്ചവിസ്താരത്തിന്റെയും ശക്തിയുടെയും അവകാശിയാണെന്നു ഗണിക്കുക്കൂടി വയ്യ. എന്നാൽ അതൊന്നും നമ്മെ ബാധിക്കുന്നതല്ലെന്നു വിട്ടുകളയാനും പ്രയാസം. വെറും നിസ്സാരമായ ഒരു ചന്ദ്രനും സൂൎയ്യനും ഭൂമിയുടെ പ്രകൃതിയെയും മനുഷ്യന്റെ പ്രവൃത്തികളെയും നിയന്ത്രിക്കാൻ കഴിയുന്നുണ്ടെന്നു തെളിഞ്ഞിരിക്കുന്ന സ്ഥിതിക്കു അവയെക്കാൾ ശക്തിയുള്ള നക്ഷത്രങ്ങൾ എങ്ങനെ വിഗണിക്കപ്പെടും. നിമിഷംപ്രതി കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന താരകാനികരങ്ങൾ നിശ്ചലമായി നിന്നുകൊണ്ടു മനുഷ്യന്റെ സൌന്ദൎയ്യബോധത്തെ ആശ്ലേഷിക്കുക മാത്രമാണോ ചെയ്യുന്നതു്. ഈ ഭൂമിയുടെഭാരത്തിൽ കൂടുതൽ വസ്തുസമൂഹം അവയിൽ ചില ഗോളങ്ങൾ ചൂടും വെളിച്ചവുമായി നിമിഷംതോറും വൎഷിക്കുന്നു. ഒരു സെക്കന്റിൽ ആയിരം മൈൽവീതം പാഞ്ഞുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങൾ എത്ര വളരെയുണ്ടെന്നു പറഞ്ഞുകൂടാ. ആ ജ്വാലാമുഖങ്ങളിൽ ഒരെണ്ണം സ്വപഥത്തിൽനിന്നുതെററി ഈ ഭൂമിയുടെ വളരെ ദൂരത്തുകൂടി എങ്ങാനും കടന്നുപോകുന്നു എങ്കിൽതന്നെ എല്ലാം കത്തി ഭസ്മമാവുകയില്ലേ? മനുഷ്യദൃഷ്ടിക്കു ഗോചരമല്ലാത്ത ദൂരത്തിൽ അവകൾ അന്യോന്യം മുട്ടി ഉടഞ്ഞുപോകുന്നുണ്ടോ എന്നു എങ്ങനെ അറിയാം. ഈ വിശ്വദീപങ്ങളുടെ ഇടക്കെവിടെയോ ഈഭൂമിയും വാർദ്ധക്യക്ഷീണബാധിതമായി ഇഴഞ്ഞുനടക്കുക മാത്രമാണു ചെയ്യുന്നതു്. മററു മഹാഗോളസഹസ്രങ്ങളുടെ ഉജ്ജ്വലമായ യൌവ്വനത്തിരത്തള്ളൽ നമ്മുടെ ഇടുങ്ങിയ മണ്ഡലത്തെ ഗ്രസിച്ചുകളയുകയില്ലെന്നു എങ്ങനെ നിശ്ചയിക്കാം. കാലവും വസ്തുവും അറിയാതെ പ്രപഞ്ചത്തിന്റെ സിരാപടലത്തിനുള്ളിൽ നടക്കുന്ന ജാലവിദ്യകളെ ഏതൊരു ശക്തിയാണു ഭരിക്കുന്നതു്. മനുഷ്യന്റെ ഏതൊരു തത്വമാണു ഇതെല്ലാം ഉൾക്കൊള്ളുന്നതു്.

ഈ പ്രപഞ്ചവിലങ്ങളിൽനടക്കുന്ന പരിവൎത്തനങ്ങൾ എന്തുകൊണ്ടു എപ്പോൾനടക്കുന്നു എന്നു കഴിയുമെങ്കിൽ മനുഷ്യൻ പറയട്ടെ! സംഭവ്യതയുടെ അടിസ്ഥാനങ്ങൾ തകൎന്നുകഴിഞ്ഞിരിക്കുന്നു. വസ്തുവിന്റെയും ശക്തിയുടെയും സ്ഥിരത (Conservation of matter and energy) എങ്ങനെ ഇനിയും

പുനഃസ്ഥാപിക്കപ്പെടും. മനുഷ്യനേയും അവന്റെ സകലതിനേയും വഹിച്ചുകൊണ്ട ഈ ഭൂമി നാശോന്മുഖമായ ഒരു പ്രപഞ്ചത്തിനുള്ളിലാണു ഭ്രമണം ചെയ്യുന്നതു്. ഈ മനുഷ്യനെ ഗൗനിക്കാതെ നക്ഷത്രസമൂഹങ്ങൾ ഏതോ ഒരു മഹാരഹസ്യകർമ്മത്തിനുള്ള ഹോമദ്രവ്യമായിത്തീരുന്നു. ബ്രഹ്മാണ്ഡത്തിനുള്ളിൽ നടക്കുന്ന വിപ്ലവത്തിനിടയ്ക്കു ചേതനാരംഗമായ ഭൂമി ഏകാകിയാണെന്നുള്ള തെളിവുകൾ എത്ര ഭയപ്പെടുത്തുന്നു എന്നു പറയേണ്ടതില്ല. ഒരു നാശഗർത്തത്തിലേക്കു ജ്വലിച്ചു പായുന്നപോലെ തോന്നുന്ന ഈ പ്രപഞ്ചത്തിന്റെ ശാസനകൾ നിശ്ശബ്ദമായി അനുഭവിക്കുകയല്ലാതെ ഈ ഭൂമിക്കു എന്തുകഴിയും. അങ്ങിനെ ഒരു ഘോരവിപത്തിൽനിന്നു സ്വാർത്ഥതകൊണ്ടു അതിനെ രക്ഷിക്കണമെന്നു വിചാരിച്ചാലും ഫലമില്ല. നമുക്കു സംഖ്യാബലമോ ശക്തിശ്രേഷ്ഠതയോ വസ്തുകൊണ്ടുള്ള പ്രതാപമോ വാദങ്ങളിൽ കാണിക്കാൻ മാർഗ്ഗമില്ല. നാം സർവ്വോൽകൃഷ്ടമെന്നു വിചാരിക്കുന്ന ജീവനെത്തന്നെ ഗണ്യമാക്കാതെയാണു പ്രപഞ്ചത്തിലെ സമൂഹത്തിന്റെഗതി. എന്നാൽ വാസയോഗ്യമായ വല്ല ഗോളങ്ങളും ഉണ്ടെങ്കിൽ അവിടെയൊക്കെ കുടിയേറിപ്പാർത്തു മനുഷ്യന്റെ അവകാശവും സ്വാധീനവും സ്ഥാപിക്കാമെന്നു വിചാരിച്ചാൽതന്നെ ആകാശദേശത്തിന്റെ ശൂന്യതകളെത്തുളച്ചുപോകാനുള്ള സൂത്രങ്ങൾ കണ്ടുപിടിച്ചാൽതന്നെ ചില നക്ഷത്രങ്ങളിൽ എത്തുന്നതിനുമുൻപു മനുഷ്യൻ കോടിയിലധികം പ്രാവശ്യം പുനർജ്ജന്മം സ്വീകരിക്കേണ്ടതായും ഇരിക്കുന്നു. അതായതു 'വിശ്വദീപ'ങ്ങളിൽ ചിലതിൽനിന്നു് നിമിഷമൊന്നിനു 186000 മൈൽവീതം പായുന്ന വെളിച്ചം ഭൂമിയിൽ എത്തണമെങ്കിൽ അഞ്ചുകോടി വർഷങ്ങൾവേണമെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു. അങ്ങനെ മേല്ക്കുമേൽമനുഷ്യനിൽആശ്ചര്യവും ഭയവും പ്രപഞ്ചരഹസ്യങ്ങൾ ജനിപ്പിക്കുന്നു ഇതാണു ഇന്നത്തെ ജ്യോതിശ്ശാസ്ത്രത്തിന്റെ പ്രേരണകൾ. ഇത്രയ്ക്കു നിസ്സഹായവും നിസ്സാരവും ആണോ ജീവൻ എന്നുള്ള ചോദ്യത്തിനുശക്തിതന്ത്രത്തിന്റെ വ്യാഖ്യാനങ്ങളാണു സമാധാനം പറയുന്നതു്.

മാക്സ് പ്ലാങ്കിന്റെ ക്വാണ്ടംതിയറിയിൽനിന്നുള്ള അനുമാനങ്ങളാണു് ആദ്യം നോക്കേണ്ടതു്. ഈ പ്രപഞ്ചം മുഴുവൻതന്നെ ഒരു തരംഗസ്പന്ദനമായിട്ടാണു ഇപ്പോൾ ഗണിക്കപ്പെട്ടിരിക്കുന്നതു്. അതിൽ ബന്ധിതമായ തരംഗങ്ങളെ നാം വസ്തുവെന്നു പറയുന്നു എന്നുമാത്രമേയുള്ളു. അതുപോലെതന്നെ ഐൻസ്റ്റീൻ ആപേക്ഷികവാദരൂപേണ നിരർത്ഥകമായി നീണ്ടുകിടക്കുന്ന സ്ഥലത്തേയും കാലത്തേയും സംയോജിപ്പിക്കാതെ യാഥാർത്ഥ്യത്തിലേക്കു പ്രവേശിക്കുന്നതു സാദ്ധ്യമല്ലെന്നും വിധിച്ചു. അതിനുശേഷമാണു് ഈ പ്രപഞ്ചം നാലളവുകളുള്ള ഒരു സ്വരൂപമായി അറിയാതെ സൂക്ഷ്മസ്ഥിതി വെളിപ്പെടുന്നതല്ലെന്നു തീർച്ചപ്പെട്ടതു് ഏതെങ്കിലും മാനുഷ്യകമായ അളവുകൾകൊണ്ടോ ആഗ്രഹംകൊണ്ടോ പ്രപഞ്ചമദ്ധ്യത്തിൽ ജീവനുള്ള സ്ഥാനമെന്തെന്നു മനസ്സിലാക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്.

ഇപ്പോഴും നാം ഗ്രഹസംഘട്ടനങ്ങളെ മുൻകൂട്ടി അറിഞ്ഞു് തടയുന്നതിനോ കാലഭേദത്തെ നിശ്ചയിക്കുന്നതിനോ അശക്തരായിത്തന്നെ ഇരിക്കുന്നു. വിധിവിലാസത്തിനു അടിമയാണെന്നുതന്നെ പറയാം ഒരു പക്ഷേ മനുഷ്യരാശികൾതന്നെ കുറച്ചുകൂടി ശ്രേഷ്ഠമായ ഒരു ജീവപ്രസരത്തിനു മുൻപിൽ വഴിമാറിക്കൊടുക്കേണ്ടതായി വന്നുകൂടെന്നില്ല. ഈ ഭൂമിയിൽതന്നെ ഏതെല്ലാം ജന്തുവിശേഷങ്ങൾ വിശ്വകർമ്മാവിന്റെ ശ്രേഷ്ഠമായ പരീക്ഷണപ്രവാഹത്തിൽ അടിഞ്ഞുമറഞ്ഞിട്ടുണ്ടു്. മനുഷ്യനും ചൈതന്യസ്പന്ദനത്തിന്റെ തീറവകാശം കിട്ടുമെന്നു് എന്തിനു വിചാരിക്കുന്നു.

ഇതെല്ലാം അറിവിനേയും ആഗ്രഹത്തേയുംകാൾ നമ്മിലുള്ള ഏതോ ഒരു യാഥാർത്ഥ്യത്തിലേക്കു നമ്മുടെ ജീവനെ കേന്ദ്രീകരിക്കുന്നു. 'ഒരു വീണപൂവുപോലെ' മനുഷ്യനും വിശ്വകർമ്മാവിന്റെ വിലാപകാവ്യത്തിനു വിഷയമായിത്തീരുമോ എന്നുള്ള ഭയത്തെ എന്തിനു ഭയപ്പെടുന്നു. മനുഷ്യന്റെ സകല തെറ്റുകളേയും ഭീതിയേയും വകവെയ്ക്കാതെ അഭിവൃദ്ധി തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു അവനെ ഗൗനിക്കാതെ സ്ഥലകാലങ്ങളിൽക്കൂടി മുൻപോട്ടുകൊണ്ടുപോയി മനുഷ്യമഹത്വബോധത്തിലേയ്ക്കു എത്തിക്കുകതന്നെയാണു ചെയ്യുന്നതു്. നമ്മുടെ കാഴ്ചകൾ സീമയുണ്ടെന്നു സമ്മതിക്കാമെങ്കിലും അതു് നിശ്ചിതമായ ഒരു അന്തത്തെ അടിസ്ഥാനമാക്കിയല്ലെന്നുള്ളതു് തീർച്ചയാണു്. സ്ഥലകാലസത്യത്തിനുതന്നെ അവസാനത്തിന്റെ യാതൊരു സ്വഭാവവും ഇല്ല. നമ്മുടെ ഏററവും പ്രധാനമായ അഭിപ്രായങ്ങൾക്കു് അസ്ഥിരങ്ങളെങ്കിലും അവയെ അധഃകരിക്കുന്നതിനു ഇതേവരെ വേറെഒന്നും കണ്ടെത്തിയിട്ടില്ല. ഊഹാതീതമായ വസ്തുവിശേഷങ്ങൾകൊണ്ടു് പ്രപഞ്ചംതന്നെ പ്രകാശമായി തോന്നുന്ന മോഹമോഹനമായ അവസ്ഥകൾ നമുക്കും ഉണ്ടു്.

ഈ പ്രപഞ്ചം പൂർണ്ണവിരാമത്തിൽ പൊലിഞ്ഞുപോവുകയോ ജീവിതസാദ്ധ്യമല്ലാത്ത ഒരു പരിമാണത്തിലേക്കു പരിണമിക്കുകയോ ചെയ്താൽതന്നെ അതു് ഒരു യോഗീന്ദ്രന്റെ സമാധിസ്ഥിതമായ അവസ്ഥയുടെ പ്രതിഭാസമായിരിക്കാനേ തരമുള്ളു. ആ സമയംകൊണ്ടു് നമ്മുടെ ലോകത്തിലുള്ള അജ്ഞതയും അന്ധകാരവും മറഞ്ഞിരിക്കും. അങ്ങിനെ മുക്തിയുടെ താണപടിയിൽ ചെന്നല്ലാതെ പ്രപഞ്ചം അവസാനിക്കുമെന്നു വിശ്വസിക്കുന്നതു് ഭദ്രമല്ല നമ്മുടെ ജീവിതം നിശ്ചയിച്ച ആ പ്രപഞ്ചശക്തിയ്ക്കു യാതൊരു നിശ്ചയവും ഇല്ലെന്നു വിധിക്കുന്നതും തെററുതന്നെ.

ബ്രഹ്മാണ്ഡം ഇത്രവളരെ വികസിച്ചതു് മനുഷ്യബുദ്ധിയിലാണെന്നു സമ്മതിക്കണം. ഇപ്പോൾ പ്രപഞ്ചത്തിന്റെ പരിധിതന്നെ മനുഷ്യചിത്തമാണെന്നുവേണം വിചാരിക്കാൻ. ഈ വികാസങ്ങളെല്ലാം അവന്റെ വിചാരത്തിൽ ഒതുങ്ങിനിൽക്കുന്നു എന്നു് അടുത്തകാലം തെളിയിക്കുകയില്ലെ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. മനുഷ്യഗാത്രംതന്നെ ഒരു പ്രപഞ്ചമാണെന്നു് ഒരുശാസ്ത്രജ്ഞൻ സ്ഥാപിക്കുന്നു: "ഓരോതുള്ളിരക്തത്തിലും മുപ്പതുലക്ഷം ജീവബിന്ദുക്കൾ ഇരച്ചുമറിയുന്നു. ആകെയുള്ള രക്തത്തെപ്പററി ചിന്തിക്കുമ്പോൾ മനുഷ്യൻ ഒരു പ്രപഞ്ചവിശേഷം തന്നെ. അവന്റെ സിരാപടലം ഹരിതഗോളങ്ങളുടെ അനന്തഭ്രമണംമൂലം, വിശ്വദീപങ്ങളാണെന്നും പറയാം."

സ്ഥലകാലദൈർഘ്യം എന്ന ഒരു മാനദണ്ഡത്തെ ജനിപ്പിക്കുന്ന ജ്യാമിതിയാണു് ഗോളങ്ങളുടെ ഗതിയെ നിയന്ത്രിക്കുന്നതെന്നു് ഐൻസ്റ്റീൻ വാദിച്ചതോടുകൂടി കാലം നമ്മെ കടന്നുപോകുന്നില്ലെന്നും നാം മുൻപിൽ സജ്ജമാക്കിയിരിക്കുന്ന സംഭവങ്ങളിലേക്കു എത്തിച്ചേരുകയാണെന്നും ഗണിച്ചുകഴിഞ്ഞിരിക്കുന്നു അതോടുകൂടി വിധിവിശ്വാസവും വാസനാബലവും (Predestination and Free-will) പുനർജീവിച്ചു. എന്നാൽ ഈ പ്രപഞ്ചം തന്നെ നിശ്ചലമായ ഒരു സ്ഥലകാലബന്ധമാണോ എന്നു നിശ്ചയിക്കാറായിട്ടില്ല. നാലുപാധികളിൽ കൂടുതൽ അവയുടെ ഗതികൾക്കൊള്ളുന്നുണ്ടോ എന്നുള്ളതും സംശയാസ്പദമാണു്. തുടർച്ചയായ ഒരു ജീവൻ അതിനുണ്ടെന്നും പറയാറായിട്ടില്ല. ഒരുപക്ഷേ ചലനചിത്രങ്ങൾപോലെ നാം മാറിമാറി ജീവിക്കുകയും മറയുകയുംചെയ്യുകയായിരിക്കാം അനന്തമായ ഒരു നിഷ്കളബ്രഹ്മത്തിനുള്ളിലുള്ള ഗതിയുടെ മായയായിരിക്കാം നമ്മുടെ ബോധം എന്നു പറയുന്നതു്. 'സർ. ജെയിംസ് ജീൻസ്' പറയുന്നതുപോലെ നാം അജ്ഞേയമായ സത്തയിൽ എഴുതപ്പെട്ട ഒരു കഥമാത്രമായിരിക്കാം. അല്ലെങ്കിൽ സർവ്വവ്യാപിയായ ഒരു ഗണിതജ്ഞന്റെ ഒരു അഭിപ്രായത്തിന്റെ അംശമാണെന്നുംവരാം. ഇങ്ങിനെയുള്ള ഊഹങ്ങളും തെളിവുകളും, മാനുഷ്യകമായ നമ്മുടെ ചിത്തംകൊണ്ടു് കാര്യങ്ങളുടെ തീർച്ചയായ വാസ്തവം ദുർഗ്രഹവും അജ്ഞേയവും ആണെന്നു മാത്രമാണു് വാദിക്കുന്നതു്. ഈ വിധത്തിൽ ജീവിതത്തിൽനിന്നും ജാലശക്തി(Mystery )യെ ഒഴിക്കാൻ കഴിവില്ലെന്നു തെളിയുന്നു ജീവൻതന്നെ ആകപ്പാടെ ഒരു ജാലമാണെന്നു വിശ്വസിച്ചുപോകാനും എളുപ്പമുണ്ടു്. അവസാനത്തിലും അതുതന്നെ ശേഷിക്കുമെന്നുവന്നാൽതന്നെ ഈ ഭൗതികജീവിതത്തിന്റെ ചുമതലയും ക്ലേശവും കുറയ്ക്കുന്നതിനു സമാധാനമാകുന്നില്ല. ഗണ്യമായ ഈ വാസ്തവങ്ങൾ അവസാനവും സ്ഥിരവും ആണെന്നു ശാസ്ത്രത്തേക്കാൾ കൂടുതലായി മനുഷ്യൻ വിശ്വസിക്കേണ്ടതില്ല. ശാസ്ത്രം അതിന്റെ കാര്യം സാധിച്ചു എന്നു വിചാരിച്ചപ്പോഴെല്ലാം ആശാഭംഗവും ഉണ്ടായിട്ടുണ്ടു്. അവഗാഹനംചെയ്യാൻ പാടില്ലാത്ത ഒരു സത്തയുടെ മുകൾപ്പരപ്പാണു് ഈ ജീവനെന്നുള്ളബോധം; ഈ കാണുന്നതിന്റെ എല്ലാം അടിയിലുള്ള മഹാഗർത്തം; സകലനാദങ്ങൾക്കും മീതേയുള്ള ശാന്തി; ഇവ ആധുനികചിത്തത്തെ അസ്വസ്ഥതയും ആഗ്രഹവും കൊണ്ടു നിറയ്ക്കുന്നു. സത്തയെ അറിവാൻ മനുഷ്യനു സാദ്ധ്യമല്ലെന്നുള്ള സയൻസിന്റെ വാദം 'തകർക്കപ്പെട്ട' പുരാതനവാദങ്ങളെക്കാൾ ഭദ്രമാണെന്നു് എങ്ങിനെ വിശ്വസിക്കാം?

---

# ഉദ്യാനലക്ഷ്മി.

ചങ്ങമ്പുഴ കൃഷ്ണപിള്ള.

അവളെയൊരുനോക്കൊന്നുകാണുവാൻ മാത്രമാ-
ണതികുതുകമാൻഞാൻ ചെന്നതന്നന്തിയിൽ.
അമരവരകന്യമാ,രാളുന്നലജ്ജയാ-
ലടിതൊഴുതുനിന്നുപോമാകാരശോഭയാൽ
അലർവനിയിലൊക്കെയും വെൺമവീശീടുമാ-
റവളവിടെയൊററയ്ക്കുനിൽപ്പതായ് കണ്ടുഞാൻ.
കുളർകുടിലകന്തളം പിന്നിലായ് കെട്ടിയി-
ട്ടതിനകമൊരോമനച്ചെമ്പനീർപ്പൂവുമായ ;
ഒരുചെറിയചെമ്പകത്തയ്യിൻചുവട്ടിലാ-
ക്കനകലതമിന്നുന്ന ശൃംഗാരലോലയായ്!
തരുണഹൃദയങ്ങളിൽ കാവ്യാംകുരങ്ങളാൽ
തരളതതളിക്കുന്ന മഞ്ജുമന്ദസ്മിതം,
പുതുപവിഴധൂളികാരേഖപോൽകാണുമാര-
ത്തളിരധരകങ്ങളിൽ ചിന്നിപ്പൊടിയവെ;
മമ ഹൃദയമെന്നോടുമന്ത്രിച്ചു:—“ജീവിതം
മധുരതരമാകുന്നു, സൗന്ദര്യദർശനം!!...”
അരികി,ലളകങ്ങൾ തലോടിനിൽക്കാ,നന്നൊ-
രമലമലയാനിലൻപോലുമായില്ല ഞാൻ!

* * *

ധവളതുഹിനാശ്ലേഷിതാർദ്രപ്രഫുല്ലമാം
നവനളിനകോമളമായന്നിന്നാനനം,
മമമനസി മുദ്രിതമായിക്കഴിഞ്ഞതാ
മറവിയിനിമായ്ക്കിലും മായുകയില്ലോമലേ!
തവലളിതപദയുഗളഗളിതകളശിഞ്ജിതം
തരളമുരളിരവംപോലെ തോന്നുന്നുമേ!
അരികിലൊരുമാൻപേട നീണ്ടകൺകോണിനാ-
ലവളെയുരുമോദമാൻററുനോക്കുന്നതും;
തരിവളകൾമെല്ലെക്കിലുങ്ങുമാറോമലാൾ
കരലതകൾകൊണ്ടതിൻ മെയ് തലോടുന്നതും;
മഹിതരുചിപൊഴിയുമൊരു സാന്ധ്യദ്യുതിയിലാ
മലർവനിക മുങ്ങിക്കുളിച്ചുനിൽക്കുന്നതും;—
അരുതതുമറക്കുവാൻ! — മോഹനമാ രംഗ-
മൊരുദിവസമെങ്കിലുമോക്കാതെയില്ല ഞാൻ!!

* * * *

നിമിഷശതസംഭവം പിന്നിട്ടുപിന്നിട്ടു
സമയരഥചക്രംകറങ്ങി മുന്നോട്ടുപോയ്!
ഒരുദിവസമുച്ചയ്ക്കു, കന്നിമാസത്തിലെ-
പ്പൊരിവെയിലിൽ മുററത്തുകററയുണങ്ങവെ;
പുരയരികിൽനിൽക്കുന്ന ഞാവലിൻചോട്ടിലെ-
ത്തണലിലൊരു മുണ്ടുംവിരിച്ചുകിടന്നു ഞാൻ.
വെടിപറയുവാനപ്പൊഴേയ്ക്കും, വിശറിയും
കുടവയറു,മായിവന്നെത്തി യെൻതോഴനും.
മുഖവുരയിലാദ്യമായ് പൊട്ടിച്ചിരിച്ചുകൊ-
ണ്ടവനധിക ഹാസ്യമാന്നോതിനാനീവിധം: —
“ഇനിവെറുതെയൊന്നുംഭജിക്കേണ്ട;—നീ കണ്ട
വനകുസുമമേതോ നഗരസൗധത്തിലായ്.
ഒരുപരമഭാഗവാൻ പാണിഗ്രഹോത്സവം
പരിചൊടുനടത്തി നിന്നുദ്യാനലക്ഷ്മിയെ!...”

* * * *

സിരകളൊരുമിച്ചൊന്നുലഞ്ഞു; — ഹാ, പെട്ടെന്നൊ-
രിരുളിലുലകംവീണടിഞ്ഞതായ് തോന്നി മേ!
അവളിലനുരാഗമില്ലെങ്കിലും, മിന്നിയെ-
ന്നകതളിരിലഞ്ഞൊരു മിന്നൽപിണരുകൾ!!...


## ശ്രീമഹാഭക്തചരിതാമൃതം.

കേരളഭാഷാഗദ്യം.

ഭക്തജനങ്ങളുടെ അമോഘമായ സമ്പത്ത്.

ഭക്തിപീയൂഷം വഴിഞ്ഞൊഴുകുന്ന ഈ പ്രബന്ധവിശേഷത്തിൽ നൂററിഒന്നു പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ അടങ്ങിയിരിക്കുന്നു. അവാസ്തവങ്ങളായ ഐതിഹ്യങ്ങളെക്കൊണ്ടു ഗ്രന്ഥം സ്ഥൂലമാക്കിയിട്ടില്ല


ഗ്രന്ഥം മുഴുവൻ എഴുതി തിരുമുമ്പായി ഗ്രന്ഥകർത്താവിനു് സാക്ഷാൽ പണ്ഡരീപുരേശനായ ഭഗവാൻ ശ്രീകൃഷ്ണന്റെ ദർശനം ലഭിച്ചുവെന്ന അപൂർവസംഭവത്തെ വിശ്വസിക്കുവാൻ വിഷമമെന്നു തോന്നുന്നുണ്ടെങ്കിൽ ഈ ഗ്രന്ഥം ശ്രദ്ധാപൂർവം ഒരാവർത്തി വായിച്ചു സ്വാനുഭവത്താൽ ബോദ്ധ്യപ്പെടുവിൻ.

മലയാളഭാഷയിൽ 50-ൽശിഷ്ടം ഭക്തന്മാരുടെ ചരിത്രമേ ഇതേവരെ ഗ്രന്ഥരൂപത്തിൽ പുറത്തുവന്നിട്ടുള്ളൂ. 101-പേരുടെ ചരിത്രമടങ്ങിയ ഈ ഗ്രന്ഥം അതിൽ കുറഞ്ഞവിലയ്ക്കു കിട്ടുന്നു

1-ാംഭാഗം വില രൂപാ 1. 2-ാംഭാഗം വില രൂപാ 1.
3-ാംഭാഗം വില രൂപാ 1. 4-ാംഭാഗം വില രൂപാ 1.

നാലുഭാഗങ്ങളും ഒന്നായി വാങ്ങുന്നവക്കു് 3-രൂ. 8 ണ.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ കൊല്ലം.




ഇവിടെ എല്ലാത്തരം ടൈപ്പ്റൈററിങ്ങ് മെഷീൻസുകളും പുതുതായിനിരക്കിൽ ക്ലിപ്തസമയത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അൺഡർവുഡ്, റോയൽ, ഓലിവർ, കൊറോണ, ഡോവാർലോക്ക്, എംപയർ, എൽ. ഡി സ്മിത്ത്, പോർട്ടബിൾസു ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്. ആവശ്യക്കാർ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനാൽ കൺമേഷ്യൽകമ്പനി,
ഉഡ്സ് റോഡ്,
മൌണ്ട് റോഡ് മദ്രാസ്.

# സാഹിത്യപഠനം.

മാടശ്ശേരിൽ മാധവവാരിയർ, അരിപ്പാട്ട്.

## 1

### ആസ്വാദനവും പഠനവും

ഒരു കുട്ടിയ്ക്കു് എവിടെനിന്നോ ഒരു കവടി കിട്ടി. ബാല്യസഹജമായ കുതൂഹലത്താൽ അയാൾ അതിനെ പല പരീക്ഷണങ്ങൾക്കും ഉപയോഗിച്ചു.

*കവടിയും ഗ്രന്ഥവും*

ഒടുവിൽ ചെവിയുടെ സമീപത്തിലേക്കു അയാൾ അതിനെ കൊണ്ടുപോയി. ബാലൻ അത്ഭുതപരതന്ത്രനായി. ഒരു നേരിയ ഗാനമാധുരി അയാളുടെ കണ്ണുകളെ കുളുർപ്പിച്ചു. അയാൾ ഒരു കവി ആയിരുന്നെങ്കിൽ 'ആ ഗാനാത്മകമായ ശബ്ദം കവടിയുടെ മാതാവായ കടലിന്റെ ചെറുതരംഗങ്ങളുടെ ധ്വനിയുടെ മാറ്റൊലിയാണെന്നു്' ഉൽപ്രേക്ഷിക്കുമായിരുന്നു. പക്ഷേ അയാൾ ഒരു സാധാരണ ബാലൻ മാത്രമായിപ്പോയി. ശബ്ദരഹസ്യമെന്തെന്നറിയുവാനയാൾക്കു ആഗ്രഹമുണ്ടായി. അച്ഛന്റെ അടുക്കലേക്കു ഓടി അണഞ്ഞു അയാളുടെ ദൃഷ്ടിയിൽ അച്ഛനായിരുന്ന സർവ്വജ്ഞൻ ആ പിതാവിനു ഭൌതികതന്ത്രത്തിലല്പം ജ്ഞാനമുണ്ടായിരുന്നതിനാൽ 'മനുഷ്യന്റെ ശ്രവണേന്ദ്രിയത്തിനു ഗ്രഹിക്കുവാൻ സാധിക്കാത്തതായ അന്തരീക്ഷത്തിലുള്ള നേരിയ ശബ്ദത്തെ കവടിയുടെ വിള്ളലുകൾ സംഗ്രഹിച്ചുമാറ്റൊലിക്കൊള്ളിക്കുന്നതാണു് ഈ ശബ്ദം' എന്ന തത്വം വ്യാഖ്യാനിച്ചു മനസ്സിലാക്കിക്കൊടുത്തു.

സാഹിത്യപഠനത്തിനു് തുനിയുന്നവൎക്കും ഇത്തരത്തിലൊരനുഭവം ഉണ്ടാകും. ഒരു കവിത നമ്മളെ കണക്കറ്റു രസിപ്പിച്ചു എന്നു കരുതുക സഹൃദയനാണെങ്കിൽ അയാൾക്കു പരിതഃസ്ഥിതികളെ മുഴുവൻ വിസ്മരിച്ചു് 'അപേതശോക

*അസ്വാദനത്തിന്റെ അവധി (Limit)*

വ്യാമോഹമഖണ്ഡാനന്ദസുന്ദരവും അന്തർനിർവൃതദായകവും' ആയ ഭാവനാപ്രപഞ്ചത്തിലേക്കു് കുറച്ചു നിമിഷങ്ങളെങ്കിലും വിഹരിക്കുവാൻ സാധിക്കും. ഇതു് ആസ്വാദനംകൊണ്ടുമാത്രം സാധിക്കാവുന്ന ഒരു കാര്യമാണു്. എന്നാൽ സാഹിത്യം ആസ്വാദമധുരം മാത്രമല്ല ആലോചനാമൃതവുംകൂടിയാണു്. അതിനാൽ ആസ്വാദനം മാത്രം പോരാ പഠനവും സാഹിത്യവിഹാരത്തിനിറങ്ങുന്നവൎക്കു് അത്യാവശ്യമാണു

കവികൾ മനുഷ്യസമുദായത്തിന്റെ പ്രവാചകന്മാരാണു്. 'പൂവിൽമണമെന്ന'തുപോലെയോ മണിയിലൊളിയെന്ന പോലെയോ കവിയുടെ ആത്മാവു് കാവ്യത്തിൽ സ്ഥിതിചെയ്യുന്നുണ്ടു്.

*പഠനത്തിന്റെ ആവശ്യം.*

കാവ്യത്തിന്റെ നിഴലായി കവിയെ ചിന്തകന്മാൎക്കു കാണുവാൻ കഴിയും. കവി അറിഞ്ഞോ അറിയാതെയോ കവിയുടെ സമുദായത്തിനു അക്കാലത്തുണ്ടായിരുന്ന ആശകൾ, ആശങ്കകൾ, ആശയങ്ങൾ ഇവയെ കാവ്യത്തിൽ സൂചിപ്പിച്ചുകാണും. ഇവയൊക്കെ മനസ്സിലാക്കിയാലേ ആ കൃതി മുഴുവൻ പഠിച്ചു എന്നു പറയുവാൻ സാധിക്കൂ. പഠനംകൊണ്ടു മാത്രമേ ഒരു കൃതി മുഴുവൻ മനസ്സിലാക്കുവാനൊക്കുകയുള്ളു

സാഹിത്യാസ്വാദനത്തിനും പഠനത്തിനും ഇറങ്ങിപ്പുറപ്പെടുന്നവർ സാഹിത്യത്തിന്റെ സ്വഭാവം, ഗുണഗണങ്ങൾ, ഉദ്ദേശം, പ്രാമാണ്യം ഇവകളെക്കുറിച്ചു് അല്പമെങ്കിലും അറിഞ്ഞിരിക്കണമല്ലോ. ഭരതമുനി മുതൽ ഓരോ ആളുകൾ സാ

*സാഹിത്യമെന്നാലെന്തു്?*

ഹിത്യത്തിനും കാവ്യത്തിനും നിർവ്വചനം കണ്ടുപിടിക്കുവാൻ ശ്രമിച്ചു. അവകളെല്ലാം മിക്കവാറും സാഹിത്യത്തിന്റെ ഓരോ അംശങ്ങളെ മാത്രം സ്പർശിക്കുന്നവയാണു്. സർവ്വജനസമ്മതമായ ഒരു നിർവചനം സൃഷ്ടിക്കുവാൻ പ്രയാസപ്പെടുന്നതിൽഭേദം അതിന്റെ സ്വഭാവം, ഗുണങ്ങൾ, പ്രാമാണ്യം ഇവയെക്കുറിച്ചു് വിവരിക്കുക ആയിരിക്കുമെന്നു് എനിക്കു തോന്നുന്നു.

## 2

### സാഹിത്യത്തിന്റെ മൂന്നു സ്വഭാവങ്ങൾ.

സാഹിത്യം സുകുമാരകലകളിൽ ഒന്നാണു്. സത്യവും സൌന്ദൎയ്യവുമടിസ്ഥാനപ്പെടുത്തിയുള്ള ജീവിതപ്രതിപാദനമാണു് സുകുമാരകലകളുടെ ഉദ്ദേശം ഇതിനെ കുറച്ചുകൂടി വ്യക്തമാക്കാം. ലോകത്തിലുള്ള സത്യസൌന്ദൎയ്യങ്ങളുടെ ചില

*൧. കലാപരമായ വില.*

അംശങ്ങൾ കലാകാമുകന്മാരുടെ 'കണ്ണിൽപെട്ട'ന്നതുവരെ ലോകർ പൊതുവെ അതിനെക്കുറിച്ചറിഞ്ഞിരുന്നില്ല ഒരു കവിയോ, ചിത്രകാരനൊ, ശില്പിയൊ പകൎത്തുന്നതുവരെ അതിൽ സത്യവും സൌന്ദൎയ്യവുമടക്കൊള്ളുന്നുണ്ടായിരുന്നു എന്നു് നമ്മൾ അറിഞ്ഞിരുന്നില്ല ഒരു ഉദാഹരണംകൊണ്ടു ഇതു് ഒന്നുകൂടി വ്യക്തമാക്കാം എത്രായിരംപേർ പുലമാടങ്ങൾ കണ്ടിട്ടുണ്ടു്. അവിടുത്തെ ദുൎഗ്ഗന്ധവും അനാരോഗ്യപരവുമായ നടപടികളെക്കുറിച്ചുമേ നമ്മൾഓൎത്തിരുന്നുള്ളു. എന്നാൽ കവിയുടെ കണ്ണുകൾ ചാളയെ ചിത്രീകരിച്ചു. സരസ്വതീകടാക്ഷത്തിനു അവിടെയും സ്ഥാനമുണ്ടെന്നു നമ്മൾക്കു മനസ്സിലായി അശാന്റെ ചിന്തകളും ആശയങ്ങളും സ്വാതന്ത്ര്യത്തോടു് ചിറകുവച്ചു പറക്കുന്ന ദുരവസ്ഥയുടെ ആദ്യഭാഗം വായിച്ചുനോക്കുക. പിന്നിടു പുലച്ചാള കാണുക.

ഒരോ കവിയും ഓരോ 'ന്യൂട്ടൺ'തന്നെ ആണു്. പക്ഷെ കവികൾ എന്നു ഇവിടെ പറഞ്ഞതു് നാടോടിരീതികളിൽ കുഴിച്ചു വൃത്തംതെറ്റാതെ എഴുതാവുന്ന

*കവികൾ വളരെ കുറവു്*

വരെ അല്ല എത്ര 'കണക്കന്മാർ' ഉണ്ടു് ഈ ലോകത്തിൽ. അവരിൽ എത്രയോ ചുരുക്കംപേൎക്കു മാത്രമെ വാസ്തുവിദ്യയെക്കുറിച്ചു് സാമാന്യജ്ഞാനമെങ്കിലും ഉണ്ടായിരിക്കൂ ഈ ശില്പികൾ പണിഞ്ഞവയിൽതന്നെ കലാവിലാസത്തിനു ഉത്തമോദാഹരണങ്ങളായി പരിലസിക്കുന്ന കെട്ടിടങ്ങളെത്ര കുറവാണു്. ഇതുപോലെ ആണു് സാഹിത്യകാരന്മാരുടേയും അവസ്ഥ.

> കാണുവാനില്ലകണ്ണേതും
> കണ്ടാലില്ലറിവാൻമതി
> അറിഞ്ഞാലില്ലനാവോതാ-
> നഹോ കവികൾദുർല്ലഭർ.

വ്യാപ്തിയേറിയ പരിധിയിൽ സാഹിത്യം മനുഷ്യസമുദായത്തിനു് സംസ്കാരത്താലുള്ളവായ പുരോഗതിയുടെ എഴുതിയ ചരിത്രമാണു്. ചരിത്രവും, ശാസ്ത്രവും,

*സാഹിത്യവും സംസ്കാരവും*

തന്ത്രവും, കവിതയും കഥയും എല്ലാമിതിലുൾപ്പെടും. പരിധിയുടെ വ്യാപ്തിയെ കുറയ്ക്കുക. സാഹിത്യം കലാപരമായ ജീവിതപ്രതിപാദനമാണു. എഴുത്തുകാരുടെ മിക്ക കൃതികൾക്കു സാഹിത്യത്തിലപ്പോൾ സ്ഥാനമില്ലാതെആവും. വെയിലുംമഞ്ഞുമേൾക്കാതെ ഇരിക്കുവാനായി ഉണ്ടായിട്ടുള്ള മേൽക്കൂരകൾ ഒക്കെ വാസ്തുവിദ്യയുടെ പരമോദാഹരണങ്ങളാകുമോ? ഒരു ശാസ്ത്രഗ്രന്ഥവും ഒരു കഥയും ഒരു ചരിത്രവും സാഹിത്യഗ്രന്ഥങ്ങളായിത്തീരാം. പക്ഷെ അപ്പോൾ പ്രതിപാദനരീതിയെ ആണു നമ്മൾ നോക്കുന്നതു്.

രണ്ടാമത്തെ സ്വഭാവം വികാരോദ്ദീപനത്തിനു ചെറിയ സൂചനകൾകൊണ്ടു് സാധിക്കുമെന്നതാണു്. മറ്റു കല

*൨. കുടുകിലടച്ച കടൽ*

കളേക്കാൾ ഈ സ്വഭാവം സാഹിത്യത്തിനാണു കൂടുതലുള്ളതു്. കൃഷ്ണൻ അൎജ്ജുനനോടും 'കണ്ടുനായിടൊലാ കണ്ടതെല്ലാമഹം' എന്നു് പറയുമ്പോൾ ഒരു വിവാദസംഗതിയുടെ സംശയംതീൎക്കുവാനായി പൊന്നും വിളക്കും വച്ചു് സത്യംചെയ്യിക്കുകയല്ല കവി അവിടെ ചെയ്യുന്നതു്. ഈ മഹദ്വാക്യം പ്രപഞ്ചത്തിനേയും അതിന്റെ സൂത്രധാരനായ 'വിധി'യേയും കണ്ടാനന്ദിക്കുവാനുള്ള ഒരു മണിത്താക്കോൽ നമുക്കു തരുകമാത്രമാണു ചെയ്യുന്നതു് ഭാവനാസമ്പന്നനായ ഒരു സഹൃദയനു് ഈ വാക്കുകൾ എത്രനേരത്തേക്കു് ആനന്ദത്തിനു വഴിഉണ്ടാക്കികൊടുക്കുന്നു എന്നു മാത്രമോ? എത്ര ജന്മജന്മാന്തരങ്ങൾ പണിപ്പെട്ടാർജിച്ച പുണ്യത്താൽമാത്രം യോഗികൾക്കു് ലഭ്യമാവുന്ന ദിവ്യദൎശനം നമുക്കു ക്ഷണമാത്രംകൊണ്ടു സിദ്ധിക്കുന്നു ഈ സ്വഭാവം പ്രപഞ്ചസ്രഷ്ടാവായ നിയതികൃതമായ പ്രകൃതി എന്ന മഹാകാവ്യത്തിനും അതിന്റെ വൈതാളികന്മാരായ കവികൾക്കും മാത്രമാണു് അധികം സിദ്ധിച്ചിട്ടുള്ളതു. ഒരു ഉദാഹരണംകൂടി—

> സ്വാന്തനിഷ്ഠയതിനായ്കുളിച്ചുനിർ-
> ചിന്നുമീറനൊടു പൊയ്ക്കുതൻതടേ
> ബന്ധുരാംഗരുചിനേടിനിന്നുഷ-
> സ്സന്ധ്യപോലെയൊരുപാവനാംഗിയാൾ

നളിനിയിലെ ഒരു ചെറിയ പദ്യമാണിതു്. ഉഷഃസന്ധ്യ, പാവനാംഗി എന്ന വാക്കുകൾ നമ്മുടെ വിചാരങ്ങളേയും വികാരങ്ങളേയും ഏതെല്ലാം വഴിക്കു് തിരിച്ചുവിടുന്നു. പരിശുദ്ധത സൗകുമാര്യം ഇവ ഉൾക്കൊള്ളുന്ന ഒരു കന്യകാരത്നം നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. പ്രപഞ്ചത്തിലെ ഏററവും സുന്ദരമായ ഉഷഃസന്ധ്യയെ നളിനീപാരായണശേഷം വീക്ഷിക്കുമ്പോൾ നമ്മൾ പുളകം കൊള്ളാതിരിക്കയില്ല.

**ഒരു രൂപം 10 മററു സുകുമാരകലകളേക്കാൾ ഉള്ള മേന്മ.** എത്ര പണിപ്പെട്ടു് ഒരു ചിത്രകാരൻ വരയ്ക്കട്ടെ. എല്ലാവക്കും അതു് പരക്കെ ഇഷ്ടപ്പെട്ടു എന്നു വരുകയില്ല. ഒരാൾക്കു് ലോലഗാത്രിയെ ആണു ഇഷ്ടമെങ്കിൽ വേറൊരാൾക്കു് മാംസളമേനിയാളെ ആയിരിക്കും. പാശ്ചാത്യ പൗരസ്ത്യാദർശങ്ങൾവ ഭിന്നങ്ങളായിത്തീരും. എന്നാലിതൊന്നും സൽസാഹിത്യകാരനു് അന്വേഷിക്കേണ്ട. അദ്ദേഹത്തിൻെറ സൂചന വായനക്കാരുടെ ഹൃദയങ്ങളിൽ വേണ്ട ഗുണങ്ങൾ വിളയിപ്പിച്ചോളും ഇതിൽനിന്നു് നമുക്കു് വേറൊരു സ്വഭാവംകൂടി മനസ്സിലാക്കാം. അതായതു് സാഹിത്യം സൂചനകളെആണു് വർണ്ണനകളെക്കാൾ ബഹുമാനിക്കുന്നതു്.

**൩. അനശ്വരത്വം.** അനശ്വരത്വം എന്നതാണു് മൂന്നാമത്തെ സ്വഭാവം. ആദ്യം സൂചിപ്പിച്ച രണ്ടു സ്വഭാവവുമുണ്ടെങ്കിൽ മൂന്നാമത്തേതു്ഉണ്ടായിക്കൊള്ളും. മിന്നിട്ടുതോറും മാസികകളും പത്രങ്ങളും, മഹാസഭകളും, ഏതെങ്കിലുംവിധത്തിൽ പൊതുജനദൃഷ്ടിയിൽ വലിയവരായവരും മഹാകവികളെയും സാഹിത്യകാരന്മാരെയും നിയമിക്കുകയും ഇല്ലാതാക്കുകയുംചെയ്യുന്ന ഇക്കാലത്തു ആയിരക്കണക്കിനു് വദ്ധിക്കുന്ന പുസ്തകങ്ങളിൽ ഏതുനിലനില്ക്കുമെന്നു് പറയുവാനല്പം പ്രയാസം **സാഹിത്യവും സരിത്തും.** തന്നെ ആണു്. പക്ഷേ സാഹിത്യം ഒരു സരിത്തു ആണു്. വെള്ളപ്പൊക്കക്കാലത്തു് കൂലംകുത്തിമറിച്ചു് കരകലങ്ങി പ്രവഹിച്ചേക്കാം. ചണ്ടിയും ചവറുംകൊണ്ടു നിറഞ്ഞേക്കാം. പക്ഷെ ചണ്ടിമുഴുവൻ കാററുകൊണ്ടു ഒരു ദിക്കിലായി തടഞ്ഞുനിൽക്കയും അഴുക്കുമുഴുവനടിക്കു താഴുകയും ചെയ്യുവാനധികം താമസമില്ല. സാഹിത്യത്തിലും നല്ലവ നിലനിൽക്കും— 'ചീത്ത' നശിക്കയു ചെയ്യും.

**കാലം ഒരു സമ്പാദകനാണു്.** ലോകം വയറുനിറഞ്ഞതുകൊണ്ടു് തൃപ്തിയടയുന്നില്ല. സുന്ദരവസ്തുക്കളെ സൂക്ഷിക്കുവാൻ നിയതിക്കു പ്രത്യേകം പ്രതിപത്തിയുണ്ടു്. എത്ര നൂററാണ്ടുകൾ അടിച്ചുകയറി നാശത്തിനു ശ്രമിക്കട്ടെ. സത്യത്തിനും ധമ്മത്തിനുമെന്നതുപോലെ സൽസാഹിത്യത്തിനും നാശം സംഭവിക്കയില്ല. ഹോമറും വാല്മീകിയും വ്യാസനും ഫെർദ്ദൂസിയും കാളിദാസനും പോഷിപ്പിച്ച സാഹിത്യനദി ഒരിക്കലും വററിപ്പോകയില്ല തന്നെ.

3

## സൽസാഹിത്യഗ്രന്ഥങ്ങളെ എങ്ങിനെ തിരിച്ചറിയാം?

**രണ്ടു പരീക്ഷണങ്ങൾ.** അതിനു് രണ്ടു പരീക്ഷണങ്ങളുണ്ടു്. അവകളെന്തെല്ലാമാണെന്നടിയിൽ വിവരിക്കുവാൻ ശ്രമിക്കാം.

**താൽക്കാലികങ്ങൾ.** ഗ്രന്ഥങ്ങളെ 'താൽക്കാലികങ്ങൾ' എന്നും 'അനശ്വരങ്ങൾ' എന്നും രണ്ടായി തിരിക്കാം. അല്പകാലത്തേക്കു മാത്രമാളുകളെ ആകർഷിക്കുവാൻ ശക്തിഉള്ളവ ഒന്നാമിനത്തിൽപെടുന്നു. സമുദായവൈരം, കൃത്രിമാചാരങ്ങൾ, വർഗ്ഗീയവഴക്കു് ഇങ്ങനെ മനുഷ്യസമുദായത്തിൻെറ ഉപരിയായി ബുൽബുദങ്ങൾപോലെ ഉണ്ടായി നശിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ളവയാണു് ഇവ. പത്രങ്ങളിലും മാസികകളിലും ഇവയാണധികഭാഗവുമധീനപ്പെടുത്തുന്നതെങ്കിലും ഇവക്കു ശാശ്വതമായ സ്ഥാനമില്ല ഉദാഹരണമായി നമ്മുടെ മുൻതലമുറക്കാർ, 'ആകാശത്തോളം' സ്തുതിച്ച പല ഗ്രന്ഥങ്ങൾക്കും സ്ഥാനം നക്ഷത്രലോകത്തിൽ മാത്രമല്ലേ ഉള്ളു. നേരേമറിച്ചു തുഞ്ചനും കുഞ്ചനും, ചെറുശ്ശേരിയും എന്നും ആരാദ്ധ്യപുരുഷരായി വത്തിക്കുന്നില്ലേ, അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണു ?

**'അനശ്വരത്വം' എങ്ങിനെ.** ഉദ്യോഗപ്പായസവിതരണത്തിനുള്ള പടിത്തരവും, ജനസംഖ്യാനുപാതമായ നിയമസഭാസ്ഥാനം നീക്കിവക്കലും ജതിവിഭാഗപ്പട്ടികയുമല്ല മനുഷ്യസമുദായത്തിൻെറപൊതുസ്വത്തു്. സ്നേഹം,ദ്വേഷം,മോദം,സങ്കടം, **മനുഷ്യൻെറ പൊതുസ്വത്തു്.** വിശ്വാസം എന്ന പ്രാഥമിക വികാരങ്ങളാണു് അവ. അവകളെ എത്രമാത്രം പ്രചോദിപ്പിക്കുവാനൊരുകൃതിക്കു ശക്തിയുണ്ടോ അത്രയും കൂടുതൽ സാഹിത്യത്തിലതിനു സ്ഥാനവുമുണ്ടു്. കാപ്പിരിയാവട്ടെ, എസ്കിമോ ആകട്ടെ, ആഫ്രിഡിയാവട്ടെ വിരത്വമെന്നൊരു ഗുണമവരുടെ ഹൃദയത്തിൽ കുടികൊള്ളുന്നിടത്തോളംകാലം ഹോമറും വ്യാസനും അവർ വായിച്ചാൽ ഇഷ്ടപ്പെടും. ഏതച്ഛനാണു് കൃഷ്ണലീലാപ്രസംഗം രുചിക്കാത്തതു്. ഇഡീപ്പസ്സിൻെറയും ലീയറുടെയും, അഭിമന്യുവിൻേറയും ദശരഥൻെറയും അവസാനകഥ ആരുടെ ഹൃദയമാണു് അലിയിക്കാത്തതു്. 'മഹാഭാരതമാവട്ടെ മൃഛകടികമാകട്ടെ പ്രാഥമികവികാരങ്ങളെ സമ്യക്കാകുംവണ്ണം സ്പർശിക്കുവാൻ, മർദ്ദിക്കുവാൻ, അതിനു സാധിക്കുമോ എന്നാലതു് സാഹിത്യത്തിൽ സുസ്ഥാപിതമായ സ്ഥാനം കൈക്കലാക്കിക്കൊള്ളും. അത്തരമല്ലാത്ത കൃതികളെ ഏതു സാഹിത്യചക്രവത്തിഎങ്കിലും 'പൊയ്ക്കാലേൽ'നിറുത്തി തിവട്ടികത്തിച്ചു ആകർഷിക്കുവാൻ ശ്രമിച്ചാലും യാതൊരു ഫലവുമില്ല

**2. ശയ്യാഗുണം.** മുമ്പ പറഞ്ഞ പരിക്ഷണം കാവ്യത്തിൻെറ ഇതിവൃത്തത്തെയും അതിൻെറ പ്രതിപാദനത്തെയും സ്പർശിക്കും. അടുത്തതു കത്താവും കൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണു്. 'ശയ്യാഗുണമെന്നു'' ഇതിനു പറയാം. 'ചിന്തയുംചേർന്നപ്രതിപാദനമെന്നോ' 'ചിന്തയെ വാഗ്രൂപത്തിൽ വിവത്തനംചെയ്യുവാനുള്ള പ്രത്യേകത'യെന്നോ മാത്രമെ സാധാരണ ഈ പദത്തിനെ ശാസ്ത്രകാരന്മാർ വ്യാഖ്യാനിക്കു. ഇവിടെ അതല്ല വിചാരി ത ച്ചിരിക്കുന്നതു്. അറിഞ്ഞോ അറിയാതെയൊ കത്താവിൻെറ സ്വഭാവം കൃതിയിൽ രൂപകരുന്നു. കത്താവിൻെറ ഹൃദയമുകുരത്തിൽക്കൂടി പ്രതിഫലിക്കുന്ന ആശയത്തിൽ അയാളുടെ ജീവിതാംശമെത്രമാത്രം ഇടകലന്നിരിക്കുമോ അത്രമാത്രം കാവ്യത്തിനു ജീവിതം വർദ്ധിക്കും

ഈ ആത്മീയമയാംശമായ ശയ്യാഗുണവും പ്രാഥമികവികാരങ്ങളെ സ്പർശിക്കുവാനുള്ള ശക്തിയും ഏതു കൃതിക്കുണ്ടോ അതു് സൽസാഹിത്യവേദിയിൽ ഒരു സ്ഥാനം ഇന്നല്ലെങ്കിൽ നാളെ കൈക്കലാക്കിക്കൊള്ളും.

## സാഹിത്യപഠനത്തിൻെറ ഉദ്ദേശങ്ങൾ.

**മനുഷ്യനെ മനസ്സിലാക്കുക.** പാടിയോ, വായിച്ചോ രസിച്ചു ലയിക്കുവാനും ആലോചിച്ചു വികാരങ്ങളെ ഉദ്ദീപിപ്പിക്കുവാനുംമാത്രമല്ല സാഹിത്യംഉപകരിക്കുന്നതു് വേറെ ഒരു വലിയ ഉദ്ദേശംകൂടി അതിനുണ്ടു്. സാധാരണഭാഷയിൽ പറയുകയാണെങ്കിൽ 'മനുഷ്യനെ അറിയുക'എന്നതാണു് അതു്. മനുഷ്യൻ ഒരു 'ദ്വന്ദ്വ' ജീവിയാണു്. **പിശാചും ദേവതയും** പണി എടുക്കുന്ന പിശാചും, സ്വപ്നംകാണുന്ന ദേവതയും ഒന്നൊരുമിച്ചു ഒരു രൂപമാണയാൾ. 'ദേവത'യുടെ ചരിത്രം സാധാരണചരിത്രഗ്രന്ഥത്തിൽ കാണുകയില്ല. ഓരോ ആദർശങ്ങളെക്കുറിച്ചു അനേകവർഷങ്ങൾ ചിന്തിച്ച ദിവ്യദൃക്കുകളുടെ വീക്ഷണഫലങ്ങളെ പ്രവൃത്തിരൂപത്തിലേക്കു പരാവത്തനംചെയ്യുവാൻ ഉള്ള ശ്രമങ്ങളാണു് ഓരോ ചരിത്രസംഭവവും. അവ എന്നു നടന്നെന്നും അനന്തരഫലങ്ങളെന്തെന്നും ചരിത്രം പറയുന്നുണ്ടെങ്കിലും അവയുടെ പുറകിലുണ്ടായിരുന്ന മനഃശക്തിയുടെ സൂക്ഷ്മരൂപം മനസ്സിലാക്കുവാൻ ചരിത്ര**ചരിത്രവും സാഹിത്യവും**പഠനംമാത്രം പോരാ ഇതിനു 'രംഗസ്വാമി'യുടെ ചരിത്രത്തേക്കാൾ വാല്മീകിയുടെ കാവ്യത്തിനാണു് കൂടുതൽ സാധിക്കുന്നതു്. രാമായണത്തിലെ ഏതുപുറവും മറിച്ചുനോക്കുക; ആര്യന്മാരുടെ സ്വഭാവത്തെ എത്ര സൂക്ഷ്മമായി അതു പ്രതിഫലിപ്പിക്കുന്നു. സങ്കല്പവായുവിമാനത്തിലേറി ഭൂതകാലാകാശവീഥിയിൽക്കൂടി നമ്മെ നയിച്ചു് രസിപ്പിക്കുവാൻ സാഹിത്യകാരനാണു് ചരിത്രകാരനേക്കാൾ എളുപ്പം. ആര്യന്മാരെക്കുറിച്ചു വാല്മീകിയും വ്യാസനും തരുന്ന അറിവു മററു ചരിത്രകാരന്മാർ നാൾ**ചരിത്രത്തെക്കാൾ സാഹിത്യത്തിനുള്ളമെച്ചം.**കുന്നില്ല. ഹനുമാനു വാലുകൊടുത്തു വികൃതപ്പെടുത്തുവാൻമാത്രമല്ല അവർ ശ്രമിച്ചതു്. സ്ത്രീസൌന്ദയ്യത്തിൻെയും, മാധുയ്യത്തിൻേറയും സ്നേഹത്തിൻേറയും, ത്യാഗത്തിൻേറയും ആദർശശുദ്ധിയെക്കുറിച്ചു ഉള്ളലിയിക്കത്തവണ്ണം പ്രതിപാദിക്കുവാനവക്കു് കഴിഞ്ഞിരുന്നു. 'നീ നിൻെറ കമ്മംചെയ്യുക ഫലത്തെക്കുറിച്ചു ചിന്തിക്കുവാനവകാശമില്ല' എന്നുപദേശിക്കുവാൻ പ്രവൃത്തികൊണ്ടുതാനർഹനാണെന്നു കാണിക്കുന്ന ഒരു ശ്രീകൃഷ്ണനെ സൃഷ്ടിക്കുവാനോ പരിരക്ഷിക്കുവാനോ വ്യാസനു സാധിച്ചു. വ്യാസനും കൂട്ടരുമില്ലായിരുന്നെങ്കിൽ കൃഷ്ണനും രാമനും, ജ

നകനും സജീവരായിവന്നു് ഇന്നും നമ്മെ ഉപദേശിക്കുവാൻ സാധിക്കുമായിരുന്നോ? കവി കാലാതീതനാണു്.

കാലം കബളമാക്കീടും
കനിഞ്ഞുരഘുവീരനെ
വാല്മീകിയിന്നുംവാഴിപ്പൂ
മഹാരാജാധിരാജനായ്.

അരിസ്റ്റാട്ടിൽ 'കാവ്യം ചരിത്രത്തെക്കാൾ ഗഹനവും, തത്വചിന്താപരവുമാണെന്നു' പറഞ്ഞതു തെററാണെന്നു വാദിച്ചു സമർത്ഥിക്കുവാനിനിയും കാലമായിട്ടില്ല. ഗീഥെ 'വിശ്വത്തെ മനുഷ്യമയമാക്കിത്തീർക്കുകയാണു സാഹിത്യംചെയ്യുന്നതു്' എന്നുപറഞ്ഞതും ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

5.

## സാഹിത്യത്തിൻെറ പ്രാമാണ്യം.

'പുതിയകഥ'പോലെ വായിച്ചുരസിക്കുവാനുള്ള ഒന്നല്ല സാഹിത്യം. അതു് ജനതയുടെ ആദർശങ്ങളെ സംരക്ഷിക്കും. ആ ആദർശങ്ങൾ സത്യം, സ്നേഹം, വിശ്വാസം, ധർമ്മം, മമത, സ്വാതന്ത്ര്യം ഇവകളാണു താനും.

*ആദർശ സംരക്ഷണം.*

മിക്ക വിദ്യകളിലും ആര്യന്മാരും ഗ്രീക്കുകാരും സ്വവിദിതരായിരുന്നു. എന്നാലവരുടെ ഭഗീരഥപ്രയത്നത്തിലല്പാംശമേ നമുക്കു ലഭിച്ചിട്ടുള്ളു. കാലംകഴിയുമ്പോൾ പൊടിഞ്ഞുപോകുന്ന ശിലാരൂപങ്ങൾകൊണ്ടു സൗന്ദര്യത്തിൻെറ പൂർണ്ണരൂപത്തെ സംരക്ഷിക്കുവാനവർ ശ്രമിച്ചു. എന്നാലവ നശിച്ചു സാഹിത്യത്തിൽ ആദർശങ്ങളെ അവർ സംരക്ഷിച്ചു. ഹോമറിൻെറയും വ്യാസൻെറയും വാല്മീകിയുടെയും കാഹളശബ്ദം ഇന്നും എന്നും ലോകർക്കു സുപരിചിതംതന്നെ 'നീ നിൻെറ കർമ്മംചെയ്യു ലോകത്തിൻെറ പുരോഗതിക്കതാണു മാർഗ്ഗം' എന്ന കൃഷ്ണോപദേശത്തെ സംരക്ഷിക്കുന്ന വ്യാസനെ എത്ര വാഴ്ത്തിയാൽ മതിയാവും.

*പ്രാമാണ്യം.*

'ദിവാസ്വപ്നംകണ്ട കവികളുടെ പ്രവചനരൂപമായ പ്രലപനങ്ങളുടെ പരിണാമഫലമാണു ഇന്നത്തെ സംസ്കാരം.'

സംസ്കാരം, സ്വാതന്ത്ര്യം, പുരോഗതി, മതം ഇവ ആദർശങ്ങൾ എന്ന ഉറച്ച അടിസ്ഥാനത്തിലാണു് കെട്ടിപ്പടുത്തിരിക്കുന്നതു്. ആദർശങ്ങൾ അടിസ്ഥാനമാക്കാതെ തുടങ്ങുന്ന ഏതു പ്രസ്ഥാനവും 'ചീട്ടുകൊണ്ടുകെട്ടിയ വീടു'പോലെ മറിഞ്ഞുവീണുപോകും. ഈ ആദർശദീപത്തെ അണയാതെ സൂക്ഷിക്കയും അവയെക്കുറിച്ചു് അനുനിമിഷം സരസമായി സ്മരിപ്പിക്കയും ചെയ്യുന്ന 'സരസ്വതീദേവിയുടെ കടക്കണ്ണിനു്' എത്രകോടി വന്ദനങ്ങൾ കൊടുത്താൽ മതിയാകും.

*ആദർശസംരക്ഷണവും സാഹിത്യവും.*

മനുഷ്യർ, സമുദായം, പരിഷ്കാരം ഇവ നശിച്ചുപോകാം. എന്നാൽ സാഹിത്യം ഗിരിമുകളിലെ ലോഹമന്ദിരംപോലെ പ്രളയകാലംവരെ നിലനിൽക്കും. സൽസാഹിത്യത്തിൻെറ, സ്വഭാവം, ഗുണഗണം, ഉദ്ദേശം, ആവശ്യം, പ്രാമാണ്യം ഇവയെക്കുറിച്ചു് ഏകദേശജ്ഞാനം സിദ്ധിച്ചല്ലൊ. 'സത്യത്തെയും സൌന്ദര്യത്തെയും അടിസ്ഥാനപ്പെടുത്തി വാഗ്രൂപത്തിലുള്ള ജീവിതപ്രതിപാദനമാണു്' സാഹിത്യം. മനുഷ്യാത്മാവിനു് സംസ്കാരത്താൽ സിദ്ധിച്ചിട്ടുള്ള പുരോഗതിയാണു പ്രതിപാദ്യവസ്തു ആശകളും ആശയങ്ങളും ആശങ്കകളുമാണു് അതിൻെറ ജീവൻ. മനുഷ്യമാനസത്തിൻെറ എഴുതിയിട്ടുള്ള ഏകചരിത്രമാണു സാഹിത്യം.

*ഉപസംഹാരം.*

കലാപരവും സൂചനകൊണ്ടു് വികാരോദ്ദീപനത്തിനു് വകയുള്ളതും, അനശ്വരതാവുമാണതിൻെറ മൂന്നു പ്രത്യേകസ്വഭാവങ്ങൾ. എല്ലാവർക്കും ഇഷ്ടപ്പെടുന്ന പ്രാഥമികവികാരങ്ങളെ സ്പർശിക്കുവാനുള്ള വ്യാപ്തിയും ആത്മീയമയാംശസങ്കലനവുമാണു് ഈ 'അനശ്വരത്വ'ത്തെ കൊടുക്കുന്ന ഗുണഗണങ്ങൾ. ആനന്ദത്തെ തരുന്നതുകൂടാതെ സ്വഭാവസംസ്കാരത്തെയും, പരഹൃദയജ്ഞാനത്തെയും അതു നമ്മൾക്കു നൽകുന്നു. ആദർശദീപത്തെ അണയാതെ രക്ഷിക്കുന്നതിനാൽ അതു് സംസ്കാരപുരോഗതിയുടെ പ്രധാനഭാഗമാണു്. സംസ്കൃതഹൃദയത്തിൻെറ ഇഷ്ടതോഴി 'സരസ്വതീദേവി'യാണു്.

---


**1935**

12 താം കലണ്ടർ

ഇനാം!

**PURE SILK.**

$2\frac{1}{2}$ വീതി 5 മുഴം ഒന്നാന്തരം

ഗാറൻറിയുള്ള

ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4·

30–1 35 വരെ

വില കുറച്ചിരിക്കുന്നു.

ഡസൻകണക്കിനു വാങ്ങുന്നവർക്കു

ഡസനു് Rs. 25·

പട്ടുജവുളിത്തരങ്ങളുടെ

ക്യാററ്ലാഗ് സൗജന്യം:

ടി. ആർ. ലൂംസ് കമ്പനി,

205 ഈസ്റ്റുവെളിസ്ട്രീറ്റ് മധുര.

**T. R. LOOMS Coy.,**

205 East Veli St. MADURA.



# നാളികേരമാർക്ക

(കോക്കൊനട്ട്ബ്രാൻറ്.)

"ലോട്ടസ്ഹണി." കഴിഞ്ഞ കറാച്ചികാൺഗ്രസ്സ്പ്രദർശനത്തിൽ മെഡലുകളും സർട്ടിഫിക്കററുകളും ലഭിച്ചതു്. ഇതു ഒരു പ്രകൃതിലബ്ധമായ ഔഷധമാണു്. സകല നയനരോഗങ്ങളേയും ശമിപ്പിക്കുന്നു. തിമിരം, ഗ്ലാക്കോമാ മുതലായവപോലും ശസ്ത്രക്രിയകൂടാതെ ഭേദമാകുന്നു. ഡ്രാമിനു 2 രൂ. വിലകൂടാതെ കിട്ടുന്ന പുസ്തകത്തിനു അപേക്ഷിക്കുക.

**New Formula Co Kandi, Bengal.**

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ ആയിരിക്കണം.




## സൈൻറിഫിക്ക് സ്വർണ്ണാഭരണങ്ങൾ

—*—

(തനി സ്വർണ്ണത്തിനു പകരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവൺമെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്




പുതിയ ക്യാററലാഗ് ഇനാം

**The Scientific Gold Bangles Co., Ltd,**

Head Office:- 43, Byragimatam Street,.

Post Box No. 203. MADRAS



# "ഗുപ്തമന്ത്രം.

൧00-ക. ഇനാം.

ലക്ഷക്കണക്കിനു രൂപാചിലവാക്കിയാലും സാധിക്കാത്തകാര്യങ്ങൾ ഈ മന്ത്രം ഏഴുതവണ ജപിച്ചാൽ സാധിക്കുന്നതാണു്. ഫലപ്രാപ്തിക്കു വിഷമകരമായ അനുഷ്ഠാനങ്ങൾ യാതൊന്നും വേണ്ട. പ്രത്യേകം യാതൊന്നും കരുതേണ്ടതായിട്ടുമില്ല. നിങ്ങൾ ആഗ്രഹിക്കുന്നസ്ത്രീ കഠിനഹൃദയയും, അഹംഭാവിയുമായാൽപോലും നിങ്ങൾ ഈ മന്ത്രം പാരായണംചെയ്തുകഴിഞ്ഞാൽ നിങ്ങളിൽ അനുരക്തയാകുകയും, എന്നും നിങ്ങളോടുകൂടിയിരിക്കുന്നതിനു ആഗ്രഹിക്കുകയും ചെയ്യും. ഇതു് ഒരു വശീകരണമന്ത്രമാണു്. നിങ്ങളെ അതു് ഭാഗ്യവാനാക്കും; ഉദ്യോഗവും കയററവും നൽകും, വ്യവഹാരങ്ങളിൽ വിജയംതരും, വ്യാപാരത്തിൽ ലാഭമുണ്ടാക്കും വ്യത്യാസം വരുന്നതായി തെളിയിച്ചാൽ 100 ക. ഇനാം.

തപാൽചിലവുൾപ്പടെ വില 2. ക 7 ണ

ഇംഗ്ലിഷിൽ അപേക്ഷിക്കുക.

Siddh Mantra Ashram,
No. 173, P. O. Katrisarai,
(Gaya).



## വെൺകുഷ്ഠവും പാണ്ടും.

ഈ ഔഷധം ഏതാനുംദിവസം ഉപയോഗിക്കുന്നതായാൽ വെൺകുഷ്ഠവും പാണ്ടും നിശ്ശേഷം ശമിക്കുന്നു. നൂറുനൂറു ഹാക്കിംമാരും ഡാക്ടർമാരും കവിരാജന്മാരും പരസ്യങ്ങളും വിചാരിച്ചിട്ടും ഭേദമാക്കാൻ സാധിക്കാത്ത ഈ ഭയങ്കരരോഗത്തെ ഈ ഔഷധത്താൽ പൂർണ്ണമായി മാററുക നിഷ്ഫലമെന്നു തെളിയിച്ചാൽ 500-ക. ഇനാം.

അപേക്ഷ ഇംഗ്ലീഷിൽ.

Vidyaraj Akhil Kishore Ram,
No. 222. P. O. Katrisarai
(Gaya).

ജീവചരിത്രം.

# മഹാകവി രവീന്ദ്രനാഥടാഗ്ഗൂർ.

ഏ. ആർ. പുരുഷോത്തമൻകത്താ, കോട്ടയം.

രവീന്ദ്രനാഥടാഗ്ഗ്രറിൻെറ ജനനം ബംഗാളിലുള്ള ഒരു മാന്യകുടുംബത്തിലായിരുന്നു. ഈ കുടുംബത്തിൽ രവീന്ദ്രനു മുൻപുതന്നെ അനേകം വിദ്വാന്മാരും കവികളും ഉണ്ടായിരുന്നിട്ടുണ്ട്. രവീന്ദ്രൻെറ പിതാവായ മഹർഷി ദേവേന്ദ്രനാഥടാഗ്ഗ്രറും ബംഗാളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിരുന്ന ഒരു മാന്യനായിരുന്നു. ഇദ്ദേഹത്തിനു 'മഹർഷി' എന്നു കൂടി പേരുസിദ്ധിക്കുവാൻ കാരണം ഇദ്ദേഹത്തിൻെറ സഹനശക്തി, പരോപകാരതൽപരത, ദയ, ക്ഷമ മുതലായ സദ്ഗുണങ്ങളാണു്.

മഹർഷി ദേവേന്ദ്രനാഥൻെറ കൽക്കത്തായിലുള്ള ഭവനത്തിൽ 1861-ൽ കഥാനായകൻ ഭൂജാതനായി. രവീന്ദ്രൻെറ മാതാവു് മാന്യയും സുശീലയും ആയിരുന്നു മാതാപിതാക്കന്മാരുടെ ഈ അനർഘഗുണങ്ങൾ മുഴുവനും ചെറുപ്പത്തിൽതന്നെ രവീന്ദ്രനിലും തെളിഞ്ഞുകാണ്മാനുണ്ടായിരുന്നു. എന്നാൽ ഏറെനാൾ മാതാവിൻെറ മടിയിലിരുന്നു വളരുന്നതിനോ, മാതൃശിക്ഷണം ലഭിക്കുന്നതിനോ കഥാനായകനു ഭാഗ്യം ഉണ്ടായിരുന്നില്ല. പിതാവു്, മാതാവിൻെറ മരണാനന്തരം, ഈശ്വരചിന്തയിലും മററു ആത്മികകാര്യങ്ങളിലും വ്യാപൃതനായിരുന്നതുകൊണ്ടു് രവീന്ദ്രൻ പ്രകൃതിയുടെ മടിയിൽതന്നെയാണു വളൎന്നുവന്നതു്. പിന്നെ സ്വാമിഭക്തരായ ഭൃത്യന്മാരും ഈ ബാലനിൽ പ്രത്യേകമായി ദൃഷ്ടിവച്ചിരുന്നു. ഇക്കാരണങ്ങളാൽ നമ്മുടെ ബാലൻ ചെറുപ്പത്തിൽതന്നെ ഏകാന്തവാസത്തെ കൂടുതൽ ഇഷ്ടപ്പെട്ടു. ഇതേപ്പററി അദ്ദേഹത്തിൻെറ ഒരു ഇംഗ്ലീഷ്മിത്രത്തിനോടു് അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുണ്ടു്. "എൻെറ ചെറുപ്പകാലത്തെക്കുറിച്ചു എനിക്കു വിശേഷവിധിയായി പറയുവാനുള്ളതു്, ഞാൻ ഏകാന്തതയെ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നുവെന്നുള്ളതാണു്. ഞാനും പിതാവും തമ്മിൽ അന്നു് വല്ലപ്പോഴുമൊക്കെയെ പരസ്പരം കണ്ടിരുന്നുള്ളു. അദ്ദേഹം ആത്മികകാര്യങ്ങളിൽ വ്യാപൃതനായിരുന്നുവെങ്കിലും, അദ്ദേഹത്തിൻെറ ആജ്ഞ മുൻപിലത്തേതുപോലെതന്നെ നടന്നിരുന്നു ജയിൽപുള്ളകളെ ശിപായിമാർ സൂക്ഷിക്കുന്നതുപോലെ, എന്നെ ആ സ്വാമിഭക്തന്മാരായ ഭൃത്യന്മാർ സൂക്ഷിച്ചുപോന്നു. ഇവർതന്നെയായിരുന്നു ബാല്യകാലത്തെ എൻെറ കൂട്ടുകാരും മററും. നല്ല ഓർമ്മയില്ലെങ്കിലും, ചെറുപ്പത്തിൽതന്നെ എനിക്കു പ്രകൃതിനിരീക്ഷണം വളരെ കൌതുകമുള്ള ഒന്നായിരുന്നു. ഒന്നിനമീതെ ഒന്നായി ആകാശത്തിൽ സഞ്ചരിക്കുന്ന മേഘക്കൂട്ടങ്ങൾ കാണുമ്പോൾ അന്നെനിക്കു് ഉണ്ടാകാറുണ്ടായിരുന്ന സന്തോഷം ഇന്നും അവാച്യമാണു്. പ്രകൃതിനിരീക്ഷണാവസരത്തിൽ ഞാൻ, അന്നനുഭവിച്ചുപോന്ന ആ സ്വൎഗ്ഗീയസുഖം എത്രമാത്രമെന്നുപറഞ്ഞുകൂടാ. പ്രകൃതിനിരീക്ഷണത്തിൽ വ്യാപൃതനായിരുന്ന ഞാൻ അന്നെന്തെല്ലാം നവീനങ്ങളായ സൌന്ദര്യങ്ങൾ ദർശിച്ചിരുന്നു!"

തൻെറ കവിതകളുടെ മുഴുവൻരഹസ്യം ഈ പ്രകൃതിനിരീക്ഷണഫലമായിട്ടുണ്ടായിട്ടുള്ളതാണെന്നു അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്. അതങ്ങനെ നിൽക്കട്ടെ

രവീന്ദ്രനു സ്കൂൾവിദ്യാഭ്യാസം വളരെ കുറച്ചുമാത്രമെ സിദ്ധിച്ചിരുന്നുള്ളു. കാരണം അന്നത്തെ ഗുരുശിഷ്യബന്ധം അത്ര കഠിനമായിരുന്നു. അന്നു് സ്നേഹപൂർവകമായ വിദ്യാഭ്യാസം അദ്ധ്യാപകന്മാർ നൽകിയിരുന്നില്ല. പ്രത്യുത, താഡനവും ഭയപ്പെടുത്തലുമായിരുന്നു അന്നത്തെ വിദ്യാഭ്യാസത്തിൻെറ പ്രധാനലക്ഷണം. രവീന്ദ്രനു സ്കൂളിൽ ഈ അനുഭവമാണു് ആദ്യമായി ലഭിച്ചതു്. അദ്ദേഹം തൻെറ ജീവചരിത്രത്തിൽ ഒരിടത്തിങ്ങനെ പറയുന്നു. "ഞങ്ങളുടെ സ്കൂളിൽ നിർദ്ദയനായ ഒരദ്ധ്യാപകൻ ഉണ്ടായിരുന്നു എല്ലാവരും നിർദ്ദയർതന്നെ, പക്ഷെ ഇദ്ദേഹം പ്രത്യേകിച്ചുംനിർദ്ദയനായിരുന്നു. ഏതോ ഒരു നിസ്സാരകാരണത്തിന്മേൽ ഒരുദിവസം അദ്ദേഹം എന്നെ, തൊപ്പികൂടി ഊരിച്ചിട്ടു കുറെമണിക്കൂർനേരത്തേക്കു വെയിലത്തുനിർത്തി. മററുവിദ്യാൎത്ഥികളെ ഇതിലും ക്രൂരമായവിധത്തിൽ ശിക്ഷിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്." ഇക്കാരണത്താൽ അദ്ദേഹം സ്ക്കൂൾപഠിത്തം നിൎത്തിവെച്ചു. മററുവിദ്യാൎത്ഥികളിൽ ചിലരും രവീന്ദ്രൻെറ നിർബന്ധാനുസരണം അദ്ദേഹത്തെ അനുഗമിച്ചു അദ്ദേഹം തുടൎന്നുപറയുന്നു. "അന്നു്, ബൂട്ട്സിൽ വെള്ളംഒഴിച്ചു കാലിൽധരിക്കുക, തലയിലുംമററും വെള്ളംപുരട്ടിയിട്ടു തുവർത്താതെയിരിക്കുക മുതലായവ എൻെറ നിത്യത്തൊഴിലായിരുന്നു. അങ്ങനെചെയ്താൽ പനിവരുകയും തൻമൂലം സ്ക്കൂളിൽപോകാതിരിക്കയുംചെയ്യാമല്ലോ എന്നു ഞാൻ ആഗ്രഹിച്ചു." രവീന്ദ്രനെപ്പോലെ സരളസ്വഭാവത്തോടുകൂടിയ ഒരു കുട്ടിയെ നിർബന്ധിച്ചു സ്ക്കൂളിലയയ്ക്കുന്നതു വിഹിതമല്ലെന്നുവിചാരിച്ചു, അദ്ദേഹത്തിൻെറ പിതാവു രവീന്ദ്രനു് വീട്ടിലിരുന്നു പഠിക്കുന്നതിനു വേണ്ടസൌകര്യങ്ങൾ ചെയ്തുകൊടുത്തു. ദേവേന്ദ്രനാഥൻ ഒരു സംസ്കൃതചിത്തനായിരുന്നു. അദ്ദേഹത്തിൻെറ മക്കൾ കുട്ടികളെ അവൎക്കിഷ്ടമുള്ളമാർഗ്ഗത്തിൽകൂടെ പോകാനനുവദിക്കണമെന്നുള്ളതായിരുന്നു രവീന്ദ്രൻ, കാവ്യം, നാടകം, സംഗീതം, ചിത്രമെഴുത്തു ഇവ അധികമിഷ്ടപ്പെട്ടിരുന്നു. പരിഷ്കൃതമാനസനായ ദേവേന്ദ്രനാഥൻ സ്വപുത്രനെ അദ്ദേഹത്തിനിഷ്ടമുള്ളവഴിയെ നയിച്ചു. രവീന്ദ്രൻ വളരെവേഗത്തിൽ മുൻപറഞ്ഞകലകളിൽ അതിനൈപുണ്യം സമ്പാദിക്കുകയും ചെയ്തു ഒരു കവിക്കുണ്ടായിരിക്കേണ്ട പ്രതിഭാശക്തി അദ്ദേഹത്തിനു ജന്മസിദ്ധമായിരുന്നു.

തൻെറ 18-ാമത്തെവയസ്സിലൊ 19-ാമത്തെവയസ്സിലൊആണു് രവീന്ദ്രൻ ഒരു കവിയുടെനിലയിലറിയപ്പെട്ടുവാൻ തുടങ്ങിയതു്. അന്നു അദ്ദേഹം രചിച്ച 'പ്രഭാതസംഗീതം', 'സാന്ധ്യസമീർ', 'മൃത്യുകാഅമരത്വ' (മൃത്യുവിൻെറ അമരത്വം) ഇവയ്ക്കു ബംഗാളിൽ നല്ലപ്രചാരംസിദ്ധിച്ചു.

രവീന്ദ്രൻ പതിനാറാമത്തെ വയസ്സിലാണു ആദ്യമായി ഇംഗ്ലണ്ടിൽ പോയതു് അവിടെ ഒരുസംവത്സരം പ്രസിദ്ധ ഇംഗ്ലീഷുസാഹിത്യകാരനായ ജോൺ മോർലേയുടെഅടുക്കൽ അദ്ദേഹം ഇംഗ്ലീഷുസാഹിത്യം അഭ്യസിച്ചു. ഒരിക്കൽ അദ്ദേഹം ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്ററാകണമെന്നാഗ്രഹിച്ചു. എന്നാൽ ദൈവം നിശ്ചയിച്ചതു അദ്ദേഹം ഒരു വിശ്വവിഖ്യാതനും നോബൽസമ്മാനാർഹനുമായ കവിയായിത്തീരണമെന്നായിരുന്നു. അതു അപ്രകാരംതന്നെ സംഭവിക്കുകയുംചെയ്തു.

23-ാമത്തെ വയസ്സിൽ രവീന്ദ്രൻ വിവാഹിതനായി ആ സമയത്തു കുടുംബവസ്തുക്കളുടെ കാര്യമന്വേഷിപ്പാൻ പിതാവു അദ്ദേഹത്തെ ചുമതലപ്പെടുത്തി കൽക്കത്താപോലെയുള്ള ഒരു വലിയ പട്ടണത്തിൽവളൎന്ന ഒരുവൻ ഗ്രാമീണജീവിതം ഇഷ്ടപ്പെടുമോ? പ്രത്യേകിച്ചു രവീന്ദ്രനു അതസാദ്ധ്യവുമായിരുന്നു. ഒടുവിൽ അച്ഛൻെറ ആജ്ഞയെ എങ്ങനെയെങ്കിലും നിറവേററേണ്ടതു തൻെറ കടമയാണെന്നുറച്ചു അദ്ദേഹം ഗ്രാമത്തിലേക്കുപോയി. കുറേനാൾകൊണ്ടു രവീന്ദ്രൻ ഗ്രാമജീവിതത്തിൽ മെരുങ്ങി. അവിടെ അദ്ദേഹത്തിനു കൃഷകരുടെ ജീവിതരീതിയുംമററും കണ്ടു പഠിക്കുവാൻ സാധിച്ചതിൽ വളരെ സന്തോഷം തോന്നി.

35-ാമതു വയസ്സുവരെ അദ്ദേഹത്തിൻെറ ഗൃഹസ്ഥജീവിതം സന്തോഷകരമായിട്ടുതന്നെ തുടൎന്നുകൊണ്ടിരുന്നു 18-ാമതു വയസ്സുമുതൽ അദ്ദേഹം കാവ്യരചന ആരംഭിച്ചുവെന്നു് പറഞ്ഞുവല്ലൊ. അങ്ങനെ 35-ാമതുവയസ്സിനിടയിൽ അദ്ദേഹത്തിൻെറ അനേകഗ്രന്ഥങ്ങൾ പ്രകാശിതങ്ങളായി. ഇവ മുഴുവനുംതന്നെ മനുഷ്യർ പരസ്പരം സ്നേഹിക്കുവാൻ ശീലിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ആദർശങ്ങളെ പ്രകടിപ്പിക്കുന്നവയാണു്. വിശ്വംതന്നെ പ്രേമമയമാണു്. സകലരും പരസ്പരപ്രേമത്താൽ ബന്ധിതരായിരിക്കേണ്ടതാണു്. ഇതാണു അദ്ദേഹത്തിൻെറയും, അദ്ദേഹത്തിൻെറ കവിതകളിൽ പ്രസ്പഷ്ടമായിക്കാണുന്ന ആശയങ്ങളുടേയും സാരം 35-ാമത്തെ വയസ്സിൽ, അദ്ദേഹത്തിൻെറ ഈ ആനന്ദകരമായ ജീവിതത്തിനു് ഭംഗം നേരിട്ടു. അതായതു അദ്ദേഹത്തിൻെറ പ്രിയപ്പെട്ട പത്നി മരിച്ചുപോയി. കുറച്ചുമാസങ്ങൾക്കുള്ളിൽ തുടരെത്തുടരെയായി അദ്ദേഹത്തിൻെറ പുത്രിയും പുത്രനും മരിച്ചു- ഈ ശോ

കമയമായ സംഭവങ്ങൾ ഒക്കെത്തന്നെ അദ്ദേഹത്തെ ഉന്നമിപ്പിക്കുകയാണു ചെയ്തിട്ടുള്ളതെന്നു അദ്ദേഹം പറയുന്നു. ഇതിനെപ്പററി അദ്ദേഹം തന്റെ ഒരു മിത്രത്തിനോടു ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഈ മരണങ്ങളും ദുർഘടങ്ങളും മററും ഈശ്വരൻ എന്റെമേൽ ചൊരിഞ്ഞിട്ടുള്ള അനുഗ്രഹമായിട്ടാണ് ഞാൻ വിചാരിക്കുന്നതു്. എനിക്കു ദുഃഖിക്കുവാൻ ഒന്നും സംഭവിച്ചിട്ടില്ല. സ്ഥൂലദൃഷ്ടിയിൽ നമുക്കു സങ്കടകരമായി തോന്നുന്നുണ്ടാവാം- പക്ഷെ അതു സങ്കടകരമായ ഒന്നല്ല. നമുക്കു നഷ്ടപ്പെട്ടുഎന്നു തോന്നുന്ന ഒന്നുംതന്നെ വാസ്തവത്തിൽ നഷ്ടപ്പെട്ടിട്ടില്ല. ഞാൻ എന്റെ സകല ഭാരങ്ങളും ദൈവത്തിൽ സമർപ്പിച്ചിട്ടു നിശ്ചിന്തനായിട്ടിരിക്കുകയാണ്. മാത്രമല്ല, ഇപ്പോൾ എന്റെ ജീവിതം സാൎത്ഥമായിഎന്നും തോന്നുന്നു. മൃത്യുവെന്നുവച്ചാൽ എന്തെന്നു എനിക്കു മനസ്സിലായിപ്പോയി. മൃത്യുവിന്റെ അൎത്ഥം പൂൎണ്ണതയെന്നാണ്."

ഈ ദുർഘടങ്ങൾ അദ്ദേഹത്തിന്റെ കവിതാഗതിയെ മറെറാരുവഴിക്കു തിരിച്ചുവിട്ടു. അദ്ദേഹത്തിന്റെ ഗീതാഞ്ജലിയുടെ ഏതു് ഭാഗം നോക്കിയാലും ഇതു വാസ്തവമാണെന്നു കാണാം. ഉദാഹരണത്തിനു് ഗീതാഞ്ജലിയിലെ ഒരു ഗീതത്തിന്റെ ഭാവാൎത്ഥം നോക്കുക:—

ഭഗവൻ, പുഷ്പത്തേപ്പോലെ സ്വയം വികസിച്ച ഈ ഗീതം അവിടുന്നെനിക്കു ദാനംചെയ്തതാണ്. ഈ പുഷ്പത്തെ നോക്കുന്തോറും എനിക്കു ആനന്ദം വൎദ്ധിക്കുന്നു. ഞാൻ ഇതിനെ അവിടുത്തേക്കു സമർപ്പിക്കുന്നു. അവിടുന്നു സ്നേഹപൂൎവം ഇതു ഗ്രഹിച്ചാലും!"

1912-ൽ രവീന്ദ്രൻ അദ്ദേഹത്തിന്റെ ബംഗാളി 'ഗീതാഞ്ജലി'യുടെ ഇംഗ്ലീഷ്തൎജ്ജിമ ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ചു. ഈ ഗീതാപുഷ്പം യൂറോപ്യന്മാരെ എത്രമാത്രം രസിപ്പിച്ചുവെന്നുള്ളതിനു് സാക്ഷിയായിട്ടു് 1913-ലെ നോബൽസമ്മാനം രവീന്ദ്രനു നൾകപ്പെട്ടു. ഈ സമ്മാനം നൾകുവാൻ അധികാരപ്പെട്ടിരുന്ന വിദ്വത്സഭ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതു് "ഈ മഹൽഗ്രന്ഥം ഏതു മനുഷ്യനെയും ആഹ്ലാദിപ്പിക്കുവാൻ പൎയ്യാപ്തമായ ഒന്നാണെ"ന്നാണ്. ഈ സമ്മാനം നൽകിക്കൊണ്ടു വിദ്വത്സഭ ഇപ്രകാരം പറഞ്ഞു: ഈ "മനോഹരമായ കവിത അവിടുത്തേയ്ക്കു ഈശ്വരദത്തമായി സിദ്ധിച്ചതാണ്. അവിടുന്നതിനെ വേണ്ടവണ്ണം ഉപയോഗിച്ചിരിക്കുന്നു. അവിടുന്നു് ഈ കവിതമൂലം വായനക്കാരന്റെ മനസ്സിനെ അത്യധികം ആനന്ദിപ്പിച്ചിരിക്കുന്നു, മനസ്സിനു് ശാന്തതനൾകിയിരിക്കുന്നു. ഈ കവിതമൂലം അവിടുന്നു് ഞങ്ങളുടെ ചെവിയിൽ സംഗീതമുഴക്കിക്കൊണ്ടിരിക്കുന്നു. ലോകത്തിലുള്ള സകല സൌന്ദൎയ്യങ്ങളേയും ഏകീകരിച്ചു് ഞങ്ങളുടെ കൺമുമ്പാകെ പ്രദർശിപ്പിച്ചിരിക്കുന്നു. ആത്മാവിനു ദിവ്യചൈതന്യജ്ഞാനം നൾകിയിരിക്കുന്നു." വിദ്വത്സഭയുടെ മേൽക്കാണിച്ച അഭിപ്രായത്തിൽനിന്നു 'ഗീതാഞ്ജലി'യുടെ മഹത്വം എത്രഎന്നു് ഊഹിക്കാമല്ലോ. ഈസമ്മാനസംഖ്യയായ 120,000, രൂപായും, അദ്ദേഹം തനിക്കെത്രയും പ്രിയപ്പെട്ട 'ശാന്തിനികേതന'ത്തിലേക്കു് വിട്ടുകൊടുത്തു. നോബൽസമ്മാനപ്രാപ്തിയോടുകൂടി അദ്ദേഹത്തിന്റെ പേർ വിശ്വവിഖ്യാതമായിത്തീൎന്നു. രവീന്ദ്രന്റെ ഗീതാഞ്ജലിയുടെ തൎജ്ജിമ ലോകത്തിലെ മിക്ക പരിഷ്കൃതഭാഷകളിലുമുണ്ടു്. ഇംഗ്ലീഷിൽതന്നെ അനേകായിരം പ്രതികൾ പ്രചരിച്ചുകഴിഞ്ഞിരിക്കുന്നു. ഗീതാഞ്ജലിയുടെ ദിവ്യാനന്ദം അനുഭവിച്ചുകഴിഞ്ഞപ്പോഴേക്കും പാശ്ചാത്യരും പൌരസ്ത്യരും തൽകൎത്താവിനെ കാണണമെന്നുള്ള ആശ വർദ്ധിച്ചുതുടങ്ങി. അങ്ങനെ പലപല മഹാന്മാരും അദ്ദേഹത്തിനെ അവരവരുടെ രാജ്യത്തേക്കു ക്ഷണിച്ചു. രവീന്ദ്രൻ മുൻപുതന്നെ പല രാജ്യങ്ങളിലും സഞ്ചരിച്ചു് അവിടവിടങ്ങളിലെ പ്രകൃതിവിലാസവും ജനങ്ങളുടെ ജീവിതക്രമങ്ങളും കണ്ടുപഠിക്കുവാനാഗ്രഹിച്ചിരുന്നു. അതുകൊണ്ടു് അദ്ദേഹം അവരുടെ ക്ഷണനം സ്വീകരിച്ചു്, സമ്മാനം കിട്ടിയതിന്റെ അടുത്തകൊല്ലമായ 1914 ൽ, ഇംഗ്ലണ്ടു്, ഫ്രൻസ്, അസ്ത്രിയ, സ്വീഡൻ, സ്വിററ്സർലണ്ടു്, അമേരിക്ക മുതലായ പാശ്ചാത്യദേശങ്ങൾ സന്ദർശിച്ചു. അതിനുശേഷം, ചൈനാ, ജപ്പാൻ, സയാം, ജാവാ, മലയാ മുതലായ പൌരസ്ത്യദേശങ്ങളിലും സഞ്ചരിച്ചു. ചെന്നിടത്തൊക്കെ, അതാതുദേശത്തെ വിദ്വാന്മാരും, ഗവമെന്റും അദ്ദേഹത്തെ ആദരപൂൎവം സ്വീകരിച്ചു. "ഒരച്ഛനമ്മയ്ക്കു് പിറന്ന മക്കൾ; ഒത്താലൊരൊററത്തറവാട്ടുകാർ നാം" എന്നുള്ള സന്ദേശമാണ് അദ്ദേഹം അവിടങ്ങളിൽ പ്രചരിപ്പിച്ചതു്.

ഭാരതീയസംസ്കാരത്തെക്കുറിച്ചും അവരുടെ ആദ്ധ്യാത്മികകാൎയ്യങ്ങളിലുള്ള ദൃഢതയെക്കുറിച്ചും അദ്ദേഹത്തിനു പൂൎണ്ണമായ അഭിമാനമുണ്ടു്. അദ്ദേഹത്തിന്റെ ഉപദേശങ്ങളേയും ആദർശങ്ങളേയും നിരൂപണം ചെയ്തുകൊണ്ടു് ഒരു യൂറോപ്യൻ അന്നിപ്രകാരം എഴുതിയിരുന്നു. "മഹാകവിയുടെ പ്രസംഗവും, അദ്ദേഹത്തിന്റെ കവിതപോലെതന്നെ കേമമാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഞങ്ങൾക്കു് തോന്നിയതു് അദ്ദേഹം ഭാരതീയസംസ്കാരത്തെ നമ്മുടെയിടയിൽ പ്രചരിപ്പിക്കുവാൻ ദൈവം നിയോഗിച്ചയച്ച ഗുരുവാണെന്നാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഞങ്ങൾക്കു തോന്നിയതു്, ഞങ്ങൾ ഭാരതത്തിലെ വല്ല മഹൎഷിമാരുടെയും അടുക്കലിരുന്നു അവരുടെയുപദേശം കേൾക്കുകയാണെന്നാണ്".

രവീന്ദ്രൻ പാശ്ചാത്യരുടെയും പൌരസ്ത്യരുടെയും ഇടയിലായി പലപ്പോഴായി ചെയ്തിട്ടുള്ള പ്രസംഗങ്ങളെ എല്ലാംകൂടി സംഗ്രഹിച്ചു് 'സാധന'എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. ഇതിനിടയിൽ അദ്ദേഹം പല ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവ നാടകം, നോവൽ, ചെറുകഥ എന്നിങ്ങനെ പല ഇനങ്ങളിലായിട്ടാണ്.

ഇന്നു രവീന്ദ്രൻ ലോകരുടെ ദൃഷ്ടിയിൽ ഒരു മഹാകവിയായിട്ടൊ നാടകകാരനായിട്ടൊ ആണ് അറിയപ്പെടുന്നതു്. ചുരുക്കം ചിലൎക്കേ രവീന്ദ്രൻ ഒരു നല്ല പത്രപ്രവൎത്തകൻകൂടി ആണെന്നുള്ള വസ്തുത അറിഞ്ഞുകൂടു. ചെറുപ്പത്തിൽതന്നെ അദ്ദേഹം 'ബാലക്" എന്ന മാസികയുടെ ആധിപത്യം പ്രശസ്തമാംവണ്ണം നിർവ്വഹിച്ചിട്ടുണ്ടു്. ഇതിനുശേഷവും, 'ഭാരതി', 'ഭണ്ഡാർ', 'സാധന','ബംഗദർശൻ'മുതലായ പത്രങ്ങളുടെയുംആധിപത്യംവഹിച്ചിരുന്നു. അക്കാലത്തു അദ്ദേഹം മേല്പറയപ്പെട്ടിട്ടുള്ള പത്രങ്ങളുടെ വശങ്ങൾമുഴവൻ നവീനങ്ങളായ സാഹിത്യസംരംഭങ്ങളാൽ നിറച്ചിരുന്നു. രവീന്ദ്രൻ ചെറുപ്പത്തിൽതന്നെ ഭാരതീയരുടെ പുരാതനവിദ്യാഭ്യാസരീതിയെ (ഗുരുകുലവിദ്യാഭ്യാസത്തെ, പുനഃപ്രതിഷ്ഠിക്കുവാൻ വളരെ വളരെ ഉത്സാഹിച്ചിട്ടുണ്ടു്. 38 വർഷങ്ങൾക്കുമുൻപു് അദ്ദേഹം ആ രീതിയിൽ ഒരു വിദ്യാലയം സ്ഥാപിച്ചു. ആയതു് നടത്തിക്കൊണ്ടുപോകുവാൻ താൻ എത്രമാത്രം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ടെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്. അദ്ദേഹം പറഞ്ഞിരിക്കുന്നു: "ഞാൻ എഴുതിയിട്ടുള്ള ബുക്കുകൾ അച്ചടിപ്പിച്ചു് വിററും, പ്രസിദ്ധീകരണാവകാശം തീറെഴുതിയും, എന്തുവേണ്ടാ ചുരുക്കിപ്പറഞ്ഞാൽ എനിക്കുണ്ടായിരുന്ന മിക്ക സാമാനങ്ങളും ഞാൻ ഈ വിദ്യാലയത്തിന്റെ ആവശ്യത്തിലേക്കായിഓരോന്നായി വിനിയോഗിച്ചു. ഈ വിദ്യാലയം നടത്തിക്കൊണ്ടുപോരുന്നതിലേക്കു് ഞാൻ എന്തെല്ലാം കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ടെന്നു് ദൈവത്തിനു് മാത്രമറിയാം. വിദ്യാൎത്ഥികളിൽ സന്മാർഗ്ഗബോധവും സ്വദേശാഭിമാനവും വളൎത്തുക എന്നുള്ളതാണിവിദ്യാലയത്തിന്റെ ഉദ്ദേശം." അദ്ദേഹം ഇത്രവളരെ പ്രയത്നിച്ചുവെങ്കിലും ഒടുക്കം പാഠശാല അടച്ചുപൂട്ടേണ്ടതായിട്ടാണുവന്നതു്. നിൽക്കട്ടെ.

ഇക്കാലത്തു് രവീന്ദ്രന്റെ പിതാവു്, മഹർഷി ദേവേന്ദ്രനാഥടാഗ്രർ കൽക്കത്തായിൽനിന്നു കുറച്ചുകലെയുള്ള 'ബോൽപൂർ' എന്ന സ്ഥലത്തെ വൻകാട്ടിൽ ഒരാശ്രമം സ്ഥാപിച്ചു് ഈശ്വരഭജനം നടത്തിപ്പോന്നു. അദ്ദേഹത്തിനു് അവിടെ പരിപൂൎണ്ണമായ ശാന്തി ലഭിച്ചിരുന്നതുകൊണ്ടു് അതിനു 'ശാന്തിനികേതനം' എന്ന പേർ സിദ്ധിച്ചു. താമസിയാതെ കുറെവിദ്യാൎത്ഥികൾ അവിടെവന്നു് വിദ്യാഭ്യാസം തുടങ്ങി. അപ്പോൾ അദ്ദേഹം ആ വിദ്യാലയം പൊതുജനങ്ങൾക്കായി വിട്ടുകൊടുത്തു. ഈ സമയം രവീന്ദ്രനും താമസം ഇവിടേക്കു് മാററി. പിതാവിന്റെ അനുമതിയോടുകൂടി മുൻപറഞ്ഞ വിദ്യാലയത്തെ ഒരു ഗുരുകുലമാക്കിത്തീൎത്തു അവിടെ വിദ്യാൎത്ഥികൾക്കു മതവിദ്യാഭ്യാസവും അവരവരുടെ രുചിയ്ക്കനുസൃതമായ വിദ്യാഭ്യാസവും നൽകിവരുന്നു. ശാന്തിനികേതനത്തിൽ ഇപ്പോൾ, ഇംഗ്ലണ്ടു്, അമേരിക്ക, ജർമ്മനി, ഇററലി, മുതലായ രാജ്യങ്ങളിൽനിന്നു് വിദ്യാൎത്ഥികൾവന്നു വിദ്യാഭ്യസനംചെയ്തുപോരുന്നുണ്ടു്. എന്നാൽ, എല്ലാവൎക്കും ഭാരതീയ സംസ്കാരാനുസൃതമായ വിദ്യാഭ്യാസമാണ് നൾകപ്പെടുന്നതു്. ഇപ്പോഴും ചിലപ്പോൾ മഹാകവിതന്നെ വിദ്യാൎത്ഥികളെ പഠിപ്പിക്കാറുണ്ടു്. അവിടെ വലിയവനെന്നൊ എളിയവനെന്നോ ഉള്ള ഭേദമില്ല. എല്ലാവരും പാഠശാലാനിയമത്തെ അനുസരിക്കുവാൻ ഒരുപോ

ലെ കടപ്പെട്ടിരിക്കുന്നു. ഇവിടത്തെ വിദ്യാർത്ഥികളിൽ എല്ലായ്പോഴും, സമസൃഷ്ടിസ്നേഹവും പരസ്പരവിശ്വാസവും തെളിഞ്ഞുകാണുമാറുണ്ട്. അമാവാസിതോറും സാഹിത്യസമ്മേളനവും സംഗീതസമ്മേളനവും പതിവുണ്ട്. അന്നേദിവസം വിദ്യാർത്ഥികൾ അവരാൽ രചിക്കപ്പെട്ടിട്ടുള്ള കവിതകൾ വായിക്കുകയും ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും ഇരിക്കുവാൻ കസേരയൊ, ബഞ്ചൊ ഇല്ല. എല്ലാവരും അനാഡംബരമായ ജീവിതമാണ് നയിക്കുന്നതു്. പഠിപ്പിക്കുന്നതു തുറസ്സായ സ്ഥലത്തു്, വൃക്ഷത്തണലിലാണ്. എന്നാൽവർഷകാലത്തു് ക്ലാസ്സ് കെട്ടിടങ്ങളിലേക്കു് മാറുന്നു. ഈശ്വരഭജനം മുതലായവ വിദ്യാർത്ഥികൾ ഒന്നിച്ചിരുന്നുതന്നെ നടത്തുന്നു.

ശാന്തിനികേതനത്തിലെ ആവശ്യത്തിലേക്കായി ഇയ്യിടെ കുറെ കെട്ടിടങ്ങൾ പണികഴിപ്പിക്കപ്പെട്ടിട്ടുണ്ട്. എല്ലാം വൈദ്യുതദീപങ്ങളാൽ പ്രശോഭിതങ്ങളുമാണ്. ശാന്തിനികേതനത്തിലെ ആവശ്യത്തിലേക്കു് ഒരു പ്രസ്സും മററുസാമഗ്രികളും ഉണ്ടു്. ഇതുകൂടാതെ ഒരു ഗ്രന്ഥശാലയും ഒരു കലാശാലയും ഉണ്ടു്. ഗ്രന്ഥശാലയിൽ, ലോകത്തിലുള്ള പ്രധാനപ്പെട്ട പുസ്തകങ്ങൾ മിക്കവാറും ഉണ്ടായിരിക്കും. കലാശാലയിൽ വിവിധതരത്തിലുള്ളതും പ്രദർശനയോഗ്യങ്ങളുമായ വസ്തുക്കൾ നിരത്തിവെച്ചിട്ടുണ്ട്. വാസ്തവത്തിൽ ശാന്തിനികേതനം ഒരാദർശവിദ്യാലയംതന്നെയാണു. വിദ്യാലയത്തിൻെറ മുൻവശത്തുള്ള കവാടത്തിന്മേൽ ബംഗാളിയിൽ ഇപ്രകാരം കൊത്തിവെച്ചിട്ടുണ്ടു് "എത്രയും നിസ്സാരമായ പ്രാണിയെപ്പോലും ഹിംസിക്കരുതു്. പരമാത്മാവിനെ വന്ദിക്കണം. രാജ്യത്തിനേയും രാജാവിനേയുംഅനുസരിക്കുകയും അന്യരാൽ അനുസരിപ്പിക്കുകയും വേണം. ഒരിക്കലും ഭ്രാതൃഭാവം ഉപേക്ഷിക്കരുതു."

ഇപ്പോൾ മഹാകവിക്കു് 73 വയസ്സിലധികം പ്രായമുണ്ടു് എന്നാലും അദ്ദേഹത്തിൻെറ ഓജസ്സും ശക്തിയും നഷ്ടപ്പെട്ടിട്ടില്ല. അദ്ദേഹം ഇപ്പോഴും തൻെറ മധുരവാണിയാൽ വിദേശീയരെ ഭാരതീയസംസ്കാരത്തിലേക്കു് ആകർഷിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം ഒരു ഒന്നാന്തരം ദേശാഭിമാനിയാണെന്നുള്ളതു് ഏവക്കുമറിയാവുന്ന സംഗതിയാണല്ലൊ. ഈ കവീന്ദ്രൻ ഇനിയും അനേകനാൾ ജീവിച്ചിരിക്കുവാൻ ജഗദീശൻ അനുഗ്രഹിക്കട്ടെ!

---


കുഷ്ഠം, പാണ്ഡു മുതലായ
ത്വക്കരോഗങ്ങൾക്കു്.

എത്ര കഠിനമായാലും ഭേദപ്പെടാത്തതായാലും എത്ര വ്യാപിച്ചിരുന്നതായാലും പഴക്കമുള്ളതായാലും, നാലാഴ്ചക്കകം നിശ്ശേഷം എന്നെന്നേക്കും സുഖപ്പെടുത്തുന്നതാണ്. വിജയം ഗാറൻറി ചെയ്യുന്നു. വിവരങ്ങൾക്കു ആവശ്യപ്പെടുക.

Kamala Works, Panchpota
(M. Q.) Bengal.


# "ആത്മീയബലം ആശ."

എൻ. കെ. നായർ, കാലടി.

നേരംവെളുത്താലിരുന്നുകരഞ്ഞിടാൻ
കാരണമെന്തമ്മേ?മിണ്ടുകില്ലേ?

താതൻമരിച്ചില്ലെന്നമ്മേകരയായ്ക
ഹാ!തളരുന്നുഞാൻ,കേണിടായ്ക.

അന്നൊരുനാളിലെൻതാതൻപറഞ്ഞമ്മേ
ഇന്ദുവിനേയെനിയ്ക്കേകാമെന്നു്.

അച്ഛൻമറഞ്ഞതുപക്ഷേയാച്ചന്ദ്രനെ-
ക്കൊണ്ടുവരാൻതന്നെയായിരിക്കാം.

താതനോട്ടിച്ചുപിടിക്കാൻശ്രമിക്കവേ
ഓടുന്നതാണുകിഴക്കുമേക്കായ്

* * *

അമ്മേനൽവെള്ളിയാൽതീർത്തൊരുചന്ദ്രനെ
ഉമ്മാനിന്നിയ്ക്കൊരുപാത്രമാക്കാം.

അണ്ണനുംമററുള്ളപിള്ളരുംഞാനുമായ്
മണ്ണുനിറച്ചുകളിക്കുംനിത്യം.

മണ്ണെണ്ണദീപമെടുത്തുകളഞ്ഞുഞാൻ
തിണ്ണയിൽവെയ്ക്കുംവിളക്കുപോലെ

പൂക്കൾനിറച്ചതിൽവെച്ചുഞാൻസന്ധ്യയ്ക്കു-
കാവിലിൽകൊണ്ടുകൊടുക്കുമമ്മേ

പള്ളിക്കൂടത്തിലുംകാലത്തേകൊണ്ടുപോയ്
പിള്ളരെകാട്ടികരയിപ്പിക്കും.

ആരാനുംവന്നുതൊടുകയാണെങ്കിലെൻ-
സാറിനെക്കൊണ്ടുഞാൻ തല്ലിപ്പിക്കും.

* * *

മാൻകുട്ടിപോലെകൊഴുത്തശശത്തെഞാ-
നെൻകളിവണ്ടിയിൽകാളയാക്കും.

കാട്ടിലേയ്ക്കങ്ങവനോടിക്കളയാതെ
കെട്ടിയിടുമല്ലോതൂണിൻമൂട്ടിൽ

കൂടെയിരുത്തിഞാൻചോറുകൊടുത്തിട്ടും
ചാരെയെൻപായിൽകിടത്തിക്കൊള്ളും.

സന്ധ്യയ്ക്കുനിത്യവുംഞാനവനെക്കൊണ്ടു
നാമംജപിപ്പിക്കുമെൻെറയമ്മേ!!

* * *

മാതാവപ്പൈതലെവാരിയെടുത്തുടൻ
മാറോടുചേർത്തിട്ടുസാന്ദ്രമോദം

സംപൂർണ്ണസ്നേഹാശ്രുളമ്പിക്കളിക്കുന്ന-
ചുംബനംനൽകിനാൾപൂങ്കവിളിൽ.

---


The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.

P. J. Cherian, Durbar Artist & Photographer (Cochin)

*Managing Proprietor:*

THE ROYAL STUDIO, ERNAKULAM: Branch:- ALWAYE.



അഷ്ടാംഗഹൃദയം.

"അരുണോദയം" എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

വ്യാഖ്യാതാ, പി. എം. ഗോവിന്ദൻവൈദ്യൻ.

മൂലശ്ലോകങ്ങളോടും, അന്വയക്രമത്തിനുള്ള അർത്ഥത്തോടും, വിസ്തരിച്ച വ്യാഖ്യാനത്തോടും കൂടിയതു്. വിദ്യാർത്ഥികൾക്കും വൈദ്യന്മാക്കും ഒന്നുപോലെ ഉപയോഗപ്രദമായ രീതിയിൽ ആണു് പണ്ഡിതനായ വ്യാഖ്യാതാ ഈ ദുർഗ്രഹ ഗ്രന്ഥത്തെ സാരള്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നതു്.

| | ക. | ണ. | | ക. | ണ. |
|---|---|---|---|---|---|
| സൂത്രസ്ഥാനം ൧-ാംഭാഗം | 1 | 4 | സൂത്രസ്ഥാനം ൨-ാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 4 | നിദാനസ്ഥാനം | 1 | 4 |
| ചികിത്സിതസ്ഥാനം 1-ാംഭാഗം | 1 | 8 | ബാക്കി ഭാഗങ്ങൾ തയാറായിവരുന്നു. | | |

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.



കമ്യൂണിസ്റ്റപ്രവൎത്തനങ്ങൾ കൂടുതലായി ഉണ്ടായിവരുന്നതിനാൽ ഹാവനാ, ബാൻറാക്ലാറാ, കമാഗ്നി, എന്നീ സ്ഥലങ്ങളിൽ സൈനികനിയമം നടപ്പിൽ വരുത്തിയിരിക്കുന്നു.

* * *

ഇതുവരെ നിൎമ്മിച്ചിട്ടുള്ളതിൽ വലിപ്പവും, വിലകൂടുതലുമുള്ള രണ്ടു കുടകൾ ബെനിൻ എന്ന സ്ഥലത്തെ രാജാവിനായി ലെസ്റ്ററിൽ ഉണ്ടാക്കിയിരിക്കുന്നു. 15 പവൻ വീതം വിലയുള്ള ഇവ രാജ്യാവശ്യത്തിനായാണു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഇവയുടെ തണലിൽ ആലോചനായോഗങ്ങൾ കൂടുന്നതാണു്.

* * * *



തെക്കെആഫ്രിക്കയിലെ 'ഏജൻറു ടു ദി ഗവൎണ്ണർ ജനറൽ' ആയി നിയമിക്കപ്പെട്ടിരിക്കുന്ന ആണറബിൾ സയ്യദ്റാസാ അലി സി. ബി. ഇ.

ഇദ്ദേഹം ജാനുവരി 9-ാനു- ബോംബെയിൽനിന്നു ഡർബനിലേക്കു കപ്പൽകയറുന്നതാണു്.

* * *

ഇദംപ്രഥമമായി ഒരാന വിമാനത്തിൽ സഞ്ചരിച്ചിരിക്കുന്നു. ടോട്ടോ എന്ന ഈ കരിവീരനു ഏകദേശം മൂന്നുമാസം പ്രായവും രണ്ടുഹൺഡ്രഡ് വെയിററുതൂക്കവുമുണ്ടു്. ന്യൂയോൎക്കിൽനിന്നു സെൻറ്ലൂയിവരെ യാത്രചെയ്ത ടോട്ടോയിക്കു സാധാരണ ആറു സഞ്ചാരകൾക്കു ആവശ്യമുള്ള സ്ഥലം വിമാനത്തിൽ വേണ്ടിവന്നു.

* * *

ബ്രിട്ടൻ യുദ്ധക്കടംവകയിൽ അമേരിക്കയ്ക്കു കൊടുക്കേണ്ട ഡിസംബർഗഡു കൊടുക്കുന്നില്ലെന്നു കാമൺസിൽവച്ചു മി. നെവിൽ ചാമ്പർലെയിൻ പ്രസ്താവിച്ചിരിക്കുന്നു. ബ്രിട്ടനു സമൎപ്പിക്കുവാൻ നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ ആലോചനയ്ക്കെടുക്കുവാൻ സമ്മതമാണെന്നു അമേരിക്കർ ഒരു കത്തയച്ചിട്ടുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ഈ മാസത്തിൽ അടയ്ക്കേണ്ടതായ ഗഡു അടയ്ക്കാതിരിക്കുവാൻ ഫ്റഞ്ചുമന്ത്രിസഭയും തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു.

* * *

ഈജിപ്റ്റിലെ ഒരു കല്പണിക്കാരനായ മുഹമ്മദു റാസിയാണു ലോകത്തിലേക്കും ദീൎഘകായനെന്നറിയുന്നു. ഇയാൾക്കു ഒൻപതടി ഉയരമുണ്ടു. മൂന്നുവൎഷങ്ങൾക്കുമുമ്പു ഇയാൾക്കു ആറടിയിൽ കുറവേ പൊക്കമുണ്ടായിരുന്നുള്ളു. ആക്കാലത്തു പണിതുകൊണ്ടിരുന്ന ഒരു കെട്ടിടത്തിന്റെ മുകളിൽനിന്നു ഇയാൾ വീഴുകയും ശിരസ്സിനു ചില കേടുകൾ പററുകയും ചെയ്തു. അതിനുശേഷമുണ്ടായ ഈ ഭയങ്കരവളൎച്ചയെ തടുക്കുന്നതിനു ഡാക്ടരന്മാൎക്കുപോലും സാധിക്കുന്നില്ല.

* * *

ഇന്നലെവരെ ഒരു തപാൽക്കാരനായിരുന്ന ഒരാൾ ഇന്നു ഒരു വക്കീലായി രൂപാന്തരപ്പെട്ടിരിക്കുന്നു. ടോക്കിയോവിൽ കമററാവാർഡിലെ തപാൽക്കാരനായ 42 വയസ്സുള്ള മി. ടി. കെ. കമാവുറാ 13 വൎഷത്തെ അക്ഷീണപരിശ്രമത്തിനുശേഷം വക്കീൽപരിക്ഷയിൽ വിജയിയായി. 1922 മുതൽ ഇദ്ദേഹം പരിക്ഷകളിൽ മുടക്കംവരാതെ ചേരുകയും ഇവയിൽ മുടക്കംവരാതെതന്നെ തോല്ക്കുകയും ചെയ്തുവന്നു. പരാജയംകൊണ്ടു ഭഗ്നാശയനാകാതെ വീണ്ടും പരിശ്രമം തുടരുകയും ഈ വൎഷം തന്റെ ആഗ്രഹനിവൃത്തിയുണ്ടാകുകയും ചെയ്തു- കഴിഞ്ഞ ഒൻപതു വൎഷങ്ങളായി മി. കമാവുറാ തപാൽക്കാരനായി ജോലിചെയ്തുവരികയാണു്. അടുത്തുതന്നെ ഈ ഉദ്യോഗം രാജിവച്ചു അഭിഭാഷകവൃത്തി ആരംഭിക്കണമെന്നാണു ഈ പരിശ്രമശീലൻ ഉദ്ദേശിക്കുന്നതു്.

* * * * *

ബ്രിട്ടനിൽ ഇൻഷ്വർചെയ്യപ്പെട്ടവരും പതിനാറിലും അറുപത്തിനാലിനുംഇടയ്ക്കു പ്രായമുള്ളവരുമായ 1024800 ആളുകൾക്കു ഇപ്പോൾ തൊഴിലുണ്ടെന്നു ഡിസംബർ 17-ാംതീയതി പ്രസിദ്ധപ്പെടുത്തിയകണക്കുകൾകൊണ്ടു മനസ്സിലാകുന്നു. ഇതു മററുവൎഷങ്ങളെ അപേക്ഷിച്ചു കൂടുതലാണെന്നാണു അറിയുന്നതു്. എൽക്കരിഖനികൾ പഞ്ഞിവ്യവസായം, മോട്ടോർവ്യവസായം എന്നീ വകുപ്പുകളിൽ തൊഴിലാളികളുടെ സംഖ്യ വൎദ്ധിച്ചിട്ടുണ്ടു്. യന്ത്രവ്യവസായത്തിലും ഈ അഭിവൃദ്ധികാണാനുണ്ടു്.

* * *

ലണ്ടനിലെ നികുതിപിരിവിൽ ഭീമമായ കുറവുണ്ടായിരിക്കുന്നതായും, മന്ത്രിമാർ ഇതിനെ ആശങ്കയോടുകൂടി വീക്ഷിച്ചുവരുന്നതായും "ഒബ്സർവർ"പത്രം പ്രസ്താവിക്കുന്നു. അധികൃതന്മാർ വളരെയൊക്കെ പണിപ്പെട്ടിട്ടും ഈവിഷയത്തിൽ അവൎക്കു വിജയമുണ്ടായിട്ടില്ലെന്നാണു കാണുന്നതു്. 1933-34 വൎഷത്തിൽനികുതിയിനത്തിൽ പിരിയേണ്ട സംഖ്യ 30-179,059 പവനായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ ഭഗീരഥപ്രയത്നത്തിന്റെ ഫലമായി പിരിഞ്ഞുകിട്ടിയതു 28234,853 പവനുമാണു്. കഴിഞ്ഞ ഇരുപത്തിരണ്ടു കാലങ്ങൾക്കുള്ളിൽ ഇത്രഭീമമായ കുറവ് ഒരിക്കലും ഉണ്ടായിട്ടില്ലെന്നു ഫൈനാൻസ്കമ്മിററി പ്രസ്താവിച്ചിരിക്കുന്നു.

* *

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | അപ്രമേയം<br>കെ. രാമകൃഷ്ണൻനായർ ബി. ഏ. | 4 |
| 2. | ഉദ്യാനലക്ഷ്മി (കവിത)<br>ചങ്ങമ്പുഴ കൃഷ്ണപിള്ള | 6 |
| 3. | സാഹിത്യപഠനം<br>മാടശ്ശേരിൽ മാധവവാൎയ്യർ ഹരിപ്പാട്. | 7 |
| 4. | മഹാകവി രവീന്ദ്രനാഥടാഗൂർ<br>ഏ. ആർ. പുരുഷോത്തമൻകൎത്താ കോട്ടയം | 10 |
| 5. | ആൎത്തിയിലും ആശ (കവിത)<br>എൻ. കെ. നായർ കാലടി | 12 |
| 6. | ലോകചക്രം | 13 |
| 7. | ഭാരതം | 14 |
| 8. | വിമൎശനം | 15 |
| 9. | യോഗക്ഷേമസഭ<br>ഒരു നിരീക്ഷണം | 18 |
| 10. | എക്സ്പ്രസിഡണ്ടു<br>സർ. ആർ. കെ. ഷൺമുഖംചെട്ടി<br>മണിയൻ. | 19 |
| 11. | എഴുത്തച്ഛനും മേല്പത്തൂരും<br>പുതുക്കുളങ്ങര രാമചന്ദ്രമേനോൻ ചിററൂർ | 21 |
| 12. | ചാണക്യാസ്തമനം<br>ഡി. ശങ്കരയ്യർ ബി. ഏ. ബി. എൽ. | 23 |
| 13. | സുഭ (ചെറുകഥ)<br>തൈക്കാട്ടു ചന്ദ്രശേഖരൻനായർ. | 25 |
| 14 | ബുദ്ധമതതത്വങ്ങൾ<br>കെ. പി. ഗോപാലമേനോൻ | 27 |
| 15. | പാചകല<br>എസ്. ഏ. പിള്ള, ചടയമംഗലം. | 29 |



പൊയ്പോയലോകം.


സർ. ആർതർ കോണൻഡോയിലിന്റെ

THE LOST WORLD

എന്ന നോവലിന്റെ അധികൃതമായ പരിഭാഷ പുസ്തകരൂപത്തിൽ തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.



## ഭാരതം.

ബർഡ്വാൻ സിവിൽകോർട്ടുമന്ദിരത്തിലെ രണ്ടാംക്ലാസ്സ് മുൻസിഫ്കച്ചേരിമുറിയിൽ ഒരഗ്നിബാധയുണ്ടായി പല പ്രമാണങ്ങളും നശിച്ചുപോയിരിക്കുന്നു. തീയെങ്ങനെയുണ്ടായെന്നു ഇതേവരെ അറിഞ്ഞിട്ടില്ല.

* * *

ഗാന്ധിജിക്കു ജനറൽസ്മട്ട്സിന്റെ ഒരു സന്ദേശം വഹിച്ചുകൊണ്ടാണു മി. ആൻഡ്രൂസ് ഇൻഡ്യയിൽ എത്തിയിരിക്കുന്നതെന്നുള്ള "ബോംബേക്രാണിക്കിളിന്റെ" ലണ്ടൻലേഖകന്റെ കഥയെ അദ്ദേഹം (ആൻഡ്രൂസ്) നിഷേധിച്ചിരിക്കുന്നു.

* * *



ഇപ്പോൾ വടക്കേഇൻഡ്യയിൽ സഞ്ചരിച്ചു വരുന്ന ഭാരതീയനൃത്തശാസ്ത്ര(കഥകളി)വിദഗ്ദ്ധനായ മി. ഗോപിനാഥൻ.

സുപ്രസിദ്ധ നർത്തകിയായ രാഗിണീദേവിയുടെ നൃത്തസഹചരനായ മി ഗോപിനാഥൻ ഒരു തിരുവിതാംകൂറുകാരനാണ്. ഇദ്ദേഹം അഭിനയിച്ച ഒരു ഗരുഡനൃത്തത്തിന്റെ ചിത്രം ചിത്രവാരിക വായനക്കാർ ഓർക്കുന്നുണ്ടാവുമല്ലോ.

* * *

സഹമൃത്യനാൽവധിക്കപ്പെട്ട പോലീസ്സൂപ്രണ്ടു മി. ക്രാഫോർഡിന്റെ മൃതശരീരം ഡിസംബർ 29-ാംനു-രാത്രി ലക്ക്നോവിൽകൊണ്ടുവരികയും അടുത്തദിവസം പരിപൂർണ്ണപട്ടാളബഹുമതികളോടുംകൂടി അടക്കംചെയ്യുകയും ചെയ്തിരിക്കുന്നു. ഘാതകൻ ഇരുപതുവയസ്സുള്ളഒരു യുവാവാണുപോൽ.

* * *

ഗാന്ധിജിയോടൊന്നിച്ചു ഡിസംബർ 29-ാം തീയതി ന്യൂഡെൽഹിയിലെത്തിയ ഡാക്ടർ ഖാൻസാഹിബിനു്, താൻ പഞ്ചാബിൽ പ്രവേശിക്കരുതെന്നുള്ള പഞ്ചാബ് ഗവർമ്മെന്റിന്റെ നിരോധനാജ്ഞ പിൻവലിച്ചതായി ഒരു കമ്പിസന്ദേശം ലഭിച്ചിരിക്കുന്നു ന്യൂഡെൽഹിയിൽ പത്തുദിവസം താമസിച്ചുശേഷം ബോംബെ സന്ദർശിച്ചു കാൺഗ്രസ്സ് വർക്കിംഗ് കമ്മററിയോഗത്തിൽ സംബന്ധിക്കുവാൻ അവിടെനിന്നും മടങ്ങിയെത്തത്തക്കവിധമായിരുന്നു ഇദ്ദേഹത്തിന്റെ പരിപാടി തയ്യാറാക്കിയിരുന്നതു്. എന്നാൽ അവിചാരിതമായി നിരോധനാജ്ഞ പിൻവലിച്ചതിനാൽ ഇദ്ദേഹം കഴിയുന്നതുംവേഗം പഞ്ചാബിലേക്കു പോകുന്നതാണ്.

* * *

തീവണ്ടിമാർഗ്ഗം ബ്രിട്ടീഷ്സാമാനങ്ങളെ ഇന്ത്യയിൽ പ്രദർശിപ്പിച്ച് കൂടുതൽ ആദായമുണ്ടാക്കുവാൻ ഒരു പദ്ധതി ചിലബ്രിട്ടീഷ്വ്യാവസായികന്മാർ സൃഷ്ടിച്ചു അതിനുവേണ്ടഒരുക്കങ്ങൾ ധൃതഗതിയിൽ നടത്തിവരുന്നു. ഈ പദ്ധതി വിജയകരമാകുന്നതിനു വേണ്ട സഹായംചെയ്തുകൊടുക്കാമെന്നു ഇന്ത്യൻ സ്റേററ് റയിൽവെ കമ്പനിക്കാർ സമ്മതിച്ചിരിക്കുന്നു. ഈ പ്രദർശനയാത്ര അടുത്ത സെപ്ററംബറിൽ നടത്തുന്നതും ഇവരുടെ പരിപാടിയിൽ-ബോംബേ, ആഗ്രാ, ഡെൽഹി, അമൃതസരസ്സ് ലാഹോർ, കറാച്ചി, ലക്നൌ, കാൺപൂർ, കൽക്കട്ടാ, മദ്രാസ്, എന്നീ പത്തുപട്ടണങ്ങൾ ഉൾപ്പെടുത്തുന്നതുമാകുന്നു.

* * *

## കേരളം

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ എഴുന്നള്ളത്തിനെത്തുടർന്നു കൽക്കട്ടായിലേക്കു പോയിരുന്ന ദിവാൻ സർ മുഹമ്മദ്ഹബിബുള്ള ഈമാസം 19-ാംനു- രാത്രി തിരുവനന്തപുരത്തു തിരിയെഎത്തിയിരിക്കുന്നു. മഹാരാജാവുതിരുമനസ്സിലെയും, രാജകുടുംബാംഗങ്ങളുടെയും തിരിച്ചെഴുന്നള്ളത്തു കാര്യപരിപാടി ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ല.

* * *



കൊച്ചിനിയമസഭയിലെ ഡെപ്യൂട്ടിപ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മി. കെ. ററി. മാത്യു ബി. എ. ബി. എൽ.

* * *

കൊച്ചിമഹാരാജാവുതിരുമനസ്സിലേക്കു ഈയാണ്ടത്തെ നവവത്സരബഹുമതികളുടെകൂട്ടത്തിൽ ചക്രവർത്തിതിരുമനസ്സുകൊണ്ടു ജി സി. ഐ. ഇ. എന്ന സ്ഥാനം കല്പിച്ചുനൽകിയിരിക്കുന്നു. പൊളിററിക്കൽഏജൻറു ലഫ്ററനൻറു കേണൽ ഡി എം. ഫീൽഡിനു ഈയയാണ്ടത്തെ നവവത്സരബഹുമതിയായി സി. ഐ. ഇ സ്ഥാനവും ലഭിച്ചിരിക്കുന്നു.

തിരുവിതാംകൂറിലെ പരിഷ്കരിച്ച നിയമസമിതികളിൽ അധോമണ്ഡലമായ ശ്രീമൂലംഅസംബ്ളിയുടെ അടുത്ത സമ്മേളനം മകരം എട്ടാംതീയതി കൂടുന്നു. ൧൨ ടരെ ആറുദിവസത്തേക്കുണ്ടായിരിക്കും പ്രധാനപ്പെട്ട പല രാഷ്ട്രീയപ്രശ്നങ്ങളെപ്പററിയും രസകരമായ വാദപ്രതിവാദങ്ങളും, ബില്ലുകളുടെയും നിയമങ്ങളുടെയും ആലോചനകളും അവതരണങ്ങളും അംഗീകരണങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഇതിനെത്തുടർന്നു ഉപരിമണ്ഡലമായ ശ്രീചിത്തിര സ്റേററ്കൌൺസിലും സമ്മേളിക്കുന്നതാണ്.

* * *

ഇൻഡ്യയിൽ പടക്കപ്പലിലും പട്ടാളകാളേജിലും നടത്തിവരുന്ന സൈനികവിദ്യാഭ്യാസത്തിനു കഴിവുള്ളവരായ നംപൂതിരിബാലന്മാരെ അയക്കണമെന്നു അവരുടെ രക്ഷകർത്താക്കളോടും, നായർപട്ടാളത്തിലും പോലീസുസൈന്യത്തിലും നംപൂതിരിയുവാക്കൾ കഴിയുന്നതും ചേരേണ്ടതാണെന്നു അവരോടും, കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള നാട്ടുപട്ടാളത്തിലും നായർപട്ടാളത്തിലും നംപൂതിരിമാരെ ഉടനെ ചേർത്തുതുടങ്ങേണ്ടതാണെന്നു കൊച്ചി, തിരുവിതാംകൂർ ഗവർമ്മെൻറുകളോടും അപേക്ഷിക്കുന്ന പ്രമേയങ്ങൾ നംപൂതിരി യോഗക്ഷേമസഭയുടെ ഇക്കഴിഞ്ഞ 27-ാമതു വാർഷികയോഗത്തിൽവച്ചു ഐകകണ്ഠ്യേന പാസാക്കിയിരിക്കുന്നു

* * *



തിരുവനന്തപുരം ജന്തുബന്ധുസംഘം വക വാർഷികമൃഗപ്രദർശനത്തിൽ സമ്മാനം ലഭിച്ച വലിയതരം നായ്.



തിരുവനന്തപുരം ജന്തുബന്ധുസംഘം വക വാർഷികമൃഗപ്രദർശനത്തിൽ സമ്മാനം ലഭിച്ച ബുൾനായ്.

Royal Studio, Trivandrum.

# മലയാളരാജ്യം.

1110 ധനു 23-ാംനു- തിങ്കളാഴ്ച

ഇത്തവണത്തെ യോഗക്ഷേമമഹാസഭാ വാർഷികസമ്മേളനം ദേഹാദ്ധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കുകയും നമ്പൂതിരിമാർ ആഭിജാത്യഭാവംവെടിഞ്ഞു സകലവിധമായ ഉദ്യോഗങ്ങളിലും തൊഴിലുകളിലും പ്രവേശിച്ചു സ്വതന്ത്രരും രാജ്യത്തിനു പ്രയോജനമുള്ള പൗരന്മാരുമായി ജീവിക്കേണ്ടതു ആവശ്യമെന്നു നിശ്ചയിക്കയും ചെയ്തുകാണുന്നതു ഒരു ശുഭലക്ഷണമായിതന്നെ കരുതുന്നു. പ്രായേണ ഗ്രാമീണരും, കൂട്ടുകുടുംബവ്യവസ്ഥയ്ക്കു വിധേയരായി, വ്യക്തിപരമായി വലിയ ഉത്തരവാദിത്വം ഒന്നുമില്ലാതെ പാട്ടത്തെയും മിച്ചവാരത്തെയും ആശ്രയിച്ചു വൃഥാ കാലക്ഷേപംചെയ്തുപോരുന്നവരുമായ നമ്പൂതിരിയുവാക്കന്മാർ ഗ്രാമോദ്ധാരണം മുതലായ സേവനപദ്ധതികളിൽ ഏർപ്പെട്ടു പ്രവർത്തിക്കാൻ നിശ്ചയിച്ചുകാണുന്നതും അഭിനന്ദനാർഹമായിരിക്കുന്നു. നമ്പൂതിരിയുവാക്കന്മാർക്കു ചുണയും കർമ്മധീരതയുമുണ്ടെന്നു യോഗറിപ്പോർട്ടു അനിഷേധ്യമായി തെളിയിക്കുന്നു. പൊതുജീവിതത്തിൽഏർപ്പെട്ടു പൗരധർമ്മം അനുഷ്ഠിക്കുവാനും സാമ്പത്തികസ്വാതന്ത്ര്യത്തിനായി ദുരഭിമാനംവെടിഞ്ഞു തൊഴിലുകൾ ചെയ്യുവാനും ഉള്ള നിശ്ചയത്തെ നടപ്പിൽ വരുത്തി തങ്ങളുടെയും സമുദായത്തിന്റെയും നില ഉയർത്തുവാൻ നമ്പൂതിരിയുവാക്കന്മാർ ഉറച്ചുശ്രമിച്ചാൽ നിഷ്പ്രയാസം സാധിക്കും. നമ്പൂതിരിസമുദായത്തിന്റെ മൊത്തത്തിലുള്ള ഉയർച്ചയ്ക്കും പുരോഗമനത്തിനും സ്ഥായിയായ പ്രതിബന്ധമായി നിൽക്കുന്നതു അന്തർജ്ജനസമുദായത്തിന്റെ അസ്വാതന്ത്ര്യവും വിദ്യാവിഹീനതയുമാകുന്നു. ഈ പ്രതിബന്ധത്തെ നീക്കംചെയ്യാതിരുന്നാൽ, പുരോഗമനശ്രമം അവതാളത്തിലാകുമെന്നും സമുദായത്തിന്റെ നേർപകുതി ഈ ശ്രമങ്ങളിൽ പ്രബുദ്ധമായ സഹായസഹകരണത്തിനു പ്രാപ്ത ല്ലാതെ ഒരു പ്രതിബന്ധവും ഭാരവും ആയിത്തീരുകയേയുള്ളു എന്നും മഹാസഭാസമ്മേളനം വേണ്ടപോലെ മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭാവി, യുവാക്കന്മാരുടെയും യുവതലമുറകളുടെയും കാലമായതുകൊണ്ടു പഴമക്കാരുടെയും യാഥാസ്ഥിതികരുടെയും എതിർപ്പിനെ അത്രതന്നെ വകവെക്കാതെ നമ്പൂതിരിയുവാക്കന്മാർ അനാചാരധ്വംസനത്തിനും അന്തർജ്ജനവിമോചനത്തിനുംവേണ്ട ധീരമായി പ്രവർത്തിക്കുന്നപക്ഷം അവരുടെശ്രമം അചിരേണ ഫലപ്രദമാകുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

* * *

വ്യക്തികൾ തമ്മിലുള്ള വ്യാപാരങ്ങളിൽ ബാർട്ടർസമ്പ്രദായം നടപ്പാക്കുന്നവിഷയത്തിൽ വലുതായ പ്രയാസങ്ങളുണ്ടെന്നിരുന്നാലും രാജ്യങ്ങൾ തമ്മിൽ മാറ്റക്കച്ചവടം അത്യന്തം സുഗമവും സുകരവും ആണെന്നുള്ളതിൽ സംശയമില്ല. പരാപേക്ഷകൂടാതെ എല്ലാ രാജ്യക്കാർക്കും സകല ആവശ്യങ്ങളും നിറവേറ്റാൻ സാധിച്ചു എന്നു വരുന്നതല്ല. രാജ്യങ്ങൾ തമ്മിൽ കൊടുത്തും വാങ്ങിയും പരസ്പരം ആവശ്യങ്ങൾ നിറവേറ്റുകയല്ലാതെ ഗത്യന്തരമില്ല. ഈ തത്വം രാഷ്ട്രങ്ങൾ തമ്മിലുള്ള വ്യാപാരത്തിൽ ഈയിടെ ധാരാളമായി പ്രയുക്തമായിവരുന്നുണ്ട്. ജപ്പാനും ജർമ്മനിയും തമ്മിലും സോവിയറ്റുറഷ്യയും അമേരിക്കയും തമ്മിലും ബ്രിട്ടനും അയർലണ്ടും തമ്മിലും മറ്റും ഈയിടെ ഉണ്ടായിക്കാണുന്ന മാറ്റക്കച്ചവടക്കരാറുകൾ സാർവ്വരാഷ്ട്രീയവ്യാപാരത്തിന്റെ ഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വലുതായ ഒരു മാറ്റത്തെയാണു സൂചിപ്പിക്കുന്നതു്. ഓരോ രാജ്യക്കാരും അവരുടെ ആവശ്യമനുസരിച്ചു ഇതരരാജ്യങ്ങളുമായി കച്ചവടക്കരാറുകൾ ചെയ്തു സ്വതന്ത്രമായി വ്യാപാരം നടത്തുന്നപക്ഷം സാർവ്വരാഷ്ട്രീയവാണിജ്യത്തിൽ ഇന്നുണ്ടായിരിക്കുന്നവൈഷമ്യങ്ങളിൽ പലതും നിവാരണംചെയ്യപ്പെടുമെന്നുള്ളതിൽ സന്ദേഹമില്ല. പക്ഷേ പല രാജ്യക്കാരും തങ്ങളുടെ രാഷ്ട്രീയശക്തി തങ്ങളുടെ കച്ചവടത്തിന്റെ അഭിവൃദ്ധിക്കായി വിനിയോഗിച്ചുവരുന്നുണ്ട്. ഇന്ത്യയുടെ കഥതന്നെ ഇതിനൊരുത്തമദൃഷ്ടാന്തമാകുന്നു. രാഷ്ട്രീയാധികാരം ഇന്ത്യയ്ക്കു വിട്ടുതരുവാൻ ബ്രിട്ടൻ വിസമ്മതിക്കുന്നതു ഇന്ത്യയുമായുള്ള ബ്രിട്ടന്റെ കച്ചവടത്തിനു ഹാനിവരുമെന്നുള്ള പരിഭ്രമംകൊണ്ടാണെന്നു ജെ. പി. സി. റിപ്പോർട്ടിലെ വാണിജ്യരക്ഷാവ്യവസ്ഥകളും ബ്രിട്ടീഷ് രാഷ്ട്രീയനേതാക്കന്മാർ ഈയിടെ ചെയ്ത പ്രസംഗങ്ങളും സാക്ഷ്യംവഹിക്കുന്നു. ഇന്ത്യയുടെ വാണിജ്യനയം ഏറിയകൂറും വൈറ്റുഹാളിന്റെ ചരടുപിടിത്തത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു സാമ്പത്തികമായി ഇന്ത്യയ്ക്കുണ്ടാകുന്നഹാനി ചില്ലറയൊന്നുമല്ല. ഇന്ത്യയുടെ ആവശ്യം കഴിഞ്ഞു മിച്ചമുള്ള സാമാനങ്ങൾ വാങ്ങിക്കൊണ്ടു പകരം ഇന്ത്യയ്ക്കാവശ്യമുള്ള സാമാനങ്ങൾ തരുവാൻ സന്നദ്ധതയുള്ള രാജ്യക്കാരുമായി സ്വതന്ത്രമായ കരാറുകൾ ചെയ്തു കച്ചവടം നടത്താൻ ഇന്ത്യയ്ക്കു കഴിഞ്ഞിരുന്നെങ്കിൽ ഇന്ത്യയുടെ സാമ്പത്തികസ്ഥിതി ഇതിലെത്രയോ കൂടുതൽ ശോഭനമായിരിക്കുമായിരുന്നു. ഇന്ത്യയുടെ സാമാനങ്ങൾ വാങ്ങുന്ന രാജ്യക്കാർ സാമ്രാജ്യത്തിൽപെട്ടവരായിരുന്നാലും അല്ലെങ്കിലും അവരുമായി യഥേഷ്ടം കരാറുകൾ ചെയ്തു മാറ്റക്കച്ചവടം നടത്തുന്നതിനു ഇന്ത്യയ്ക്കു സ്വാതന്ത്ര്യമില്ലാത്തതാണു ഇന്ത്യൻകച്ചവടത്തിന്റെ അഭിവൃദ്ധിക്കു വലിയ പ്രതിബന്ധമായി നില്ക്കുന്നതു്. ഇന്ത്യയുടെ അഭിവൃദ്ധിയെ സ്പർശിക്കുന്ന ഏതൊരു പ്രശ്നത്തെപ്പറ്റിയും ഗാഢമായി ആലോചിക്കുമ്പോൾ അവസാനമായി ചെന്നുമുട്ടുന്നതു രാഷ്ട്രീയ അസ്വാതന്ത്ര്യമാകുന്ന കട്ടുംപാറയിലാണ്. അതാണു ഇന്ത്യയുടെ നിർഭാഗ്യാവസ്ഥ.

* * *

ഏതാനുംനാളായി ദീനശയ്യയെ അവലംബിച്ചിരുന്ന സെൻട്രൽപ്രാവിൻസസ്സിലെ കാൺഗ്രസ്സ്നേതാവായ ശ്രീയുത് എം. വി. അഭയങ്കർ ബാരിസ്റ്റർ അറ്റ്-ലാ ജനുവരി മൂന്നാംതിയതി വെളുപ്പിനു ബാംബയിൽവച്ചു ചരമമടഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ചരമം ഇന്ത്യൻനാഷണൽകാൺഗ്രസ്സിനു പ്രത്യേകിച്ചും ഭാരതത്തിനു പൊതുവെയും അപരിഹാര്യമായ ഒരു നഷ്ടംതന്നെയാണ്. നിസ്സ്വാർത്ഥനും ഊർജ്ജസ്വലനും ത്യാഗസമ്പന്നനുമായിരുന്ന ഈ നേതാവു സിവിലാജ്ഞാലംഘനകാലത്തു തന്റെ നിയമവൃത്തി ഉപേക്ഷിച്ചിട്ടു സമരത്തിലേർപ്പെടുകയും കാരാഗൃഹവാസം അനുഭവിക്കുകയും ചെയ്തു. ഈയിടെനടന്ന തിരഞ്ഞെടുപ്പിൽ അദ്ദേഹം കാൺഗ്രസ്പാർലമെന്ററിബോർഡിന്റെ സ്ഥാനാർത്ഥിയായി അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്നു. സമരകാലത്തെന്നപോലെ തന്നെ വ്യവസ്ഥാനുകൂലപ്രവർത്തനങ്ങളിലും നിയമസഭയിലും കാൺഗ്രസ്സിനു ഒരു ശക്തിയും ഭൂഷണവും ആയിരിക്കുമായിരുന്ന അദ്ദേഹത്തിന്റെ വിയോഗം കാൺഗ്രസ്സിനു ഹൃദയഭേദകമായ ഒരു നഷ്ടമാകുന്നു. ലജപതറായി, മോട്ടിലാൽനെഹ്റു, വിതാൽഭായിപട്ടേൽ, സെൻഗുപ്ത എന്നി ദിവംഗതന്മാരെപ്പോലെതന്നെ ശ്രീയുത് അഭയങ്കരുടെ ആത്മാവും സ്മരണയും ഭാരതീയസ്വാതന്ത്ര്യസമ്പാദനോദ്യമത്തെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുമെന്നു സമാശ്വസിക്കാം.

* * *

1922 മുതൽ നടപ്പിലിരിക്കുന്നതും ജപ്പാന്റെ അന്തസ്സിനു ഹാനികരമാംവണ്ണം അനുപാതനിയമത്താൽ അസമത്വം പരിപാലിക്കുന്നതുമായ വാഷിംഗ്ടൺസന്ധിയെ ജപ്പാൻ ഔദ്യോഗികമായി നിഷേധിച്ചിരിക്കുന്നു. പക്ഷെ സന്ധിയെ നിഷേധിക്കുന്നെങ്കിലും തങ്ങളുടെ ഉദ്ദേശം സമാധാനപരമാണെന്നും എല്ലാ ശക്തികളുമായി സൗഹാർദ്ദത്തിൽ വർത്തിക്കാൻ തങ്ങൾ തയ്യാറാണെന്നും എല്ലാവരും ആക്രമണായുധങ്ങളെ ഇല്ലാതാക്കുകയോ ഗണ്യമായ രീതിയിൽ കുറവുചെയ്കയോ ചെയ്യുന്നതു തങ്ങൾക്കു സമ്മതമാണെന്നും ജപ്പാൻ വിശദമാക്കുന്നു. യൂറോപ്യൻശക്തികളും അമേരിക്കയും യഥാർത്ഥത്തിൽ സമാധാനം കാംക്ഷിക്കുന്നുണ്ടെങ്കിൽ അഥവാ അവർക്കു ജപ്പാന്റെ അഭിവൃദ്ധിയിൽ അസൂയയില്ലെങ്കിൽ നിരായുധീകരണത്തിനുള്ള ഈ വെല്ലുവിളി അവർ സ്വീകരിക്കേണ്ടതാണ്. പാശ്ചാത്യർ ഒരു നൂറ്റാണ്ടുകാലംകൊണ്ടു ഏഷ്യയിൽ സ്ഥാനമുറപ്പിച്ചു പാശ്ചാത്യമായ ശക്തി അടുത്തകാലത്തു നശിക്കയില്ലെന്നിരുന്നാലും ഏഷ്യാക്കാരെ ഭയപ്പെടുത്തി അടക്കിവച്ചുകൊണ്ടിരിക്കാൻ സാധിക്കയില്ലെന്നു ജപ്പാൻ ധാരാളം വ്യക്തമാക്കിയിരിക്കുന്നു. ബ്രിട്ടനും അമേരിക്കയും എതിർവശത്തു നില്ക്കുമ്പോൾ ജപ്പാൻ സന്ധി നിഷേധിച്ചതിന്റെ അർത്ഥം മറ്റെന്തായിരിക്കാം?




അലക്സാണ്ടർരാജാവിൻെറകാലത്തു സൈന്യാധിപനായിരുന്ന ജനറൽ മിലാൻ മിലാനോവിച്ച് ജൂഗോസ്ലാവിയായിലെ "ശക്തൻ" ആയിത്തീരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഒരു യഥാൎത്ഥ ശക്തനെക്കൊണ്ടുമാത്രമേ ജൂഗോസ്ലാവിയയെ ഇന്നു അടക്കി ഭരിക്കുന്നതിനുസാധിക്കുകയുള്ളു.

U. P. S.




ഗൗതമബുദ്ധൻ തൻെറ അഷ്ടമാൎഗ്ഗത്തെ ആ
പ്രസിദ്ധമായ സ്തൂപം ബുദ്ധ


ശരനാഥ കാശ യിൽനിന്നു നാലു



(ഇട
മോസ്കോയിലെ വ
ടാംകുകൾ, യുദ്ധത്തിനുപയോ
ഘോഷയാത്രയി

(വല
ഫ്രാൻസിലെ ഇപ്പോഴ
മുൻവരിയിൽ ഇടത്തുനിന്നും:—
ഴ്യം), മാർസൽ റെജിനീർ
ഹെരിയട്ട് (സ്റ്റേറ്റ്),
ല്യൂയി മരിൻ (സ്റ്റേറ്റ്) പ
മല്ലാർമി (വിദ്യാഭ്യാസം).

## കേക്ക്—വ്യ00 റാത്തൽ തൂക്കം!






ദ്യമായി ഉപദേശിച്ച ശരനാഥ് എന്ന സ്ഥലത്തെ
വിഗ്രഹം, സ്മാരകസ്തംഭം മുതലായവ.

മൈൽ അകലെയുള്ള ഒരു സ്ഥലമാണ്.

Courtesy, Gopinath.



കെൻറ് - മരീനാ വിവാഹം സംബന്ധിച്ചുണ്ടാക്കിയ കേക്ക്.

9 അടി ഉയരം, 800 റാത്തൽ തൂക്കം, വെള്ളിത്തട്ട് ഇവയോടുകൂടി, ഗ്രീക്ക
രീതിയിൽ, സൗഭാഗ്യസൂചകമായി മോതിരം, കുതിരലാടം, ബട്ടൻ, പ്രാവു
മുതലായവ അടക്കി ഉണ്ടാക്കപ്പെട്ട വിശേഷപ്പെട്ട കേക്കാണ് ഇച്ച്.

U. P. S.

ദ്ധ്വവശം)
വിപ്ലവസ്മാരകദിനം.
ാദിക്കുന്ന കാവൽകാർ മുതലായവ
ിൽ പങ്കെടുക്കുന്നു.

ത്തുവശം)
ഴത്തെ മന്ത്രിസഭാംഗങ്ങൾ.
ലൂയി ജർമെൻ മാർട്ടിൻ (ധനകാ
(ആഭ്യന്തരകാര്യം), എഡ്വർഡ്
പ് ളാൻഡിൻ (പ്രധാനമന്ത്രി),
ീറിലവാൽ (വിദേശം), ആൻഡ്രി

U. P. S.



# യോഗക്ഷേമസഭ—ഒരു നിരീക്ഷണം.

യോഗക്ഷേമസഭ അന്നു ഞാൻ ആദ്യമായിട്ടാണു കാണുന്നതു്. അതിനെയും അതിൽ കഴിഞ്ഞ 25 വർഷക്കാലമായി വരുത്തിയിട്ടുള്ള ഓരോ പരിഷ്കാരങ്ങളെയുംപററി ഇതിനുമുൻപുതന്നെ ഞാൻ കേട്ടിട്ടുണ്ടു്. ഈ സഭയെയും അതിൽനിന്നുമുണ്ടായിരിക്കുന്ന ഗുണഗണങ്ങളെയും ആധുനികഭാരതത്തിലെ സാമുദായികപ്രവൎത്തനത്തിൽ ഒരു അത്ഭുതമായിത്തന്നെ കണക്കാക്കാം. നംപൂതിരിമാരെപ്പോലെ മാമൂൽപ്രിയമുള്ള ഒരു സമുദായസഭ വിശാലമനസ്കരായ അംഗങ്ങളെ ഈ കുറഞ്ഞൊരു കാലത്തിനിടയിൽ സൃഷ്ടിച്ചിരിക്കുന്നുവെന്നുള്ളതുതന്നെ നംപൂതിരിമാർ ഉയൎന്നതരത്തിലുള്ള ബുദ്ധിശക്തിയാലും മഹത്തായ അനുകരണശക്തിയാലും അനുഗൃഹീതരാണെന്നുള്ളതിനു മതിയായ തെളിവു നമുക്കു നൽകുന്നു. യുവാക്കൾ യുവാക്കൾതന്നെ എന്നുള്ള സംഗതി നംപൂതിമാരെസംബന്ധിച്ചും യഥാൎത്ഥംതന്നെ എന്നുള്ളതിനു ഉണ്ണിനംപൂതിരിമാർതന്നെ സാക്ഷ്യംവഹിക്കുന്നു. ഈ ഉണ്ണിനംപൂതിരിമാർ പ്രദൎശിപ്പിക്കുന്ന കാൎയ്യശേഷിയെ നേരിട്ടു കണ്ടുതന്നെ അറിയണമെന്നുള്ള ഏകമോഹമാണു് ഇപ്രകാരം യോഗക്ഷേമസഭ സന്ദൎശിക്കുന്നതിനു എന്നെ പ്രേരിപ്പിച്ചതു്. രണ്ടുദിവസത്തെ കാൎയ്യപരിപാടിയിൽ ആദ്യന്തം സംബന്ധിച്ചുകൊണ്ടു പൂൎവ്വാധികം ശ്രദ്ധയോടും ചാരിതാൎത്ഥ്യത്തോടുംകൂടി അവിടെ നടന്നിരുന്ന ഓരോ സംഗതികളെയും ഞാൻ നിരീക്ഷണം ചെയ്തു. എനിക്കു തൽസമയം അതേസംബന്ധിച്ചുണ്ടായ അഭിപ്രായങ്ങളെ വായനക്കാൎക്കുവേണ്ടി ഇവിടെ എഴുതിക്കൊള്ളുന്നു.

വിധവാ പുനൎവിവാഹം എന്ന വാദവിഷയം സംശയമെന്യേ, സഭയിലെ മാമൂൽപ്രിയരായ അംഗങ്ങളെയും, സാമുദായികപരിഷ്കാരപ്രിയന്മാരായ ഉണ്ണിനംപൂതിരിമാരെയും ശക്തിമത്തായ ഒരു മത്സരത്തിലേക്കുതന്നെയാണു ക്ഷണിച്ചതു്. എന്നാൽ യോഗക്ഷേമസഭ തങ്ങൾ വരുത്തുന്നതിനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾക്കു എതിരാണെന്നുള്ള ഒരു ബോദ്ധ്യം ഉണ്ണിനംപൂതിരിമാൎക്കുണ്ടെന്നു ആരോ എന്നോടുപറഞ്ഞു. തന്മൂലമായിരിക്കാം ഹരിപ്പാട്ടു ഉണ്ണിനംപൂതിരിമാരിൽ വളരെപ്പേർ സന്നിഹിതരാകാത്തതു്. യാഥാസ്ഥിതികവിഭാഗത്തിൽ ഉൾപ്പെട്ടവരും വളരെ കുറവുതന്നെ. ഈ ഇരുകൂട്ടരുടെയുംമദ്ധ്യേ സ്ഥിതിചെയ്യുന്ന മറെറാരുകൂട്ടരായിരുന്നു അധികമായി അവിടെകൂടിയിരുന്നതെങ്കിലും, ആ പ്രദൎശനത്തെ ഭരിച്ചതു് അവിടെയുണ്ടായിരുന്നവരും സംഖ്യയിൽ തുലോം കുറഞ്ഞിരുന്നവരുമായ ഉണ്ണിനംപൂതിരിമാർതന്നെ. വിഷമകരമായ ഘട്ടങ്ങളിൽ അവരുടെ ശബ്ദമായിരുന്നു അവിടെ ശക്തിപ്രാപിച്ചിരുന്നതു്. പ്രാധാന്യാൎഹമായ രണ്ടു പ്രമേയങ്ങൾ അവതരിപ്പിച്ച സന്ദൎഭത്തിൽ ഈ ഉണ്ണിനംപൂതിരിമാർ പ്രദൎശിപ്പിച്ച നിപുണത അത്ഭുതാവഹംതന്നെ. കൊടുങ്കാററുകൊണ്ടെന്നോണം സഭയെ ആകമാനം അവർ ഇളക്കി. മാമൂൽപ്രിയന്മാരുടെ എതിൎപ്പിനെ അവർ തകൎത്തു, മദ്ധ്യസ്ഥവിഭാഗക്കാരുടെ അനിശ്ചിതാവസ്ഥയെ അവർ എതിൎത്തു.

അദ്ധ്യക്ഷസ്ഥാനത്തു ആരോഹിതനായിരുന്നതു ചിററൂർ കുഞ്ഞൻനംപൂതിരിപ്പാടു എന്ന മാന്യദേഹമായിരുന്നു. സുമുഖനും 25 വയസ്സുമാത്രം പ്രായമുള്ളവനും ബുദ്ധിമാനും ആയ ആ യുവാവു് തന്റെ നിപുണതയാൽ ആ സഭയെ ഭരിക്കയത്രേ ചെയ്തതു്. അദ്ദേഹം തികഞ്ഞ ഒരു സമുദായസേവകനും അക്ഷീണനായ ഒരു തൊഴിലാളിയും അത്രെ. ഒരു മികച്ച ജന്മിയായ ഇദ്ദേഹം തന്റെ കൗമാരപ്രായംമുതൽക്കേ, നംപൂതിരിമാരുടെ ഒരു മാൎഗ്ഗദൎശിയും സ്നേഹിതനുമാകുന്നു. പഴയതും പുതിയതുമായ തലമുറകളെ തമ്മിൽ യോജിപ്പിക്കുന്ന ഒരു കണ്ണിയായിട്ടാണു ഇദ്ദേഹം നമുക്കു പ്രത്യക്ഷപ്പെടുന്നതു്. നിശ്ചയമായും മാമൂൽപ്രിയക്കാരും ഉണ്ണിനംപൂതിരിമാരും പ്രത്യേകവിധത്തിലുള്ള രണ്ടു വിഭാഗക്കാരായി വേൎപെടാതിരിക്കുന്നതു് ഇദ്ദേഹത്തിന്റെസാമൎത്ഥ്യംകൊണ്ടാണു്. ഇദ്ദേഹത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ, ഉണ്ണിനംപൂതിരിമാരുടെ ശീഘ്രതരമായ കാൎയ്യപരിപാടിയും, പഴയ തലമുറയുടെ യാഥാസ്ഥിതികത്വവും തമ്മിലുള്ള സമരവും അവയെ യോജിപ്പിക്കുന്നതിനു തന്റെ ഹൃദയത്തിലുള്ള ഉൽക്കണ്ഠയും വ്യക്തമാകുന്നുണ്ടു്. തന്മൂലം തെളിവായി മുൻപോട്ടു പോകേണ്ടിയിരുന്ന ഇടങ്ങളിൽ അദ്ദേഹം ഇളയ്ക്കുന്നു. വൎഗ്ഗീയമനഃസ്ഥിതിയിൽനിന്നും അദ്ദേഹം പൂൎണ്ണസ്വതന്ത്രനായിരുന്നില്ല. സ്വീകരണക്കമ്മററിഅദ്ധ്യക്ഷന്റെ പ്രസംഗം പ്രായോഗികമായ സംഗതികളെ പരാമൎശിച്ചിരുന്നതിനാൽ താരതമ്യേന ഒന്നുകൂടി ഉത്തേജകമായിരുന്നു.

വിധവാവിവാഹം പ്രായോഗികപദ്ധതിയിലാക്കിയ വധൂവരന്മാൎക്കു മംഗളമാശംസിക്കുകയെന്നുള്ളതും, ഈ വിവാഹത്തെ ശുഭമായി നടത്തിയ മി. വി. ററി. ആർ. ഭട്ടതിരിപ്പാടിനു 100 രൂപാ സംഭാവന നൽകണമെന്നുള്ളതും ആയിരുന്നു സഭയിൽ അവതരിപ്പിച്ച രണ്ടു പ്രധാന പ്രമേയങ്ങൾ. തുടസ്സത്തിൽതന്നെ ആദ്യ പ്രമേയത്തെ തള്ളിയെങ്കിലും, രണ്ടു ഉണ്ണിനംപൂതിരിമാർ പൂൎവ്വാധികം ഉത്സാഹത്തോടുകൂടിത്തന്നെ അതിനെ സഭയിൽ വീണ്ടും അവതരിപ്പിക്കയും അതിനെ സ്വീകരിക്കുന്നതിനായി വാശിയോടുകൂടി സംസാരിക്കുകയും ചെയ്തു. മൈ പള്ളുള്ളി നംപൂതിരിപ്പാടും, വാഴക്കുന്നം നംപൂതിരിപ്പാടും വേറെ ഏതാനും ചെറുപ്പക്കാരുംകൂടി സദസ്സിനെ കൈവശപ്പെടുത്തുകതന്നെയാണു ചെയ്തതു്. തൽഫലമായി വൈകുന്നേരം കൂടിയ മീററിംഗിൽ ഈ പ്രഥമ പ്രമേയം പാസ്സാക്കപ്പെട്ടു. ഇതിനെ ഔദ്യോഗികമായി പാസ്സാക്കുന്നതിനു പിറേറദിവസം കൂടിയ സഭയിൽ ഇതിനെ ഉണ്ണിനംപൂതിരിമാർ ശക്തിമത്തായ എതിൎപ്പിനിടയ്ക്കു അവതരിപ്പിച്ചു. യാഥാസ്ഥിതികന്മാരുടെ ശക്തിമത്തായ ഈ എതിൎപ്പിലും ചെറുപ്പക്കാരായ ഈ നംപൂതിരിമാരത്രേ ഭരണനേതാക്കളായി കാണപ്പെട്ടതു്. ഇക്കൂട്ടരിൽനിന്നും തത്തുല്യമായ എതിൎപ്പുണ്ടായിരുന്നിട്ടും സഭയിൽ തൽക്കാലം പണമില്ലെന്നുള്ള ആവലാതി കൊണ്ടുവരപ്പെട്ടുവെങ്കിലും രണ്ടാമത്തെ പ്രമേയവും പാസ്സായി. ഇതിനെ സഭയിൽ അവതരിപ്പിച്ച സന്ദൎഭം ആരുടെയും സ്മരണയിൽ എപ്പോഴും നിലനിൽക്കും. പണസംബന്ധമായ വിഷമത്തെക്കുറിച്ചു പ്രസ്താവിച്ച ആ നിമിഷത്തിൽ ഒരുണ്ണിനംപൂതിരിപ്പാടു പ്രസംഗവേദിയിലേക്കു ചാടിക്കയറി സന്നിഹിതരായിരുന്ന മററംഗങ്ങളോടു ആവശ്യപ്പെട്ടിരിക്കുന്ന പണം അവിടെവച്ചുതന്നെ പിരിച്ചെടുക്കേണ്ടതാണെന്നു അഭ്യൎത്ഥിച്ചു. മേശപ്പുറത്തു തന്റെ സഞ്ചിതുറന്നു അതിൽ ഉണ്ടായിരുന്നതു മുഴുവൻ അദ്ദേഹം കുടഞ്ഞിട്ടു. ശ്രീമതി ലളിതാംബികഅന്തൎജ്ജനം ഈ സമയം മുൻപോട്ടുവന്നു അവരുടെമോതിരം മേശപ്പുറത്തുവച്ചു കാഴ്ച കാണേണ്ടതുതന്നെയായിരുന്നു. മി. മാധവന്റെ പുത്രിയും ഒരു മോതിരം ഈ ആവശ്യത്തിലേക്കു പ്രദാനംചെയ്തു. ഇങ്ങനെ ആവശ്യപ്പെട്ട തുക സംഭരിച്ചതിനോടുകൂടി ഒട്ടും വിസമ്മതംകൂടാതെതന്നെ സഭ പ്രമേയവും പാസ്സാക്കി.

അവിടെ കൂടിയിരുന്നവരിൽ, ശ്രീ ലളിതാംബിക അന്തൎജ്ജനത്തെ ഈ ഘട്ടത്തിൽ വിസ്മരിക്കുക അസാദ്ധ്യം. നംപൂരിസ്ത്രീലോകത്തിന്റെ പരിതാപാവസ്ഥയുടെ ഒരവതാരമായിട്ടും, ഇന്നത്തെ അന്തൎജ്ജനങ്ങൾക്കു ജ്ഞാനപ്രകാശം നൽകുന്ന ഒരു ദീപമായിട്ടുമാണു അവർ അവിടെ പ്രത്യക്ഷപ്പെട്ടതു്. സാഹിത്യപ്രണയിനിയായ ഈ അന്തൎജ്ജനം തന്നാൽ വിരചിതവും കഷ്ടാൽകഷ്ടതരമായ നംപൂതിരിസ്ത്രീസമുദായാവസ്ഥയെ പുരസ്കരിച്ചുള്ളതുമായ പദ്യശകലങ്ങളെ അവിടെവായിച്ചപ്പോൾ എന്തെന്നില്ലാത്ത ഒരു നെടുവീൎപ്പു സഭാംഗങ്ങളിൽനിന്നും പുറപ്പെട്ടതിൽ അതിശയിക്കാനൊന്നുമില്ല. രണ്ടാംദിവസം രാത്രി അവിടെ അഭിനയിച്ച നാടകവും അവരാൽ രചിക്കപ്പെട്ടതായിരുന്നു. സാഹിത്യപ്രണയിനിയെങ്കിലും, അന്തഃപുരവാസിനിയായ ഈ ഗ്രന്ഥകൎത്ത്രിയുടെ ഈ രചനയിൽ ഏതാനും ചില കുറവൊക്കെയും ഉണ്ടായിരുന്നിരിക്കാമെങ്കിലും, അതു യാഥാസ്ഥിതികരുടെ കഠിനഹൃദയത്തെപ്പോലും അല്പസമയത്തേക്കു ഇളക്കി. സാവിത്രി എന്ന പേരോടുകൂടിയ ഒരു നംപൂതിരിപ്പെൺകിടാവിനെ അഞ്ചു ഭാൎയ്യമാരുള്ള ഒരു കിഴവനു വിവാഹംചെയ്യുന്നതും, ഏറെ താമസിയാതെ വൈധവ്യാവസ്ഥയെ പ്രാപിക്കുന്നതും, സാമുദായികാചാരങ്ങളാൽ ആ യുവവിധവ കഷ്ടപ്പെടുന്നതും അവസാനത്തിൽ, ഉണ്ണിനംപൂതിരിമാർ അവളെ രക്ഷിക്കുന്നതിനായി പുറപ്പെടുന്നതും, അക്കൂട്ടത്തിൽ അവളിൽ അനുരാഗവശനായ ഒരുവൻ അവളെ വിവാഹംചെയ്യുന്നതും, ഒരേസമയത്തു ഈ പ്രഹസനംവഴി അഭിനയിച്ചുകണ്ട സമയം, അശ്രുധാരയിൽ മുങ്ങാത്തവരും, തങ്ങളുടെസ്ത്രീകളുടെ നിലയിതോ എന്നു സഹതപിക്കാത്തവരുമായി അക്കൂട്ടത്തിൽ ഒരുത്തരും ഉണ്ടായിരുന്നില്ല. തൃപ്തികരമാംവണ്ണം ഇതിനെ അഭിനയിച്ച ആ ചെറുനടർ, ഒരു കക്ഷിനിരൂപകനായ മി. കൈനിക്കര എം. കുമാരപിള്ള ബി. എ. എൽ. ററി.-യെത്തന്നെയും സംപ്രീതനാക്കി.

ഉണ്ണിനംപൂതിരിമാരുടെ ധൈൎയ്യം അഭിനന്ദനീയംതന്നെ. പ്രബുദ്ധമായ ഇവരുടെ ചിത്തത്തിനു അസാദ്ധ്യമായി യാതൊന്നും ഇല്ല.

ജി. രാമചന്ദ്രൻ.

# എക്സ് പ്രസിഡണ്ട് സർ ആർ. കെ. ഷൺമുഖം ചെട്ടി.

(മണിയൻ.)

സർ. ആർ. കെ. ഷൺമുഖംചെട്ടി ഇന്ത്യൻ അസംബ്ളിയുടെ എക്സ്പ്രസിഡണ്ടായിത്തീൎന്നിരിക്കുന്നു. അനൌദ്യോഗികാധിത്യകയുടെ അത്യുച്ചസ്ഥാനത്തേക്കു അതിമാത്രം ത്വരയോടെ പാഞ്ഞുകയറിയ ഈ "ഒട്ടാവാവീര"ൻെറ പ്രസിഡണ്ടുസ്ഥാനം ഡിസംബർ മുപ്പത്തൊന്നാംതിയതിയോടെ അവസാനിക്കണമെന്നാണു വന്നുക്രുടിയതു്. പരിതാപകരമായ ഈ പൎയ്യവസാനം "പാർലിമെൻററിസാഹിത്യചരിത്രത്തിൽ" കറുപ്പുമഷിയിൽ രേഖപ്പെട്ടു കിടക്കുമെന്നു തീൎച്ചയാണു്; എന്തെന്നാൽ 'സ്പീക്കറു'ടെ പ്രതിനിധിസ്ഥാനം നഷ്ടപ്പെടുക എന്ന അനുഭവം പാർലമെൻറിനു ഭൂഷണമല്ലെന്നുള്ള പതിവു ഈ സംഗതിയിൽ അഗണ്യമാകേണ്ടതായിട്ടാണു വന്നു കലാശിച്ചതു്. ദേശീയഭാരതത്തിൻെറ അരുമസന്താനമായിരുന്ന മി. ഷൺമുഖംചെട്ടി, സർ സ്ഥാനംകൊണ്ടു; പ്രസിഡണ്ടുപട്ടം കെട്ടി; ഭാനുമണ്ഡലത്തോളം ...ന്നു പാതിയെപ്പോലെ വിവശനായി, ഇതാ അധഃപതിച്ചിരിക്കുന്നു! ശ്രേയോവാഞ്ഛയുള്ള യുവാക്കന്മാർ ഈ പതനമോൎത്തു ...ചുടുനിശ്വാസം പുറപ്പെടുവിക്കും; ഒരുതുള്ളി കണ്ണുനീർ പൊഴിക്കയും ചെയ്യും.

അസംബ്ളി തിരഞ്ഞെടുപ്പിൽ അനുകമ്പാജനകമായ പരാജയത്തിനു വിധേയനായ സർ ചെട്ടിയുടെ പതനം "നിമിത്ത" വിശ്വാസികളെ ഒരുപക്ഷെ അത്ഭുതപ്പെടുത്തിയിട്ടില്ലായിരിക്കാം കഴിഞ്ഞ ആഗസ്റ്റ് 31-ാംതിയതി അസംബ്ളിസമ്മേളനത്തിൻെറ അവസാനരംഗമായപ്പോഴേക്കും പത്രറിപ്പോർട്ടുകൾ കവിതകളായി മാറിക്കഴിഞ്ഞിരുന്നു. അടുത്തകാലത്തൊന്നും ഇത്ര വളരെദിവസത്തേക്കു അസംബ്ളിസമ്മേളനം നീണ്ടുനിന്നിട്ടില്ല. സമ്മേളനസ്ഥലമായ സിംലയാകട്ടെ ശൈത്യബാധയാൽ നിരുന്മേഷതരവുമായിരുന്നു. ചിലദിവസങ്ങളായി സൂൎയ്യപ്രകാശമുണ്ടായിരുന്നില്ലെന്നുതന്നെ പറയണം. മൂടൽമഞ്ഞിൻെറയും കോരിച്ചൊരിയുന്ന മഴയുടെയും ശല്യം സഹിച്ചുകൊണ്ടു അസംബ്ള മന്ദിരത്തിലിരുന്നവരുടെ മനസ്സുമാത്രം അടുത്തുവരുന്ന തിരഞ്ഞെടുപ്പിനെപ്പററിയുള്ള ചിന്തയാൽ തപ്തമായിത്തീൎന്നിരുന്നു. ഒടുവിൽ, "ഈ സഭ അവധിനിശ്ചയിക്കാതെ നിൎത്തിവച്ചിരിക്കുന്നു" എന്നുള്ള കാൎയ്യമാത്രപ്രസക്തമായ പ്രഖ്യാപനത്തിനായി ഹസ്തഘോഷങ്ങൾക്കിടയിൽ "മിസ്റ്റർ സ്പീക്കർ" എഴുന്നേററു. അതാ ഒരു പ്രകാശപ്രസരണം ദർശിതമായി! പശ്ചിമാന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്ന സായന്തനസൂൎയ്യൻെറ ധൂസരകിരണങ്ങൾ, സ്പീക്കറുടെ സമീപത്തിലെത്തി കൈകൊട്ടുന്നു പിരിയുന്നതിനുത്സാഹിക്കുന്ന മെമ്പർമാരുടെ വസ്ത്രവിശേഷങ്ങൾക്കു കാന്തിപ്പൊലിമ ഇയററി! എത്താണ്ടു ഈതരത്തിലാണു ആ രംഗം അന്നു പ്രദർശിതമായതു്.

1927 മാർച്ചുമാസത്തിൽ ലജപതിറായിയുമൊരുമിച്ചു എറനാകുളത്തുവന്നു ജനങ്ങളുടെ അത്യാദരവിനു പാത്രമായിത്തീൎന്ന മി. ഷൺമുഖംചെട്ടിയെപ്പററി അന്നു ഞാൻ കേട്ടറിഞ്ഞു. ഒട്ടാവാകരാറിനെപ്പററി അസംബ്ളിയിൽ വാദപ്രതിവാദം നടക്കുമ്പോൾ മി രങ്കയ്യരുടെ നിശിതമായ ഒരു ആക്രമണത്തിൽ പരിഭ്രാന്തനായുഴലുന്ന മി. ചെട്ടിയെ സങ്കല്പദൃഷ്ടികൾകൊണ്ടു ഞാൻ കണ്ടിരുന്നു. മി. രങ്കയ്യർ ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗമെന്ന ഭാവേന, മി. ചെട്ടി ചിലതു ഉദ്ധരിക്കയും അങ്ങിനെ രങ്കയ്യവർകളുടെ വാദത്തെ താങ്ങി തൻെറ ഒട്ടാവാപക്ഷപാതിത്വത്തെ സാധൂകരിക്കുന്നതിനു ശ്രമിക്കയും ചെയ്തു "ഇതാ എൻെറ പ്രസംഗത്തിൻെറ പ്രൂഫ് തിരുത്തികഴിയാത്ത ഒരു പ്രതി, ബഹുമാനപ്പെട്ടമെമ്പർ ഉദ്ധരിച്ച ഭാഗം ഇതിൽ കാണിച്ചുതരിക", എന്നു ക്രുദ്ധനായ മി: രങ്കയ്യർ ഇടയ്ക്കുകയറിപ്പറകയും, തൻെറ കയ്യിലിരുന്ന 'പ്രൂഫ്' മി. ചെട്ടിയുടെ മേശപ്പുറത്തേക്കെറിയുകയുമാണുണ്ടായതു്. ഈ രംഗത്തിലെ ചെട്ടി അവർകളുടെ പരിഭ്രാന്തി ഊഹ്യമാണല്ലൊ. പ്രസിഡണ്ടു സർ, ചെട്ടി, സന്ദർഭാനുസരണമല്ലാത്ത ഒരു പ്രസംഗം ചെയ്യേണ്ടതിനു സന്ദർഭവശാൽ പ്രേരിതനായപ്പോഴ, ക്രുസലില്ലാത്ത വാചാലതയോടും, 'ഞാനൊന്നുമറഞ്ഞില്ലെ'ന്നുള്ള നാട്യത്തോടുംക്രുടി കഴിഞ്ഞകൊല്ലംമലബാർ വൎത്തകമണ്ഡലത്തിൻെറ വാർഷികസമ്മേളനത്തെ അഭിമുഖികരിച്ചതു എനിക്കു കാണാൻ കഴിഞ്ഞു. സർ. ചെട്ടി റിസർവുബാങ്കിലെ ഒരു ഉയൎന്ന ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുമെന്ന ശ്രുതി പ്രബലപ്പെട്ടുവരുന്ന ഘട്ടമായിരുന്നു അതു്. അദ്ദേഹത്തെ സ്വാഗതംചെയ്തുകൊണ്ടു സമ്മേളനഭാരവാഹികളിലൊരാൾ വായിച്ച പ്രസംഗത്തിൽ, മാന്യഅതിഥിയുടെ ഉന്നതപദവി പരാമൎശിക്കപ്പെട്ടിരുന്നു; കുറേക്രുടെ ഉന്നതമായ ഒരു സ്ഥാനം (?) അദ്ദേഹം സ്വീകരിക്കേണ്ടിവരുമെന്നുള്ള ശ്രുതി യഥാൎത്ഥമായി കലാശിക്കട്ടെ എന്നുള്ള ആശംസയും അതിലടങ്ങിയിരുന്നു. അസംബ്ളിപ്രസിഡണ്ടെന്ന നിലയിൽ തനിക്കുള്ള ഔന്നത്യത്തെപ്പററി കാൎയ്യമായി ഗൌനിക്കുന്നവർ ഇവിടെയെങ്കിലുമുണ്ടെന്നുകണ്ടതിൽ തനിക്കു വളരെ സന്തോഷമുണ്ടെന്നു മാത്രം പറഞ്ഞു ഈ സ്വാഗതപ്രസംഗത്തെ പരാമർശിച്ചുള്ള തൻെറ പ്രസംഗഭാഗം സർ. ചെട്ടി അവസാനിപ്പിച്ചു. ഏകരീതിയിലുള്ള തൂക്കങ്ങളും അളവുകളുംമററും കച്ചവടാഭിവൃദ്ധിക്കു എത്രകണ്ടു സഹായകമാണെന്നുംമററുമുള്ള കേവലം സാങ്കേതികമായ ഒരു ചൎച്ചയിലേക്കു അദ്ദേഹം തന്ത്രത്തിൽ ശ്രോതാക്കളുടെ ശ്രദ്ധ തിരിക്കയും ചെയ്തു. കുറേക്കഴിഞ്ഞു ഡൽഹിയിലെത്തിയശേഷംമാത്രമാണു റിസർവുബാംകുഉദ്യോഗത്തെപ്പററിയുള്ള ശ്രുതി അടിസ്ഥാനരഹിതമാണെന്നു സർ ചെട്ടി പത്രങ്ങളിൽ പ്രസിദ്ധംചെയ്യിച്ചതു്

അമിതമായ ആത്മവിശ്വാസത്തിൻെറ നികേതനമാണു സർ. ഷൺമുഖം. അസംബ്ളി തിരഞ്ഞെടുപ്പുകാലത്തെ പ്രസംഗങ്ങളിൽ അദ്ദേഹം അതു വിശദമാക്കിയിരുന്നു. താൻ വീണ്ടും പ്രസിഡണ്ടാകുമെന്നും അന്നു കാൺഗ്രസ്സുകാരെ നല്ലപാഠം പഠിപ്പിക്കുമെന്നുപോലും അദ്ദേഹം അക്കാലത്തു പറഞ്ഞുപോന്നു. നിഷ്പക്ഷപാതിയായ ഒരു പ്രസിഡണ്ടിനു അവഗാഢമായ നിയമപാണ്ഡിത്യം ഉണ്ടായിരിക്കുന്നതാവശ്യമാണെന്നും തനിക്കു അതു കരഗതമാണെന്നും വെല്ലൂർ ബാർഅസോസിയേഷൻകാർ നൽകിയ ഒരു മംഗളപത്രത്തിനു മറുപടിയായി ചെയ്ത പ്രസംഗത്തിൽ സർ. ചെട്ടി പ്രസ്താവിച്ചു ഈ നിയമപാണ്ഡിത്യംതന്നെ പലപ്പോഴും വളരെ സഹായിച്ചിട്ടുള്ളതായി അദ്ദേഹം അനുസ്മരിക്കുകയും ചെയ്തു. എന്നാൽ നിഷ്പക്ഷവാദിയായ പ്രസിഡണ്ടാകേണ്ടുന്ന ഒരാൾ തിരഞ്ഞെടുപ്പിൽ എതിൎക്കുന്ന കക്ഷിയെ നല്ലപാഠം പഠിപ്പിക്കുമെന്നു പറയാവുന്നതാണൊ എന്നു അദ്ദേഹം അത്ര ചിന്തിച്ചില്ല. അധികാരഗൎവ്വം, അനവസരത്തിൽ പ്രദർശിപ്പിക്കയാണദ്ദേഹം ചെയ്തതു്. ആത്മവിശ്വാസം അതിരുവിടുമ്പോൾ ഗർവ്വമായി മാറി. ഗർവ്വം അധഃപതനത്തിൻെറ മുന്നോടിയാണെന്നാണു അഭിജ്ഞവചനം. സർ. ചെട്ടിക്കു അദ്ദേഹത്തിൻെറ ഉല്ക്കർഷോന്മുഖമായ പൌരജിവിതമാണു സൎവ്വപ്രധാനമായി തോന്നിയിട്ടുള്ളതെന്നു സുവിശദമാകുന്നു. അസംബ്ളിപ്രസിഡണ്ടിൻേറതിനെക്കാൾ ഉന്നതമായ സ്ഥാനമുണ്ടെന്നു അദ്ദേഹം ചിന്തിച്ചപ്പോൾ ശ്രേയോവാഞ്ഛ കളങ്കിതമാക്കപ്പെട്ടു. ആരോഹണമെന്നപോലെ അവരോഹണവും അതിശീഘ്രമായിപ്പോയി. ഇന്ത്യൻയുവാക്കന്മാൎക്കു അദ്ദേഹത്തിൻെറ ജീവിതം ഒരു സാധനപാഠമാകുന്നു.

പ്രസിഡണ്ടെന്ന നിലയിൽ സർ. ചെട്ടി ഒട്ടൊട്ടു ശോഭിക്കാതിരുന്നിട്ടില്ല. പട്ടാളനിയമഭേദഗതിബിൽ ചൎച്ചചെയ്യപ്പെടുന്നയവസരത്തിൽ 'ഇന്ത്യൻ ... ന്' എന്നുവച്ചാൽ ആസേതുഹിമാചലം നിണ്ടുനിവൎന്നു കിടക്കുന്ന ഭൂവിഭാഗത്തിൽ കുടികൊള്ളുന്ന നാനാവൎഗ്ഗക്കാരുമടങ്ങിയ പട്ടാളവിഭാഗം എന്നാണു് അൎത്ഥം എന്നു സർ ചെട്ടി ഒരു റൂളിംഗു നൽകിയതും എന്തെന്നില്ലാത്ത പ്രശംസയ്ക്കു അദ്ദേഹം ഉടനടി പാത്രമായതും അധികനാൾ മുമ്പല്ല. എന്നാൽ ഈ റൂളിംഗു അനുസരിച്ചു സർ അബ്ദുർറഹിം അവതരിപ്പിച്ച ഭേദഗതി അസംബ്ളിയിൽ തള്ളിപ്പോകയാണുണ്ടായതു്. ഈ റൂളിംഗിനു വിപരീതമായി ഒന്നു സ്റ്റേററുകൌൺസിൽ പ്രസിഡണ്ടു പ്രയോഗിച്ചു എന്നതും ഇവിടെ സ്മരണീയമാണു്. ഏതായാലും സർ. ചെട്ടിയുടെ റൂളിംഗു സാങ്കേതികതടസ്സങ്ങൾക്കു വഴിവയ്ക്കുന്നതായിരുന്നു. അങ്ങിനെ അദ്ദേഹത്തിൻെറ ദേശഭക്തിപ്രകടനം നിഷ്പ്രഭമായിപ്പോയി. ഉരുക്കുസാമാനങ്ങളിന്മേൽ ഏൎപ്പെടുത്തുന്ന ... ചുമത്തു

ന്നതിൽ അസംബ്ളിയുടെ അഭിപ്രായമാരായുന്നതിനുപോലും സന്നദ്ധനല്ലായിരുന്ന ധനകാര്യസാമാജികനെ അസംബ്ളിയുടെ ഭൂരിപക്ഷാഭിപ്രായത്തിനു വഴങ്ങാൻ പ്രേരിപ്പിക്കുന്ന ഒരു റൂളിംഗു സർ. ചെട്ടി നൽകി; എങ്കിലും, അതുകൊണ്ടും ഇന്ത്യയ്ക്കു ഗുണമുണ്ടാവാതെയാണു കാര്യം കലാശിച്ചതു്. റിസർവ്വബാങ്കുബില്ലിൻെറ ചർച്ചക്കിടയ്ക്കു തൻെറഭാരതീയപക്ഷപാതിത്വത്തെ പ്രസ്പഷ്ടമാക്കുമാറു അദ്ദേഹം ഒരു റൂളിംഗു നൽകി; എന്നാൽ അവിടേയും നിയമപടുത്വം അദ്ദേഹത്തിൻെറ ഉന്നതസ്ഥാനത്തിനനുയോജ്യമായവിധത്തിൽ പ്രത്യക്ഷപ്പെട്ടില്ല. സാങ്കേതികതടസ്സം ഇവിടെയും സമുല്പന്നമായി. കാര്യവശാൽ അദ്ദേഹം ഈ റൂളിംഗു പിൻവലിക്കയുംചെയ്തു. മുൻഗാമികളുടെ റൂളിംഗുകളെ ഭേദപ്പെടുത്തണമെങ്കിൽ തക്കതായ ന്യായം എടുത്തുപറയണമെന്ന അഭിപ്രായക്കാരനാണു സർ ചെട്ടി. എന്നാൽ ബങ്കാൾ ഡിററന്യൂബില്ലിൻെറ പര്യാലോചനയ്ക്കിടക്കു, പ്രസിഡണ്ടു പട്ടേലിൻെറ ഒരു റൂളിംഗിനെ സർ. ചെട്ടി തക്കതായ ന്യായം പറയാതെ ധിക്കരിക്കതന്നെ ചെയ്തു. സപ്ലിമെൻററിചോദ്യങ്ങൾ ചോദിക്കുന്നതിനു അസംബ്ളിക്കുള്ള അവകാശം തല്ക്കാലത്തേക്കു നിഷേധിക്കുന്നതിനുപോലും സർ. ഷൺമുഖം ഒരവസരത്തിൽ ധൈര്യപ്പെട്ടു. ഗവമ്മെൻറിനു അത്ര സുഖപ്രദമല്ലാത്ത, ചെംകുപ്പായക്കാരുടെ പ്രശ്നമായിരുന്നു ചിന്താവിഷയം. എന്തിനധികം, സർ ചെട്ടിയുടെ പ്രസിഡണ്ടുസ്ഥാനലബ്ധികൊണ്ടു ഇന്ത്യയ്ക്കു സാരമായ കാര്യലാഭമൊന്നുമുണ്ടായിട്ടില്ലെന്നു സമ്മതിക്കുകതന്നെ വേണം. നിർജ്ജീവമായ ഒരു അസംബ്ളിയിലെ ചൈതന്യം മങ്ങിയ സ്പീക്കറായിരുന്നു സർ ഷൺമുഖം. സപ്ലിമെൻററിഗ്രാൻറുകളെപ്പററി ധനകാര്യക്കമ്മററി അസംബ്ളിക്കു ഉപദേശം നൽകണമെന്നു വ്യവസ്ഥചെയ്തതു്, ഏതെങ്കിലും സംസ്ഥാനത്തെ പ്രത്യേകം ബാധിക്കുന്ന നിയമങ്ങൾ അസംബ്ളിയുടെ പര്യാലോചനയ്ക്കുവരുമ്പോൾ മെമ്പർമാൎക്കു കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തിയതു്, എന്നിങ്ങനെ ചില ഗുണങ്ങൾ അദ്ദേഹം അസംബ്ളിക്കു കൈവരുത്തിക്കൊടുത്തിട്ടുണ്ടു്.

സർ ഷൺമുഖത്തിൻെറ ഭാവിയെപ്പററി നാം അത്യുൽഭാശംസികളാകാതിരിക്കുക. പ്രഗത്ഭനായ ഒരു യുവാവാണദ്ദേഹം. മനുഷ്യോചിതമായ മൌലികഗുണങ്ങളെ ആസ്പദമാക്കി ആളുകളെ വിലമതിക്കത്തക്ക പരിതഃസ്ഥിതിയല്ല ഇന്നു ഇന്ത്യയ്ക്കുള്ളതു്. യുക്തവയസ്സെത്തിയിട്ടില്ലാത്ത ഭാരതത്തിൻെറ സന്താനങ്ങൾ കാൽ പിഴച്ചുവയ്ക്കുന്നതിനെ അനുകമ്പാപൂർവ്വം വീക്ഷിക്കുകയായിരിക്കും മഹാമനസ്കന്മാൎക്കു യോജിച്ച കൃത്യം. ഇവിടെ എല്ലാം പരിപാവനമായ ഒരു നവോത്ഥാനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള കലഹമാണു്. കലാപകാലത്തു കൊട്ടുംചെയ്തികൾപോലും ഉണ്ടാകുന്നതു പതിവാണല്ലോ.


# ഹൈന്ദവധർമ്മസുധാകരം

## ഒന്നാംവാല്യം തയാർ.

റാവുസാഹിബ് ഒ. എം. ചെറിയാൻ എഴുതിയതു്.

### ഒററപ്രതിക്കു് വില രൂപാ രണ്ടു്.

**കച്ചവടക്കാൎക്കു് നിരക്കു പ്രത്യേകം.**

ഹൈന്ദവധർമ്മസുധാകരം എന്നതു പരബ്രഹ്മംമുതൽ ശ്രീകൃഷ്ണസ്വർഗ്ഗാരോഹണംവരെയുള്ള സർവ്വ ഹൈന്ദവകാര്യങ്ങളെയും, ഉപനിഷത്തുകൾ ഭാഗവതാദിപുരാണങ്ങൾ എന്നിവയെ ഉപജീവിച്ചു നിർമ്മിതമായ ഒരു ഗ്രന്ഥപരമ്പരയാണു്. ഇതു് ഹൈന്ദവധർമ്മത്തിൻെറ ഗുണദോഷനിരൂപണം അല്ല; ഹൈന്ദവധർമ്മം എന്താണെന്നു പ്രമാണങ്ങളെ ആധാരമാക്കി, വിവരിക്കുന്നു. കേരളത്തിൽ പേരുകേട്ട പണ്ഡിതന്മാരുടെ പരമപ്രശംസയെ ഇത്ര നിർഗ്ഗളമായി സമ്പാദിച്ച വേറൊരു മലയാളഗദ്യപുസ്തകം, ആധുനികകാലത്തു് ഉണ്ടായിട്ടില്ല. ഒന്നാംവാല്യം മാത്രം വില്പനയ്ക്കു തയാറായിരിക്കുന്നു. ഓരോ വാല്യവും അതതിൽ വിഷയപൂർണ്ണതയുള്ളതാണു്. പുസ്തകപരമ്പര മുഴുവൻ അച്ചടിക്കുന്നതിനു് പതിനായിരം രൂപായിൽ അധികം ചെലവാകും. പുസ്തകപരമ്പരയുടെ വൈപുല്യം അങ്ങനെയാണു്; കൈയെഴുത്തുപ്രതിയായി പരമ്പര പൂർണ്ണമായിട്ടുണ്ടു്. അച്ചടിച്ച ഓരോ വാല്യം പുറകേപുറകേ ഇറങ്ങുന്നതത്രേ. ഒന്നാംവാല്യം വി. പി. ആയി ആവശ്യപ്പെടുകയും, രണ്ടാംവാല്യത്തിനു ആവശ്യമുണ്ടെന്നു അറിവിക്കുകയും ചെയ്താൽ—ഈ സാഹിത്യപരിശ്രമം ഫലപ്രാപ്തിയെ അടയുവാൻ എളുപ്പമുണ്ടു്. ഏതാനും അഭിപ്രായാംശങ്ങൾ ഇവിടെ പകർത്തുന്നു:—കൊച്ചി ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു്; "മലയാളഭാഷയ്ക്കു ഈ ഗ്രന്ഥപരമ്പരാമൂലം സിദ്ധിക്കുന്ന ശ്രേഷ്ഠത്വം സർവ്വാഭിനന്ദനത്തെ അർഹിക്കുന്നു." അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്:—"ഇതു് ഭഗീരഥപ്രയത്നമെന്നല്ല ബ്രഹ്മപ്രയത്നമെന്നുതന്നെ പറയണം......... ഇത്ര ഗഹനമായ ഒരു വിഷയം ഇത്ര സുഗമമായഭാഷയിൽ പ്രതിപാദിച്ചു ഫലിപ്പിക്കുവാൻ സാധിച്ചതിൽ ഞാൻ അത്യന്തം ആശ്ചര്യപ്പെടുന്നു." പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ അവർകൾ "സംസ്കൃതം ഇംഗ്ലീഷ് മലയാളം എന്നീ ഭാഷകളിൽ അഖണ്ഡിതമായ വൈദുഷ്യവും, ആത്യന്തികമായ ക്ലേശസഹിഷ്ണുതയും, സാർവ്വത്രികമായ പരിശ്രമവും, സ്വവിഷയത്തിലുള്ള ശ്രദ്ധയും ഒരുമിച്ചു് ഒരാളിൽ ഇരിക്കുന്നുണ്ടെങ്കിൽ—ആ ആളെക്കൊണ്ടല്ലാതെ, ഈമാതിരി കാര്യം സാധിക്കുവാൻ കഴിയുന്നതല്ല.........നിസർഗ്ഗസുന്ദരമായ വാക്യശൈലിയും, അതിസരളമായ രീതിയും, വിഷമമായ വിഷയത്തെക്കൂടി, വിദ്വാന്മാൎക്കും അവിദ്വാന്മാൎക്കും ഒരുപോലെതന്നെ മനസ്സിലാകുവാൻ കഴിയത്തക്കവണ്ണം ചേർത്തിട്ടുള്ളതു്, ഈ പുസ്തകത്തിൻെറ ഒരു പ്രത്യേകലക്ഷണമാകുന്നു.. ......ഇതു് ഉൽകൃഷ്ടമായും ഉപയോഗപ്രദമായും ഒരു പുസ്തകം അല്ലെങ്കിൽ പുസ്തകപരമ്പര മലയാളഭാഷയിൽ ഇദംപ്രഥമമാണെന്നു വിചാരിക്കാവുന്നതുപോലെ, ഭാവിയിൽ ദുർല്ലഭമാണെന്നു, സംഭാവനംചെയ്യാവുന്നതാകുന്നു." കൊല്ലംകോട്ടു പി. ഗോപാലൻനായർ അവർകൾ "ഗംഭീരമായ ആശയത്തെ വെളിപ്പെടുത്തുന്നതിനായി നിങ്ങൾ ഉപയോഗിച്ചിരിക്കുന്ന ലളിതഭാഷാപദങ്ങളടങ്ങിയ ചെറിയചെറിയ വാചകങ്ങൾ ആരെത്തന്നെ ആകർഷിക്കയില്ല. നിങ്ങളുടെ ഭാഷാനൈപുണ്യത്തെ ഞാൻ നന്നേ അഭിനന്ദിക്കുന്നു." മലയാളിപ്രതിദിനപത്രം "ആധുനികന്മാൎക്കു മനസ്സിലാകുന്ന രീതിയിൽ പ്രസാദവും ഓജസ്സും ഉള്ള ഭാഷയിൽ ഹിന്ദുക്കളുടെ ധർമ്മവും ചരിത്രവും എഴുതുന്നതിനു്, റാവുസാഹിബ് ഒ. എം. ചെറിയാൻ സന്നദ്ധനായതിൽ അദ്ദേഹത്തോടു കേരളത്തിലെ ഹിന്ദുക്കൾ എന്നും കടപ്പെട്ടിരിക്കുന്നു." പന്നിശ്ശേരിൽ നാണുപിള്ള അവർകൾ:—"ഈ വിജ്ഞാനഭണ്ഡാഗാരം, ഭഗവത്ഭക്തോത്തമനായ മേല്പത്തൂർ നാരായണഭട്ടതിരിയേയും അതിശയിക്കുമാറു്, ഭക്തിക്കു പരമപ്രാധാന്യം നൽകിക്കാണുന്നു. മി. ചെറിയാൻ പരമപ്രേമാമൃതപ്രവാഹത്തിൽ ആമഗ്നനായി, തദേകരസനായി, ആനന്ദനൃത്തംചെയ്യുന്നു. യോഗധ്യാനാദ്യാ വിവരിച്ചുപോയി, ഒടുവിൽ അദ്ദേഹം ഭഗവദുപാസനയിൽചെന്നു രമിക്കുന്നു. ഭഗവാൻെറ ദിവ്യവിഗ്രഹം, മഹർഷിമാരുടെ മാഹാത്മ്യം മുതലായവ വർണ്ണിക്കുന്ന ഭാഗങ്ങൾ ഭക്തിനിര്യാസരസത്തിൽ തുയച്ചു സുരഭിലമാക്കി, ഭാഷയിൽ പകർത്തുന്നതിനു തദിതരനു സാധിക്കുമെന്നു വാദിക്കുവാൻ, അവിടം മനസ്സിരുത്തി വായിക്കുന്നവർ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. എത്ര കട്ടത്ത വിഷയങ്ങളും തെളിഞ്ഞുതിളങ്ങിക്കാണുമാറു ലളിതരീതിയിൽ മാധുര്യാദിമനോഹരഗുണങ്ങൾ ഇണങ്ങി, ശാന്തമായ ഗദ്യരീതി, ഏതു മന്ദപ്രജ്ഞനും വിഷയബോധവും ആഹ്ലാദവും നൽകാതിരിക്കുക ഇല്ല. ഗദ്യശൈലിയുടെ അന്യസുലഭമല്ലാത്ത ബന്ധപാകസൌഭാഗ്യത്തിനു, ശ്രീകൃഷ്ണരൂപവർണ്ണനം, അനന്തസ്വഭാവവിവരണം. തലവിവരണം, ശിവൻ, എന്ന ഭാഗങ്ങൾ സ്ഥാലീപുലാകന്യായേന ഉദാഹരിക്കാവുന്നതാണു്." ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ. "റാവുസാഹിബ് ഈ സദ്വ്യവസായത്തിൽ ഏർപ്പെട്ടതു കേരളീയരുടെ ഭാഗ്യമാകുന്നു" ദേവസ്വം കമ്മീഷണരായിരുന്ന എം. രാജരാജവർമ്മരാജാ എം. എ. ബി. എൽ. അവർകൾ. "ഈ ഗ്രന്ഥം ഒരു ബൃഹൽകഥാഭണ്ഡാഗാരമെന്നോ... .. ഒരു ബൃഹൽശാസ്ത്രരത്നാകരമെന്നോ പറയാവുന്നതാണു്. K. M. Paniker Esq., "Your book will be an Encyclopaedia of Hindu Ethics, philosophy, mythology and religion. I should not have thought that such a work was within the capacity of one single scholar. Pargiter devoted 18 years in the study of the Puranas............... His books though excellent in themselves are merely introductions to the study of historical materials in the puranas. But what you have done is evidently much more comprehonensive, an Encyclopaedia of Hinduism in fact.................... There is no book in any language that I know of which attempts to do what you have done.

അഭിപ്രായങ്ങൾ അടങ്ങിയ ലഘുലേഖ സമ്മാനമായും പുസ്തകം വിലയ്ക്കും ലഭിക്കുവാൻ അപേക്ഷിക്കേണ്ട വിലാസം.

മാനേജർ,

സുധാകരം ഡിപ്പോ

പുതുപ്പള്ളി, കോട്ടയം—തിരുവിതാംകൂർ.

# എഴുത്തച്ഛനും മേപ്പത്തൂരും.

പുതുക്കുളങ്ങര രാമചന്ദ്രമേനോൻ, ചിററൂർ.

"തുഞ്ചത്തെഴുത്തച്ഛനും മേപ്പത്തൂർനാരായണഭട്ടതിരിയും സമകാലീനന്മാരും അത്യന്തം ഇഷ്ടന്മാരുമായിരുന്നു; മേപ്പത്തൂർഭട്ടതിരി ചെമ്പകശ്ശേരിരാജാവിൻെറ സേവകനായിരുന്നു; ഭട്ടതിരിമുഖാന്തിരം എഴുത്തച്ഛനും ചെമ്പകശ്ശേരിയുടെ സേവസമ്പാദിച്ചു; ക്രമേണ, എഴുത്തച്ഛൻ ചെമ്പകശ്ശേരിസദസ്സിലെ ഒരു പ്രധാനാംഗമായി; അക്കാലത്തു ഒരു ബ്രാഹ്മണൻ തെലുംകലിപിയിലുള്ള ഒരു അദ്ധ്യാത്മരാമായണമൂലഗ്രന്ഥം ചെമ്പകശ്ശേരിരാജാവിന്നു കാഴ്ചവെച്ചു വളരെ സമ്മാനങ്ങളും വാങ്ങിപ്പോയി. അന്നു അവിടെ തെലുങ്കറിയുന്നവർ എഴുത്തച്ഛനല്ലാതെ വേറെ ആരുമുണ്ടായിരുന്നില്ല; രാജാവു എഴുത്തച്ഛനോടു ആ ഗ്രന്ഥത്തെ ആര്യലിപിയിൽ പകത്തുവാൻ പറഞ്ഞപ്രകാരം എഴുത്തച്ഛൻ പകത്തിയതോടുകൂടി അദ്ദേഹം അതിനെ കിളിപ്പാട്ടാക്കി തർജ്ജിമചെയ്യുകയും ചെയ്തു" ഇപ്രകാരമെല്ലാമാണു ജനങ്ങൾ ഇന്നും പ്രായേണ വിശ്വസിച്ചുവരുന്നതു്. മേലെഴുതിയ എല്ലാം വെറും ഊഹങ്ങളല്ലാതെ അതിന്നു അടിസ്ഥാനമായ പ്രമാണങ്ങളൊ ലക്ഷ്യങ്ങളൊ യാതൊന്നും യാതൊരാളും പറഞ്ഞുകാണുന്നില്ല. ഈ ഊഹങ്ങൾ ശരിയല്ലെന്നും സംഗതികൾ വേറൊരുമാർഗ്ഗത്തെ അവലംബിച്ചാണു പോകുന്നതു് എന്നും എൻെറ അന്വേഷണത്തിൽ കണ്ടെത്തിയ ചില പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി വിചാരിക്കേണ്ടിയിരിക്കുന്നു.

എഴുത്തച്ഛൻെറയും മേപ്പത്തൂരിൻെറയും കാലത്തെ നിർണ്ണയപ്പെടുത്തി നോക്കുമ്പോൾതന്നെ ഈ ഊഹങ്ങൾക്കു മാർഗ്ഗംകാണുന്നില്ല. മേപ്പത്തൂരിൻെറ "നാരായണീയം" എഴുതിത്തീർന്നതു് "ആയുരാരോഗ്യസൌഖ്യ"മായ കൊല്ലവഷം 762-വൃശ്ചികം 28-ാനുയാണു് ഇതുവാസ്തവമാണു് അദ്ധ്യാത്മരാമായണം തർജ്ജിമചെയ്തതു് "പവിത്രകരസൂര്യ്യ" അതായതു് കൊല്ലവഷം 787 ചിങ്ങമാസത്തിലാണു്. ഇതു് കട്ടയാട്ടു് ഗോവിന്ദമേനവൻെറ അഭിപ്രായമാണു്. "പവിത്രംപരംസൌഖ്യ" എന്നൊരുവാക്യം രാമായണം കിളിപ്പിട്ടിൻെറ അവസാനത്തിൽ കാണുന്നതിൻെറ കലിസംഖ്യയും "പവിത്രകരസൂര്യ്യ"ൻെറ കലിസംഖ്യയും ഒന്നാണു്. അദ്ധ്യാത്മരാമായണത്തിലെ ടി വാക്യത്തെ ചിലർ കലിയായി വിചാരിച്ചു വ്യവഹരിച്ചുവരുന്നു. ഒന്നു ഒന്നിനെ പിൻതാങ്ങുകയും ചെയ്യുന്നുണ്ടു്. എന്നാൽ എനിക്കു ഒരു സംശയമാണുള്ളതു്. "പവിത്രം പരംസൌഖ്യ" എന്നതു കലിയാകുമൊ "പവിത്രംപരം സൌഖ്യപ്രദം" എന്നാണു മുഴുവൻ വാക്യം. പ്രായേണ കലിദിനത്തെക്കുറിക്കുന്ന പദങ്ങളൊ വാക്യങ്ങളൊ സംപൂൎണ്ണാത്ഥത്തോടുകൂടിയ മുഴുവൻ പദമൊ വാക്യമൊ ആയിട്ടാണു് കണ്ടുവരുന്നതു്. 'പ്രദം'കൂടി ചേർന്നാലെ ഈ വാക്യത്തിന്നു അത്ഥം പൂർത്തിയാകയുള്ളു. അപ്പോൾ അതു കലിയും ആകയില്ല. എഴുത്തച്ഛനാകട്ടെ "പവിത്രംപരം സൌഖ്യ"ത്തിന്നു അമ്പത്തഞ്ചുകൊല്ലംമുമ്പുതന്നെ സമാധിസ്ഥനായിത്തീൎന്നിട്ടുണ്ടു്. സംഗതിവശാൽ അങ്ങിനെ ഒരുപദം രാമായണത്തിൽ വന്നു എന്നുമാത്രമെ ഇതുകൊണ്ടു വിചാരിപ്പാൻ ന്യായം കാണുന്നുള്ളു.

മേപ്പത്തൂർഭട്ടതിരി ചെമ്പകശ്ശേരിയുടെ ഒരു സേവകനായിരിക്കാം. ഭട്ടതിരി ഗൃഹസ്ഥാശ്രമംസ്വീകരിച്ചു് എത്രയോകഴിഞ്ഞ ശേഷമാണു് വിദ്യാഭ്യാസംചെയ്തു വിദ്വാനായിത്തീൎന്നതു്; അതുവരയ്ക്കും അദ്ദേഹം കേവലം ഒരു പാമരനായിരുന്നു; എന്നീവാദങ്ങൾ സാധുവാണെങ്കിൽ മേപ്പത്തൂരും എഴുത്തച്ഛനുംതമ്മിൽ കണ്ടിട്ടുകൂടി ഉണ്ടായിരിക്കയില്ല എന്നുവേണം ഊഹിക്കുവാൻ 'നാരായണീയം' അദ്ദേഹത്തിൻെറ അറുപതു വയസ്സിനുമേലുണ്ടാക്കിയ ഒരു കൃതിയാണെന്നുള്ള വിദ്വജ്ജനാഭിപ്രായം സ്വീകാര്യമാണെങ്കിൽ ഏകദേശം 700 ാമാണ്ടിടക്കലായിരിക്കണം ഭട്ടതിരി ജനിച്ചിട്ടുള്ളതു്. എഴുത്തച്ഛനും ഭട്ടതിരിയും ഒരുകാലത്തു ജീവിച്ചിരുന്നിട്ടുണ്ടെന്നുള്ളതിന്നു ഇതു തെളിവാണു്. ഭട്ടതിരി പത്തുമുപ്പതുവയസ്സുകാലം പാഴിൽ കളഞ്ഞുഎന്നസംഗതി സത്യമാണെങ്കിൽ മേപ്പത്തൂർ "ശ്ലോല" പഠിക്കുമ്പോൾതന്നെ എഴുത്തച്ഛൻ ചരമമടഞ്ഞുപോയിഎന്നതു തീർച്ചയാണു്. പിന്നീടു എഴുത്തച്ഛനേയും മേപ്പത്തൂരിനേയും സംബന്ധിച്ചു "മീൻതൊട്ടുകൂട്ടു"മുതലായ എല്ലാ ഐതിഹ്യങ്ങളും വെറും കെട്ടുകഥയായി വിചാരിപ്പാനെ ന്യായം കാണുന്നുള്ളു.

എഴുത്തച്ഛൻ അമ്പലപ്പുഴയിൽ പോയിട്ടില്ലെന്നു പറവാൻ ഞാൻ ഒരുക്കമില്ല രാജ്യസഞ്ചാരവും തീത്ഥാടനവും ഒരു മുഖ്യധർമ്മമായി കരുതിയിരുന്ന മുമുക്ഷുക്കൾ ഏതെല്ലാംരാജ്യങ്ങളിൽ ചുററിസ്സഞ്ചരിച്ചിട്ടുണ്ടെന്നു പറവാൻ ആരാലാണു് സാധിക്കുക! എഴുത്തച്ഛൻ ചെമ്പകശ്ശേരിയുടെ സേവയെ കാംക്ഷിച്ചു് അതിന്നായി ഭട്ടതിരിയുടെ സഹായമത്ഥിച്ചു എന്നുപറയുന്നതിൽ അസംബന്ധംകൂടി ഇല്ലയൊ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. കാരണം മറെറാന്നുമല്ല. കൊച്ചിമഹാരാജാവു്, സാമൂതിരിതമ്പുരാൻ, പാലക്കാട്ടുരാജാവു് എന്നീ കേരളത്തിലെ മൂന്നു പ്രധാനശക്തികളുടെ കുലഗുരുവാണു എഴുത്തച്ഛൻ. എഴുത്തച്ഛനെ കേരളക്കരയിലെങ്ങും രാജോചിതമായ ബഹുമതികളോടുകൂടി സവ്വരും വണങ്ങിആദരിച്ചുവന്നു എഴുത്തച്ഛനാകട്ടെ ഒരു പരമയോഗിയും തുച്ഛമായ മനുഷ്യസേവയിൽതീരെ വിമുഖനും ആണുതാനും. ഇപ്രകാരമിരിക്കെ ചെമ്പകശ്ശേരിയുടെ സേവയ്ക്കു ഈ മഹാത്മാവു് ആശിച്ചു എന്നുപറയുന്നതു് അല്പം സാഹസവും അസംബന്ധവുമല്ലെ എന്നാണു് എൻെറ ശങ്ക

ചെമ്പകശ്ശേരിരാജാവിൻെറ ആവശ്യപ്രകാരമല്ല രാമായണം കിളിപ്പാട്ടാക്കിട്ടുള്ളതു് എന്നു തീർത്തുപറയാം.

നെല്ലൂർ ഡിസ്ത്രിക്ടിലുള്ള ദൊന്നവാടയിൽ കാമാക്ഷിഅമ്മൻകോവിലിൽ വളരെക്കാലം ഭജനമിരുന്ന കല്യാണസുന്ദരം (ജാതിനിശ്ചയമില്ല. ഭക്തൻ കല്യാണസുന്ദരം എന്നാണു് പറയുക ഇദ്ദേഹത്തെ അറിഞ്ഞുവരുന്നതു്, എന്നൊരാൾ ദാരിദ്ര്യത്തിൻെറ ആധിക്യത്താലായിരിക്കണം ഒരു തെലുംകു അദ്ധ്യാത്മരാമായണം മൂലഗ്രന്ഥ



കവിയൂർ ക്ഷേത്രം.



കവിയൂർ ക്ഷേത്രം
പുതുതായി പ്രതിഷ്ഠിച്ചിരിക്കുന്ന ധ്വജം.

Photos. Revi Studio. Thiruvalla,
(മലയാളരാജ്യത്തിനു മാത്രം)

വുംകൊണ്ടു കേരളത്തിൽവന്ന് ആഴ്വാഞ്ചേരിതമ്പ്രാക്കളെ കണ്ടുവണങ്ങി ആ ഗ്രന്ഥത്തെ അവിടെ സമർപ്പിച്ച് അനവധി സമ്മാനങ്ങളുംവാങ്ങിപ്പോയി എഴുത്തച്ഛൻ ആഴ്വാഞ്ചേരി ഉണ്ണികളെ സംസ്കൃതം പഠിപ്പിക്കുന്ന കാലമായിരുന്നഅതു്; പക്ഷെ അപ്പോൾ എഴുത്തച്ഛൻ സാമൂതിരിക്കോട്ടാരത്തിലായിരുന്നതിനാൽ കല്യാണസുന്ദരത്തെ കാണ്മാൻ സാധിച്ചില്ല പിന്നീടു അദ്ദേഹം ആഴ്വാഞ്ചേരിയിൽവന്നപ്പോൾ വിവരങ്ങൾ മനസ്സിലാക്കി. തമ്പ്രാക്കളുടെ ആവശ്യപ്രകാരം രാമായണത്തെ തർജ്ജിമ ചെയ്ത ഭക്തൻ കല്യാണസുന്ദരത്തെ കാണേണമെന്നമോഹത്താൽ എഴുത്തച്ഛൻ ശിഷ്യന്മാരായ കരുണാകരനോടും സൂര്യനാരായണനോടുമൊരുമിച്ചു ദൊന്നവാടയ്ക്കുപുറപ്പെട്ടു. അവിടെവെച്ചു കല്യാണസുന്ദരവുമായ് പരിചയപ്പെട്ടു എന്നുമാത്രമല്ല കല്യാണസുന്ദരം എഴുത്തച്ഛന്റെ ശിഷ്യനുമായി. അനന്തരം ഗുരുശിഷ്യന്മാരൊരുമിച്ച് ദൊനവാടവിട്ടു് പലേ തീർത്ഥസ്ഥലങ്ങളും സന്ദർശിച്ച് ഒടുവിൽ ആനമലയിൽ എത്തിച്ചേർന്നു. അവിടെവെച്ചു കല്യാണസുന്ദരം ഗുരുവിനെപ്പിരിഞ്ഞു ദൊന്നവാടയ്ക്കുപോയി. ആനമലയിൽനിന്നും ഉത്ഭവിക്കുന്ന "ശോകനാശിനി"നദിവഴിയായി ഗുരുവും മറ്റുശിഷ്യന്മാരും കേരളത്തിലേക്കും പുറപ്പെട്ടു. അങ്ങിനെ എഴുത്തച്ഛനും ശിഷ്യന്മാരും ചിറ്റൂരുവന്നുചേർന്നു. ഈ വിവരങ്ങളെസംബന്ധിച്ച് ശിഷ്യനായ കല്യാണസുന്ദരം ശകാബ്ദം 1470-ൽ അതായതു്കൊല്ലവർഷം 723-ൽതന്നെ റിക്കാട്ടാക്കിയിട്ടുണ്ടു്. എഴുത്തച്ഛന്റെ ജനനം കൊല്ലവർഷം 661-ൽആണെന്നുംകൂടി ആ ശിഷ്യൻ രേഖപ്പെടുത്തിയിരിക്കുന്നതായികാണുന്നു.

ആഴ്വാഞ്ചേരിയിൽവെച്ചു രാമായണം കിളിപ്പാട്ടാക്കിയവിവരം മനസ്സിലാക്കി ശിഷ്യനായ അന്നത്തെ സാമൂതിരിരാജാവ് ടി ഗ്രന്ഥം വായിച്ചുനോക്കാനുള്ള അത്യുൽക്കണ്ഠകാരണം എഴുത്തച്ഛനെ ആഴ്വാഞ്ചേരിയിലും മററു പല സ്ഥലങ്ങളിലും അന്വേഷിച്ചു ഒടുവിൽ ചിറ്റൂരിലുണ്ടെന്നറിഞ്ഞു ഒരു തിരുവെഴുത്തുംകൊടുത്തു മന്ത്രിയായ മങ്ങാട്ടച്ചനെത്തന്നെ ചിറ്റൂർക്ക് അയച്ചതായി കാണുന്നു. സാമൂതിരിരാജാവയച്ച അസ്സൽ തിരുവെഴുത്തിന്റെ ഒരു ശരിപ്പകർപ്പു താഴെ കൊടുക്കുന്നു.

ഗുരവെ നമഃ

ആഴ്വാഞ്ചേരിയിലും അയൽപ്രദേശത്തും ആളുകളെ അയച്ചന്വേഷിച്ചാറെ എങ്ങുമെവിടെയും കണ്ടുകിട്ടരുതാഞ്ഞിട്ടു ദിശി ദിശി വേറെവേറെ തേടിയും തെരുവിയറിയാതെ തുല്യകാലാതെ മാഴ്കിയിരിക്കുംവേളയിൽ തിരുക്കോവിലധികാരിസപത്രപത്തു കീഴ്പാലൂര്നാട് ചിറ്റൂരമണ്ഡപത്തു് ഇരുന്നരുളുന്നതാ യറിവായളവുണ്ടായാനന്ദം പറയാവതല്ല. രാമായണം മലയാണ്മയിലാക്കുവാൻ കനിവാർന്നവിവരം തമ്പ്രാക്കളോതിയതോടുകൂടി അതു കാമാനും കേപ്പാനും അത്യാശപെരുത്തവനായ് അക്ഷമനായ് അടിവരാവുമെതൃപാർത്തടങ്ങുന്നു. മററുവിവരം മങ്ങാടൻ വിടകൊള്ളുമെന്നിങ്ങനെ ശ്രീഗുരുവരചരണാരവിന്ദത്തിങ്കലുണത്തിപ്പൻ പൂന്തുറമാനവിക്രമൻ എഴുതിവിട്ടതു്."

മങ്ങാട്ടച്ചൻ വന്നതിനെയും എഴുത്തച്ഛനെയും ശിഷ്യന്മാരെയും കോഴിക്കോട്ടേക്കു എഴുന്നള്ളിച്ചുകൊണ്ടുപോയതിനെയും സംബന്ധിച്ചു വേറെയും പലേ ലക്ഷ്യങ്ങൾ കണ്ടുകിട്ടീട്ടുള്ളതു ഈ ലേഖനത്തിനു വിഷയമല്ലാത്തതിനാൽ ഇവിടെ ചേർക്കുന്നില്ല.

എഴുത്തച്ഛന്റെ മഹച്ചരമത്തെക്കുറിച്ചു ശിഷ്യനായ ശ്രീസൂര്യനാരായണസ്വാമി ഇപ്രകാരമാണു രേഖപ്പെടുത്തിവെച്ചിട്ടുള്ളതു്.

"ഭാസ്വത്തുഞ്ചാഖ്യ ന ത്തമന്യഖിലഗുണഗണ
ശ്രേണിപൂർണ്ണോവതീർണ്ണ
ശ്രീമന്നീ ാദ്യ ണ്ടാദ്ധ്യദിതബഹുപഥ
സ്സർവ്വശാസ്ത്രാഗമാനാം
യോന്ത്യേകതാ ചചിററൂർപ്പുരവരസ വി
ധേ സൂര്യനാരായണം മാം
"ഹംസപ്രാപ്യന്തസൗമ്യം" പദമഗമദഹോ
മൽഗുരു രാമനാമാ"

ഇതിൽനിന്നും ആ മഹാത്മാവിന്റെ മഹാസമാധി "ഹംസപ്രാപ്യന്തസൌമ്യം" ആയ കൊല്ലവർഷം 732 ധനുമാസം 24-ാംതീയതി ചൊവ്വാഴ്ച കൃഷ്ണപക്ഷത്തിൽ ഷഷ്ഠി ഉത്രം നക്ഷത്രത്തിലാണെന്നും അതു ചിററൂരുവെച്ചാണെന്നും വ്യക്തമാകുന്നു. അന്നുമുതൽ ഇന്നും മുടങ്ങാതെ ടി ഉത്രം ശ്രാദ്ധസമാരാധന ചിററൂർ ഗുരുമഠത്തിൽ വെച്ചു ആഘോഷപൂർവം കൊണ്ടാടിവരുന്നുണ്ടു്. എഴുത്തച്ഛന്റെ സമാധിമന്ദിരമാണു് ടി ഗുരുമഠം. (പകർപ്പവകാശം)

---

ക്ലാസ്സിൽ ഒരു കുട്ടിയോടു അദ്ധ്യാപകൻ ചോദിച്ചു.

അദ്ധ്യാ—താഴ്‌വര എന്നാൽ എന്തു്.

കുട്ടി— എന്തെങ്കിലും എഴുതി താഴെ വരയിടുന്നതിനു താഴ്‌വര എന്നു പറയുന്നു.

---


# നിങ്ങളുടെ ഭാവി.

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്റ്റുകാർഡ് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൾകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവർക്കു 100 ക. ഇനാം.

Professor G. Shunker,
Post Box No. 72, Lahore.

# *ചാണക്യാസ്തമനം.

ഡി. ശങ്കരയ്യർ ബി. എ. ബി. എൽ

[പാടലീപുത്രം. രാജധാനിയിലെ ഒരു മുറി. വെളിയിൽ അതിതീവ്രമായ സൂര്യകിരണങ്ങൾനിമിത്തം നല്ല വെളിച്ചവും ചൂടുമുണ്ട്. അകത്തു വേണ്ടുവോളം വെളിച്ചമില്ല. ചാണക്യൻ-ഏകദേശം 60 വയസ്സ് കാണും-ചിന്താമഗ്നനായി നടന്നുകൊണ്ടിരിക്കുന്നു. നാലുപുറത്തും വാറോലകളും ലോഹനിർമ്മിതങ്ങളായ പ്രമാണങ്ങളും വളരെ കാണ്മാനുണ്ട് ചാണക്യൻ അവയിലൊന്നെടുത്തു വായിച്ചശേഷം നീരസത്തോടെ അതു ദൂരെ എറിയുന്നു. സ്വസ്ഥാനംപ്രാപിച്ചശേഷം വീണ്ടും ചിന്താമഗ്നനായി അദ്ദേഹം ഇരിക്കുന്നു. അദ്ദേഹത്തിന്റെ മുഖം ഗാംഭീര്യവും ചിന്താശക്തിയുംതന്നെ. രാജസദസ്സിലെ പണ്ഡിതൻ-രാജസേവകൻ-മന്ത്രി, രാജാധികാരപ്രതിഷ്ഠാപകൻ ]

ചാണക്യൻ: - ഇതോ ഇതിനെല്ലാം അവസാനം! ഞാൻ ദീർഘദർശനം ചെയ്തിരുന്നതെല്ലാം മറന്നിട്ടു ഇക്കാണുന്നതിൽമാത്രം മനസ്സില്ലാമനസ്സോടെ തൃപ്തിനേടിയതായി അഭിനയിച്ചു "എല്ലാം അവിടത്തെ ആഗ്രഹംപോലെ" എന്നു പറഞ്ഞുംകൊണ്ടു കഴിയണം. പോകട്ടെ. അതും പറയാം. ആരോടു? രാജാധിരാജനായ ചന്ദ്രഗുപ്തനോടു പറയാം. ജനകീയശക്തി മുൻപാകെ അങ്ങനെ ബോധിപ്പിക്കാം. വിജയലക്ഷ്മി സ്വയംവരിച്ചിട്ടുള്ള അലക്സാണ്ടർ ആണെങ്കിലും സമ്മതിക്കാം. അതു എനിക്കു അനിഷ്ടകാരണമല്ല. സുഷുപ്തിയും നിർവാണവും പുലമ്പി ശിരോമുണ്ഡനംകൊണ്ടുമാത്രം മററുള്ളവരിൽനിന്നു വ്യത്യസ്തനായിട്ടുള്ള ആ വൈദികന്റെ മുൻപാകെ മന്ദഹാസവും നമസ്കാരവും 'ജയ വിജയീഭവ' എന്ന വാചകവും-ഞാനോ അഭിനയിക്കേണ്ടതു്. എന്റെ നിയമഗ്രന്ഥം ഉച്ചരിച്ചു കേട്ടാൽ അവൻ വിറയ്ക്കും. എന്റെ നാമധേയം അവനു രോമാഞ്ചംഉണ്ടാക്കും. നന്നായി. അവനെ ഞാൻ ബഹുമാനിക്കണം. ഇതു ഇരുപതുകൊല്ലം മുൻപായിരുന്നെങ്കിൽ, അവൻ ചക്രവർത്തിക്കും എനിക്കും മദ്ധ്യേ പ്രവേശിക്കുവാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, ഞാൻ അവനെ ഈ ലോകത്തിൽനിന്നു മാററിയേനെ. എന്റെ സ്ഥാനം ഇന്നു അവനു നൾകുകയോ എനിക്കു ഈ ലോകത്തിൽ യജമാനനായി ഒരു മനുഷ്യനുണ്ടോ! ഒരിക്കലുമില്ല. അമാനുഷപ്രാഭവം ചേർന്ന രാജാവിന്റെ സ്ഥാനംഒന്നുമാത്രമല്ലെ എന്റെ പ്രഭു. ഞാൻ മനുഷ്യനെ ബഹുമാനിക്കുകയോ? അവനു കീഴടങ്ങുകയോ. ചന്ദ്രഗുപ്താ! കാലം ഇങ്ങനെ ആയി.

[ഒരു ദൂതൻ പ്രവേശിക്കുന്നു.]

ദൂതൻ—(വന്ദിച്ചു വണക്കത്തോടെ) തറയിൽനോക്കി നിന്നുകൊണ്ടു കൈക്കൂപ്പീട്ടു) സകലകലാവല്ലഭ! സാമ്രാജ്യനാഥനായ ചക്രവർത്തി തിരുമനസ്സിലെ ദിവ്യചക്ഷുസ്സേ!

ചാണക്യൻ - മതി. കളിമണ്ണുതലയാ മതി. നീ പഠിച്ചതെല്ലാം കേൾക്കണ്ടാ. പ്രാരംഭം നിറുത്തി സമയംകളയാതെ ചക്രവർത്തിയുടെ നിയോഗം എന്തെന്നു പറഞ്ഞിട്ടു ക്ഷണം പോ. ആ! പറയരുതോ.

ദൂതൻ— ചക്രവർത്തി തിരുമനസ്സിലേക്കു അവിടത്തെ അടുക്കൽ സംസാരിപ്പാനുണ്ടെന്നു കല്പിച്ചു.

ചാ – ശരി

[ദൂതൻ പരിഭ്രാന്തനായി, ഒന്നുകൂടി വണങ്ങി പുറകിലോട്ടുനടന്നു മുറിയിൽനിന്നും പോകുന്നു]

ചാ ചക്രവർത്തിക്കു എന്നോടു സംസാരിപ്പാനുണ്ടു്. ഇതേവരെ ഞാൻ സംസാരിച്ചതിനു മറുപടിയല്ലാതെ അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. എന്തിനെപ്പററിയാണു എന്നോടു സംസാരം. ഞാൻ ഇവിടെ താമസിച്ചിട്ടു അദ്ദേഹത്തെ രാജാവാക്കി എല്ലാം പഠിപ്പിച്ചതുപോലെ മകനെയും പഠിപ്പിക്കണം. എന്റെ സുനീതികൾ എല്ലാം അഭ്യസിപ്പിക്കണം. അധികാരശക്തിയും സ്നേഹവും ഒരേമനുഷ്യനിൽ ഒരുമിച്ചു കാണരുതു്. അവ വ്യത്യസ്തങ്ങളായ ഉപാധികൾ എന്നു പഠിപ്പിക്കണം. മനുഷ്യനെ സന്തോഷിപ്പിച്ചു ഭരിക്കുവാൻ രാജാവിനു സാദ്ധ്യമല്ലതന്നെ എന്നതതും രാജകുമാരനെ മനസ്സിലാക്കണം. പ്രവൃത്തിചെയ്യുന്നവൻ നിഷ്കാമമായി തന്നെവേലയെടുക്കേണ്ടതാണ്. പ്രതിഫലമോ, സന്തോഷമോ, സുഖമോ അവനു ആശിപ്പാൻ അവകാശമില്ല. ഇതു രാജകുമാരന്റെ ഹൃദയത്തിൽ പതിയുന്നതിനുവേണ്ട ഉപദേശം നൾകണം. സകലരും അവരുടെ അർഹതയ്ക്കനുസരണമായി സുഖമോ ദുഃഖമോ അനുഭവിക്കട്ടെ. കർമ്മനിരതനായിട്ടുള്ളവനു കർമ്മാനുഷ്ഠാനത്തിൽപരം മറെറാന്നും ശ്രദ്ധിപ്പാനില്ല. അവനു അതിനു അവകാശമില്ല. ഇതെല്ലാം പഠിപ്പിച്ചു രാജകുമാരൻ തന്റെ മനസ്സിനു വിശ്രമം വേണമെന്നു തോന്നുമ്പോൾ ഞാൻ പിന്നീടു വേറെ ഒരുവനെ ശിഷ്യനായി സ്വീകരിക്കണം. എന്റെ ഉദ്ദേശനിവൃത്തിക്കായി ഞാൻ ഇങ്ങനെ ഓരോരുത്തരെ മാറിമാറി നയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നാൽ മതിയാകയില്ല. എന്നാൽ ചക്രവർത്തിക്കു എന്നോടുതന്നെ ചോദിക്കാമല്ലൊ ചോദിക്കട്ടെ ഒരു സന്യാസിയുടെ വേഷധരിച്ചുനടപ്പാൻ ഈവിഷ്ണുഗുപ്തനു സമ്മതമില്ലെന്നും അവനു അതു വഹിയാ എന്നു പറവാൻ കഴിയുമെന്നും ഞാൻ കാട്ടികൊടുക്കാം ഇതെന്തു? ഈ വിചാരങ്ങൾതന്നെ എന്റെ ഹൃദയത്തിൽ കടന്നുകൂടുവാൻ കാരണമെന്തു്. ഞാൻ ചാണക്യനാണു്. കൌടില്യൻ. മനുഷ്യനെ തരായി രാജാവിനോടുചേർന്നു യുദ്ധംചെയ്യുന്നതാണു എന്റെ കൃത്യം. ഞാൻ അതിൽനിന്നു ഒരിക്കലും വിരമിക്കുകയില്ല.

II

[രാജധാനി. ചക്രവർത്തിയുടെ മുറി. വാതലിനു ഇരുപുറവുംദ്വാരപാലകർനില്ക്കുന്നു. ദൂതൻ ശീഘ്രത്തിൽ വന്നു അകത്തു പ്രവേശിപ്പാൻ ഭാവിക്കുന്നു ]

ദ്വാരപാലകൻ —ഇത്രവേഗത്തിൽ എവിടെ എന്താണു് പറയൂ കേൾക്കട്ടെ.

ദൂതൻ.—എനിക്കു ഒന്നും അറിഞ്ഞുകൂടാ. ചക്രവർത്തി എന്നെനോക്കി മന്ദഹാസംചെയ്തുകൊണ്ടു ചോദിക്കുന്നു. നിന്റെ പേരെന്തു്? നിനക്കു ശമ്പളം എന്തു്? ദയവുചെയ്തു നീ എനിക്കുവേണ്ടി ഇക്കാര്യം ചെയ്യുമോ, അവിടംവരെ ഒന്നുപോകുമോ" എന്നെല്ലാം. ഞാൻ അദ്ദേഹത്തിനു എന്റെ സന്മനസ്സുണ്ടായിചെയ്യുന്ന ഒരുപകാരമാണു് എന്റെ ജോലി എന്നു രാജാവുധരിക്കുന്നു. കൌടില്യൻ പറയുന്നു. പറയെടാ! വേഗം. ചെളിത്തലയാ. നിന്റെ പ്രാരംഭവും ആചാരവും വേണ്ട. എന്നെല്ലാം. അദ്ദേഹത്തിന്റെ മേഘഗർജ്ജനം എന്നെ ഭയപ്പെടുത്തുന്നു എന്റെ ഉത്തരം കേട്ടശേഷം ശരി എന്നുമാത്രം ഒരുത്തരവും. പ്രഥമസമാഗമംപോലും കഴിഞ്ഞിട്ടില്ലാത്ത ഒരു വധു ഭർത്താവിന്റെ ഉത്തരവിനു മറുപടി പറയുന്ന സ്വരത്തിൽ.

രണ്ടാമൻ. ഈ ഉത്തരത്തിനും വിശേഷസ്വരത്തിനും ഇടയാക്കിയ രാജാവിന്റെ സന്ദേശം എന്തായിരുന്നു.

ദൂതൻ.—ഒന്നുമില്ല. എത്ര മന്ത്രിമാരോടു ഞാൻ ഇതു പറഞ്ഞിട്ടുണ്ടു്. രാജാവിനു ഇത്രദയവും മന്ത്രിക്കു ഈ കോപവും ഉടൻ ശാന്തതയും ഇന്നു ആദ്യമാണു്.

ഒന്നാമൻ —ആ സന്ദേശം.

ദൂതൻ. ഇവിടംവരെ ഒന്നു വരണമെന്നു കൌടില്യനോടുപറഞ്ഞു.

ഒന്നാമൻ —ഹാ. ഹാ കൊള്ളാം. ഇതിൽനിന്നു താൻ ഒരു കഥയുമുണ്ടാക്കി. ഒരു ശത്രു നമ്മുടെ രാജ്യം ആക്രമിപ്പാൻ വരുന്നു എന്നാണു് ഞങ്ങൾ ഭയന്നതു്. [അവർ ഉറക്കെ ചിരിക്കുന്നു ]

[ദൂതൻ അകത്തുപോകുന്നു. ദ്വാരപാലകർ പ്രതിമപോലെ നില്ക്കുന്നു. നിശ്ശബ്ദം. ചാണക്യൻ ധൃതഗതിയിൽ അവിടെവന്നു അകത്തേക്കു പോകുന്നു. ദ്വാരപാലകന്മാർ താണുവണങ്ങിനില്ക്കുന്നു ]

ഒന്നാമൻ. – വളരെ ധൃതിയിലാണു്.

രണ്ടാമൻ. —അതേ. വിയർപ്പുതുള്ളികൾ. കണ്ണുകളിൽ തീപ്പൊരി. ഈ ശാന്തഗംഭീരന്റെ കോപം. എന്താണാവോ വരാനിരിക്കുന്നതു്.

രണ്ടാമൻ.—നമുക്കു നല്ലതല്ല. അതു എപ്പൊഴും പറയാം.

[ഒരു മോഹിനി വസ്ത്രാലങ്കാരഭൂഷിതയായി രണ്ടു ബാലന്മാരുടെ അകമ്പടയോടുകൂടി അകത്തേക്കുപോകുന്നു.]

ഒന്നാമൻ.—രാജകുമാരന്റെ ഗൃഹത്തിലേക്കു്.

രണ്ടാമൻ.—അവിടെ അത്ര ഇഷ്ടമല്ലെന്നുകേട്ടു.

ഒന്നാമൻ.—അതോ. മകനെ കൊട്ടാരത്തിൽനിന്നും വളരെ അകലെ ഒരുസ്ഥലത്തു താമസിപ്പിക്കണമെന്നു അവൾ പറ

* Translation.

ഞ്ഞു രാജകുമാരൻ അതു സാധിക്കുകയില്ലെന്നുപറഞ്ഞു. അത്രേയുള്ളൂ.

രണ്ടാ — തന്റെ രഹസ്യം മകൻ അറിയരുതെന്നു അവൾ കരുതിയിരിക്കാം

ഒന്നാ.—രാജകുമാരനു അവനോടു വളരെ കാര്യമാണു്. പിരിഞ്ഞിരിക്കുന്നതു പോലും സങ്കടമാണു്.

രണ്ടാ.—എന്റെ അഭിപ്രായം പറയാമല്ലോ. രാജകുമാരബിന്ദുസാരനെക്കാൾ ഈ കുട്ടിയുടെ മുഖത്തു കുറെക്കൂടി രാജകല യുണ്ടു്.

ഒന്നാ.—ദാസീപുത്രന്മാക്ക് അങ്ങനെ ഒരു അനുഗ്രഹമുണ്ടു്.

## III

[ചന്ദ്രഗുപ്തന്റെ വിശ്രമഗൃഹം. ചന്ദ്രഗുപ്തൻ മുറിയിൽ ചുററിനടന്നുകൊണ്ടിരിക്കുമ്പോൾ ചാണക്യനെ കണ്ടിട്ടു അവിടെത്തന്നെ ഭീതിയിൽ നില്ക്കുന്നു]

ചന്ദ്ര.—നിങ്ങൾ സ്ഥാപിച്ചിട്ടുള്ള ഭരണചക്രം അത്യന്തം പ്രശംസനീയംതന്നെ. അതിനും ചക്രത്തിന്റെ പ്രധാനമായ അച്ചിനു കേടുസംഭവിച്ചെന്നു വരികയില്ല. നിങ്ങളുടെ രൂപകം തന്നെ തുടൎന്നുപറയാം, അച്ചിനു കേടുസംഭവിച്ചാൽ പുതിയ അച്ചിനു യോജിച്ച ഒരു ചക്രവും നിങ്ങൾ രൂപീകരിക്കയില്ലേ.

ചാണക്യൻ.—അവിടുന്നു ദയാപുരസ്സരം എന്റെ ഭരണചക്രം ഇന്നും ത്വരിതഗമനംചെയ്യുന്നതായി സമ്മതിക്കുന്നു. അതിൽ എവിടെയെങ്കിലും കുററമോ കുറവോ ഉണ്ടായാൽ ഞാൻ നിർദ്ദയം ആ ഭാഗം അവിടെനിന്നും എടുത്തുകളയും. അതു നടുവിലത്തെ അച്ചായാലുംശരി ഒരു ചെറിയ ആണിയായാലുംശരി എനിക്കു വ്യത്യാസമില്ല ഉപയോഗശൂന്യമായതിലും ജീൎണ്ണിച്ചതിലും എനിക്കു കൌതുകം ഇല്ല.

ചന്ദ്ര.—നടുവിലത്തെ അച്ചു ജീൎണ്ണപ്പെട്ടുപോയാൽ അതു ആദ്യമായി അതിനുതന്നെയാണു് ആ ബോധം ഉളവാകുന്നതു്. എന്റെ കാര്യം............[ചാണക്യനു രാജാവിനോടു കുറെക്കൂടി അടുത്തുചെല്ലുന്നു. ശബ്ദം ഉയരുന്നു]

ചാണ.—രാജാവേ. ഇതു അങ്ങയുടെ ഹൃദയത്തിൽനിന്നുള്ള വാക്കുതന്നെയോ. അങ്ങയുടെ വികാരസ്തോഭം ചന്ദ്രഗുപ്തനു യോജിച്ചതുതന്നെയോ. അച്ചു ജീൎണ്ണിച്ചിട്ടില്ല. അതിനുചുററും ചെളിയും അഴുക്കും വ്യാപിച്ചുപോയി. ഞാൻ അവ നിശ്ശേഷം തുടച്ചു അച്ചു പൂൎവസ്ഥിതിയിലാക്കും.

ചന്ദ്ര.—ചാണക്യാ! പരമാർത്ഥംപറയാം. എന്നിൽ ഈ വ്യത്യാസം ഉളവാക്കിയതു ഈ വൈദികപ്രമാണിമാത്രമല്ല. എന്റെ ഹൃദയംതന്നെ രൂപാന്തരപ്പെട്ടുപോയി. എനിക്കു അതു പൂൎണ്ണബോധ്യമുണ്ടു്.

ചാണക്യ:—അങ്ങനെയുള്ള ചിന്തകൾ അവിടത്തെ ഹൃദയത്തിൽ കടന്നുകൂടരുതു്. ആതരം വിചാരങ്ങൾ ഭരണചക്രത്തിൽപെട്ടു അവിടത്തെ ആശ്രയിക്കുന്ന അനവധി ജനങ്ങൾക്കുള്ളതാണു് അലക്സാണ്ടർ ചെയ്തതറിയാമോ. അതാണു അവിടത്തെ മാൎഗ്ഗദർശിയായിരിക്കേണ്ട ആദർശം. അന്നു അതിവർഷംചൊരിഞ്ഞ ആ ദിവസം തന്റെ ബലത്തിൽ പരിപൂൎണ്ണവിശ്വാസത്തോടെ ജയഭേരിമുഴക്കിക്കൊണ്ടു പ്രതാപവാനായി സൂൎയ്യനെപ്പോലെ ന്യായവും ശിക്ഷയും നിർണ്ണയം നല്കി കിഴക്കോട്ടുവന്ന ആ മഹാപുരുഷന്റെമുൻപാകെ എന്താണു നാം കണ്ടതു്. നമ്മുടെ ബന്ധു-കീൎത്തിമാനായ പുരുഷോത്തമമഹാരാജാവു്-ശാസ്ത്രാദികളിൽ അദ്വിതീയപാരംഗതത്വം സമ്പാദിച്ചിരുന്ന ടാക്സിലാമഹാരാജാവു-ഇന്നു ആരു് അദ്ദേഹത്തെ ഓക്കുന്നു! അദ്ദേഹം അലക്സാണ്ടർമുൻപാകെ വീണു വണങ്ങി സ്തുതിചെയ്തു അനവധിദ്രവ്യം കാഴ്ചവെച്ചു യാചിച്ചു. അനവധി നക്ഷത്രങ്ങൾ പ്രശോഭിച്ചിരുന്ന ഈ ഭൂതലം മുഴുവൻ അലക്സാണ്ടർ എന്ന സൂൎയ്യപ്രഭ കരസ്ഥമാക്കി അവരുടെ തേജസ്സുകൾ നശിപ്പിച്ചു അന്നു എന്റെ സമീപവൎത്തിയായിരുന്ന കീൎത്തിലാഭത്തിലും ചക്രവൎത്തിപദാരോഹണത്തിലും ആഗ്രഹംപൂണ്ടു എന്നോടു അവിടുന്നു കല്പിച്ചതെന്താണെന്നു ഓക്കുന്നുവോ?" ഇവൻ കിഴക്കോട്ടുവന്നതുപോലെ ഞാൻ പശ്ചിമദിക്കിലേക്കു യാത്രയാകും ഇതുവരെ നിങ്ങൾ ശത്രുഗൃഹംവരെയല്ലാതെ പടിഞ്ഞാറോട്ടു കൂടുതൽ കടന്നിട്ടുണ്ടോ. പാശ്ചാത്യരെ കീഴടക്കുവാൻ നിങ്ങളെപ്പോലെയുള്ള സുഖലോലുപന്മാക്കു സാദ്ധ്യമല്ല. ഈ കാണുന്ന സ്ഥലമല്ല പാശ്ചാത്യഭൂമി. അപ്പുറം വളരെയുണ്ടു്. സകലതും സാധിച്ചാലും കൃത്യം പൂൎണ്ണമാക്കാതെ കാലദേശോപാധികൾക്കു കീഴടങ്ങിക്കഴിയുന്ന നിങ്ങളുണ്ടോ എന്തെങ്കിലും സാധിതപ്രായമാക്കുന്നു. ഞാൻ ഒരു ഗ്രീക്കുകാരനായിരുന്നെങ്കിൽ, അലക്സാണ്ടറെപ്പോലെ എനിക്കു ഒരു രാജാവുണ്ടായിരുന്നെങ്കിൽ ഇന്നു ഈരാജ്യമെല്ലാം ഗ്രീസിനോടു ചേൎന്നതുതന്നെ. അല്ലയോ രാജാവേ! മനസ്സിൽ കടന്നുകൂടുന്ന ഇത്തരം ചിന്തകളോടുമല്ലിട്ടു അവയെ ബഹിഷ്കരിക്കണം. ഒന്നുകൂടി ഉണൎന്നുപ്രവൎത്തിക്കണം. എന്റെ നീതിഗ്രന്ഥവും ഭരണവും വകവെയ്ക്കേണ്ടതില്ല. സന്ധികൾ ഗണിക്കരുതു്. സൈന്യസമേതം കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക. നമ്മുടെരാജ്യം വിസ്തൃതമാകട്ടെ ഉണൎന്നു പ്രവൃത്തിതുടങ്ങുക. ചന്ദ്രഗുപ്തന്റെ ആ ഹൃദയം എവിടെ?

ചന്ദ്രഗു—അപ്രമേയശക്തികലൎന്ന മഹാവീരാ! നിങ്ങളുടെ ചന്ദ്രഗുപ്തൻ അദ്ദേഹത്തിനുള്ള സ്ഥാനത്തുതന്നെ ഇരിക്കും. നിങ്ങളുടെകൂടെ എവിടെയും ഉണ്ടായിരിക്കും. എന്റെ ഹൃദയത്തിനു ക്ഷീണം ഉണ്ടായെങ്കിൽ എന്റെ പുത്രൻ നിങ്ങളുടെ നിയോഗം കൈക്കൊള്ളുവാനുണ്ടു്. ബിന്ദുസാരൻ എന്റെ പുത്രനാണെങ്കിൽ നിങ്ങളുടെ വാക്കുകേട്ടു ഞാൻ ഉണൎന്നിട്ടുള്ളതുപോലെ അവനും ഉണൎന്നുകൊള്ളും. എന്നെ മറക്കുക. ഇവിടെഇരുന്നു എന്നെ ഈ സാമ്രാജ്യച്ചെങ്കോൽ വഹിപ്പാൻ ശക്തനാക്കിയതുപോലെ ബിന്ദുസാരനെയും ഒരു ശക്തനായ ചക്രവൎത്തിയാക്കുക.

ചാണക്യ — ഈ നിശ്ചയത്തിനു ഭേദമില്ലേ.

ചന്ദ്ര—ഇല്ല. ഇതിനു ഒരിക്കലും ഭേദമുണ്ടാകയില്ല.

## IV

[രാജകുമാര ബിന്ദുസാരന്റെ ഒരു മുറി. ബിന്ദുസാരൻ ഒരു തലയണമേൽ ചാഞ്ഞു കിടക്കുന്നു. ഇന്ദുലേഖ എന്ന മോഹനദാസി സമീപത്തു ജന്നാലയിൽ ചാഞ്ഞുനില്ക്കുന്നു. ഇന്ദുലേഖ ഗൌരവതരമായ ഒരു സംഗതി പ്രസ്താവിച്ചിട്ടു മറുപടികാത്തിരിക്കയാണെന്നു മുഖംപ്രസ്ഫുടമാക്കുന്നുണ്ടു്]

ബിന്ദു ഇന്ദു-അവനെ എനിക്കും വളരെ സ്നേഹമാണു്. നീ അതു് അറിയുന്നില്ലേ

ഇന്ദു—എന്നാൽ ഗൂഢാലോചനകളും സ്നേഹരഹിതമായ പെരുമാററങ്ങളും കളവും കൃത്രിമവും നിറഞ്ഞ ഈ സ്ഥലത്തുതന്നെ അവൻ വളൎന്നുവരണമെന്നു രാജകുമാരനു എന്താണു നിർബന്ധം. അവന്റെമാതാവു ഒരു ദാസിയാണെന്നു അവനെ അറിയിക്കണമെന്നായിരിക്കാം അവിടത്തെ ആലോചന. രാജ്യകാൎയ്യങ്ങളിൽ ഓരോ രഹസ്യങ്ങൾ കണ്ടുപിടിക്കുവാൻ ഞാൻ എന്റെ വിദ്യകൾ പ്രയോഗിക്കുന്നതു് അവൻ അറിയണമെന്നുണ്ടോ. എനിക്കു അവിടത്തെനേക്കുള്ള പ്രേമം അവൻ അറിയേണ്ട ആവശ്യമെന്തു്. തന്റെ അമ്മയെപ്പററി മകനു കുററംതോന്നാതെ ഇരിക്കത്തക്കവണ്ണം മകന്റെ ആത്മാഭിമാനം പുലൎത്തേണ്ടതു ആവശ്യമാണു്.

ബിന്ദു—ഞാൻ രാജാവാകുമ്പോൾ ചാണക്യൻ ഇവിടെനിന്നു പോകും. പിന്നീടു രാജകാൎയ്യങ്ങളിൽ രഹസ്യങ്ങൾ ഒന്നുമില്ല; നിന്റെ സഹായവും ആവശ്യമില്ല നീ ആഗ്രഹിക്കുമ്പോലെ നീ എന്റെ പട്ടമഹിഷിയാകയുംചെയ്യും. നമ്മുടെ പുത്രനെ സംരക്ഷിക്കുന്ന ഒരൊററജോലിയേ നിനക്കു ഉണ്ടായിരിക്കയുള്ളു. അവനു നിന്നെപ്പററി വേറെ യാതൊരു അറിവും ഉണ്ടാകയില്ല. എനിക്കു ഇപ്പോൾ ലഭിക്കുന്ന രാജ്യത്തെക്കാൾ തുലോം വിസ്താരമേറിയ ഒരു രാജ്യം എന്നിൽനിന്നു അവനു കിട്ടുകയും ചെയ്യും ഇന്ദു! കുറേ ക്ഷമിക്കുക. രാജധാനിയിലെ സകല കളങ്കങ്ങളും ഞാൻ പാടേ നശിപ്പിച്ചു നമ്മുടെ പ്രേമത്തിനും മകനോടുള്ള വാത്സല്യത്തിനും അനുരൂപമായ വിധത്തിൽ നമുക്കു ജീവിക്കാം നീ എന്തുകൊണ്ടു ഉത്തരംപറയുന്നില്ല. ബിന്ദുസാരന്റെ പ്രേമത്തിൽ അനുരാഗത്തിൽ നിനക്കു സംശയമുണ്ടോ. (രാജകുമാരൻ ഇന്ദുലേഖയുടെ ഇരുകരങ്ങളും തന്റെ കയ്യിൽ പിടിച്ചുകൊണ്ടു) ചാണക്യൻ ഒരുവനെ തുലയ്ക്കുവാൻ നിന്റെ കൌടില്യങ്ങൾ പ്രയോഗിച്ചു. അവൻ നിന്നെ ഒരു നാശഗൎത്തത്തിൽ അമൎത്തി. അവിടെനിന്നും നിന്നെ ഞാൻ രക്ഷിച്ചതു ദൃഢാനുരാഗംകൊണ്ടല്ലെങ്കിൽ മറെറന്തുകൊണ്ടാണു ?

ഇന്ദു—നാഥാ! ആ കഥകൾ എന്നെ ഓൎമ്മിപ്പിച്ചാൽ എനിക്കു ഭ്രാന്തുണ്ടാവും. അവിടുന്നു പറയുന്ന ആ കാലംവരെയെങ്കിലും അവൻ കുറെ അകലെ മാറി താമസിക്കട്ടെ. രാജസേവകരുടെ വിഷമയമായ അന്തരീക്ഷം വിട്ടു ശുഭ്രമായ ഒരു അന്തരീക്ഷത്തിൽ അവൻ വളരട്ടെ ഈ രാജ്യതന്ത്രങ്ങളും അപമാനങ്ങളും അസൂയാപരമായ ആലോചനകളും അവനെ ബാധിക്കാതിരിക്കട്ടെ. അവന്റെ ബാലഹൃദയത്തിനുള്ള ചൈതന്യത്തിനു ഹാനിവരാതിരിക്കട്ടെ. രാജകുമാരാ! എന്റെ ഈ ഒരു പ്രാൎത്ഥന നിരസിക്കരുതെ. അവിടുത്തെ ദാസിയായ ഞാൻ മറെറാന്നും ആവശ്യപ്പെടുകയില്ല. (തുടരും)

ചെറുകഥാപംക്തി.

# *സുഭ.

തൈക്കാട്ടു ചന്ദ്രശേഖരൻനായർ.

സുഭാഷിണിയെന്നു നാമകരണംചെയ്തപ്പോൾ ആ ബാലികയ്ക്കു സംസാരിക്കാൻ കഴികയില്ലെന്നു ആരെങ്കിലും വിചാരിച്ചുവോ! അവളുടെ സഹോദരികൾ സുകേശിനിയും സുഹാസിനിയും ആയിരുന്നു. അവരുടെ പേരുകളോടനുയോജിച്ച അച്ഛൻ ഇളയമകൾക്ക് സുഭാഷിണിയെന്നു പേരു കൊടുത്തതാണ്. സാധാരണ അദ്ദേഹം അവളെ സുഭ എന്നുമാത്രംവിളിച്ചുവന്നു.

അവളുടെ മൂത്തസഹോദരികളെ വളരെ പണംചിലവാക്കി വേളികഴിച്ചയച്ചു. ഇപ്പോൾ മാതാപിതാക്കൾക്കു ഇളയമകൾ ഒരു നിശ്ശബ്ദഭാരമായിത്തീർന്നിരിക്കുന്നു! ഊമയാകയാൽ വസ്തുതകൾ അറിയാനുള്ള വിശേഷജ്ഞാനം അവൾക്കില്ലെന്നാണ് എല്ലാവരും വിശ്വസിച്ചിരുന്നതു്. ഹതസംഭാഷണംകൊണ്ടു അവൾക്കുണ്ടാകാവുന്ന ദുഷ്കാലത്തെപ്പററി പലരും അവളുടെ മുൻപിൽവച്ചുതന്നെ സംസാരിച്ചിട്ടുണ്ട്. അച്ഛൻെറ ഗൃഹത്തിലേക്കു താനൊരുശാപമായിട്ടാണ് പിറന്നതെന്നു അവൾ മനസ്സിലാക്കി! അതിനാൽ കഴിയുന്നതും ജനവാസമില്ലാത്തിടത്തെങ്ങാനും അവൾ തനിയേ ജീവിക്കുവാൻ ശ്രമിച്ചു. സകലരും അവളെ മറന്നിരുന്നുവെങ്കിൽ അവൾക്ക് വലിയആശ്വാസമാകുമായിരുന്നു. എന്നാൽ മനോവേദന ആർക്കുമറക്കുവാൻ സാധിക്കും! രാപ്പകൽ അച്ഛനമ്മമാരുടെ ഹൃദയം അവളെക്കുറിച്ചു തപിച്ചുകൊണ്ടിരുന്നു. വിശിഷ്യ മാതാവിനു സ്വന്തമായ ഒരു അംഗവൈകല്യംതന്നെയാണവൾ! അമ്മയ്ക്കു മകനെക്കാൾ മകളാണല്ലൊ കൂടുതൽആത്മാർത്ഥമായിരിക്കുക. മകളിലുള്ള ഒരുകുറവു അമ്മയ്ക്കു ലജ്ജാവഹമാണ്. അവളുടെ താതനെപ്പററിപ്പറയുകയാണെങ്കിൽ, അദ്ദേഹം, വാണീകാന്തൻ, അവളെ മറെറല്ലാവരെക്കാളും അധികം സ്നേഹിച്ചിരുന്നു.

സുഭയ്ക്കു സംസാരിക്കാൻ സാധ്യമല്ലെങ്കിലും, ദീർഘപക്ഷ്മനിബിഡങ്ങളായ രണ്ടുവിടർന്ന കരിങ്കണ്ണുകൾ ഉണ്ടായിരുന്നു. ഹൃദയത്തിലെ വികാരോൽഗമനമനുസരിച്ച അവളുടെ അധരങ്ങൾ തളിരിനൊത്തു വിറകൊള്ളുകയുംചെയ്തു.

ആശയങ്ങളെ പൂർണ്ണമായി പുറത്തറിയിക്കാൻ നമ്മുടെവാക്കിൻ ശക്തിപോരാ. എന്നാൽ കണ്ണുകൾക്ക് ആ ശേഷിക്കുറവില്ല. ഹൃദയംമുഴുക്കെ അവയിൽ പ്രതിഫലിക്കുന്നു. അംബരാന്തത്തെ പ്രോജ്വലിപ്പിച്ചു ക്ഷണനേരം വീശുന്ന മിന്നൽപിണർപോലെയോ, കാർമേഘപടലിയിൽ അർദ്ധനിമഗ്നമായ ഉഷഃചന്ദ്രനെപ്പോലെയോ, അവയിൽ വികാരങ്ങൾ വികസിക്കുകയും ക്രമ്പുകയുംചെയ്യുന്നു. ജന്മനാ സംഭാഷണഭാഗ്യം സിദ്ധിക്കാത്തവർക്കു വീക്ഷണഭാവങ്ങൾ ഒരു വലിയ ജീവൽഭാഷയാണ്. ആ ഭാഷ വാരിധിയെപ്പോലെ ഗംഭീരവും വ്യോമത്തെപ്പോലെ പ്രസന്നവും ആകുന്നു. ശബ്ദവിഹീനർക്കു നിയതിക്കുള്ള ഒരു ഏകാന്തപ്രാഭവംഉണ്ട്. അതുകൊണ്ടായിരിക്കാം മററു കുട്ടികൾ സുഭയെ ഭയപ്പെട്ടതു്. അവളോടാരും കളിക്കാൻ പോയില്ല. അവൾ മദ്ധ്യാഹ്നവേനലിനൊപ്പം പരിത്യക്തയായിരുന്നു.

അതു ചണ്ഡിപുരംഗ്രാമമാണ്. അവിടത്തെ ചെറുതടിനി കൃഷിവലകന്യയ്ക്കു സമം അമന്ദമൊഴുകി. ഇരുവശത്തുമുള്ള മരത്തണലിൽ അനേകം ഭവനങ്ങൾ സ്ഥിതിചെയ്തു. വാണീകാന്തൻെറവീടു പുഴയ്ക്കഭിമുഖമായിട്ടത്രേ. ആപ്രദേശത്തുള്ള എല്ലാ വസതികളും നദിയിൽ തുഴഞ്ഞുപോകുന്ന വള്ളക്കാർക്കുകാണാം.

ജോലികഴിഞ്ഞു പുഴയരികിൽ ചെന്നിരുന്ന ബാലികയെ ആരെങ്കിലും ശ്രദ്ധിച്ചിരുന്നുവോ! പ്രകൃതി അവൾക്കുവേണ്ടി ശബ്ദപ്രമത്തയായിരുന്നു: സരിത്തിൻെറ ലോലനിസ്വനം, വൃക്ഷങ്ങളുടെ മർമ്മരധ്വനി, ഖഗക്കൂജനാരവം, ഇവ അവളുടെ ഹൃദയവികമ്പനങ്ങളോടു ഇണങ്ങി. അവളുടെ അവിശ്രമാത്മാവിൽ അവ വിസ്തൃതനിനദതരംഗമായി അലച്ചുകൊണ്ടിരുന്നു

ചങ്ങാടങ്ങൾ കെട്ടിയിട്ടു കടത്തുകാർ ഉച്ചഭക്ഷണത്തിനുപോയി. പരിശ്രമബഹുലമായലോകം പെട്ടെന്നു ജോലിനിർത്തി. ആദ്യന്തമററ ആകാശത്തിനുതാഴെ ഒരു മൗനപ്രകൃതിയും ഒരു നിശ്ശബ്ദബാലികയും — ഒന്നാമത്തേതു സൂര്യപ്രകാശത്തിലാറാടി; രണ്ടാമത്തേതു തൈത്തരുവിൻെറ തണലിൽ വിശ്രമിച്ചു.

സുഭാഷിണി വെറും അമിത്രയായിരുന്നില്ല. തൊഴുത്തിൽ രണ്ടുപശുക്കളുണ്ടായിരുന്നു. സാരവശിയും, പംഗുലിയും. അവളുടെഅധരങ്ങളിൽനിന്നു അവ പേർവിളി കേട്ടിട്ടില്ല. എങ്കിലും അവളുടെ പാദപതനനിനദം അവയ്ക്കറിയാമായിരുന്നു. അവളുടെ സ്നേഹഭാവങ്ങൾ സംഭാഷണത്തെക്കാൾ അവ ഇഷ്ടപ്പെട്ടു. അവൾക്കൊപ്പം മിണ്ടാപ്രാണികളായ ആ പശുക്കളുടെ സമീപത്തു സങ്കടവസരങ്ങളിലൊക്കെ അവൾചെല്ലും. അവളുടെ കരവല്ലികളാൽ കൊച്ചുകൊമ്പുകൾകൊണ്ടു മൃദുവായി തലോടി പശുക്കൾ അവളെ അപ്പോഴെല്ലാം ആശ്വസിപ്പിച്ചു.

സുഭയുടെ കൂട്ടരിൽ ഒരു ബാലനും ഉൾപ്പെട്ടു. അവൻ അലസനായ പ്രതാപൻ ആയിരുന്നു. ദീർഘപരീക്ഷണങ്ങളാലും അവനിൽ നിരാശപ്പെട്ട മാതാപിതാക്കന്മാർ അവനെ ഇഷ്ടത്തിനു വിട്ടു. സ്വജനങ്ങളുടെ ദുരഭിപ്രായത്തിൻ പാത്രമാകുന്ന ഇത്തരക്കാർ അന്യർക്കു സുസമ്മതരാകുക സാധാരണയാണ്. പ്രത്യേകജോലിയൊന്നുമില്ലാത്ത ഇവർ പൊതുസ്വത്തായിത്തീരുന്നു സ്വാതന്ത്ര്യമായി നിശ്വസിക്കാൻ ഒരു വിശാലസ്ഥലം എല്ലാപട്ടണവാസികൾക്കും ആവശ്യമുള്ളതുപോലെ ഒരു ഗ്രാമത്തിൽ അവിടെയുള്ളവർക്കുവേണ്ടി സമയം ചിലവാക്കാൻ സാവകാശംസമ്പാദിച്ച രണ്ടുമൂന്നുയുവാക്കന്മാർ ആവശ്യമാണ്.

പ്രതാപൻെറ ജോലി മീൻപിടിത്തമെന്നു പറയാം. സായന്തനവേളകളിൽ അവനെ ആററുവക്കിൽവച്ചാണ് സുഭ പരിചയമായതു് 'മീൻ പിടിക്കുന്നവനു' മൗനമായ കൂട്ടത്രേ ഇഷ്ടം. അവൻ അവളെ ക്രമത്തിലധികം വാത്സല്യത്തോടെ ആദരിച്ചിരുന്നു; വിളിച്ചുതന്നെ 'സു' എന്നുമാത്രം. സുഭ ഒരു മരച്ചുവട്ടിൽ ഇരിക്കും. പ്രതാപൻ കുറേ മാറി ചൂണ്ടയിടും അവൻ കൊണ്ടുവന്ന താംബൂലസാമഗ്രികൾ ചവ്വണത്തിന് അവൾ ഒരുക്കിക്കൊടുക്കും.

നദിക്കരയിൽ നോക്കിയിരിക്കുമ്പോൾ, പ്രതാപനു വല്ലതും വലിയ സഹായംചെയ്യാൻ സാധിക്കുമെന്ന എന്നവൾ ആശിച്ചു; അങ്ങിനെ ഒരു യഥാർത്ഥസഹായിനിയായി ലോകത്തിൽ താൻ നിരുപയോഗജീവിയല്ലെന്നു തെളിയിക്കുവാൻ അവൾ ആഗ്രഹിച്ചു "അപ്പാ! സുവിനു ഇതു സാധിക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചില്ല!!" എന്നു പ്രതാപനെ അത്ഭുതപരതന്ത്രനാക്കി ഉച്ചരിപ്പിക്കുവാൻതക്ക അസാധാരണശക്തി തനിക്കു നൽകുവാൻ അവൾ സൃഷ്ടികർത്താവിനെ പ്രാർത്ഥിച്ചു അവൾ ഒരു ജലദേവതയായിരുന്നുവെന്നു വിചാരിക്കുക. എന്നാൽ നാഗമകുടത്തിലെ രത്നവുംകൊണ്ടു നദിയിൽനിന്നുമവൾ പൊങ്ങിവരുമായിരുന്നു! അപ്പോൾ പ്രതാപൻ മീൻപിടിത്തം ഉപേക്ഷിച്ചു വെള്ളത്തിൽമുങ്ങി അധോലോകത്തിൽ ചെല്ലുകയും അവിടെ ഒരു വെള്ളിക്കൊട്ടാരത്തിനകത്തു സ്വർണ്ണശയ്യയിൽ വാണീകാന്തൻെറ നിരാശ്രയയായ മകളെ കാണുകയും ചെയ്യുമായിരുന്നു!! പക്ഷേ അതെല്ലാം സാധിക്കാത്തതല്ലേ; യാതൊന്നും വാസ്തവത്തിൽ അസാധ്യമായിട്ടല്ല. പിന്നെയോ, സു പാതാളാധിപൻെറ വംശത്തിലല്ല ജനിച്ചതു്.

അവൾക്ക് പ്രതാപനെ ആശ്ചര്യവിധേയനാക്കാൻ വഴിയൊന്നും വശമില്ല തന്നെ.

യഥാക്രമം അവൾ വളർന്നുവന്നു; യഥാക്രമം അവളിൽ ചില മാററങ്ങൾ സംഭവിച്ചുതുടങ്ങി പൌർണ്ണമിദിവസം രാത്രി സാഗരമദ്ധ്യത്തുപൊങ്ങുന്ന കല്ലോലംപോലെ അവാച്യമായ ഒരു നവ്യബോധം അവളിൽ അങ്കുരിച്ചു. അതിൻെറ കാരണം അവൾക്കു സുവിദിതമല്ലായിരുന്നു.

അവളുടെ വിവാഹസംഗതി ഓർത്തപ്പോൾ മാതാപിതാക്കൾക്കു നിരാശയുണ്ടായി. സ്വജനങ്ങൾ അവരെ പഴിക്കുകയും, സമുദായത്തിൽനിന്നും ബഹിഷ്കരിക്കാൻകൂടി ആലോചിക്കയും ചെയ്തു. അല്പനാൾ എങ്ങോപോയി തിരിച്ചുവന്നു വാണീകാന്തൻ

* ടാഗൂറിൽ നിന്നും

ഒരുദിവസം ഇങ്ങനെപറഞ്ഞു:— "നമുക്കു കാളിഘട്ടത്തിലേക്കു പോകണം."

ആ പുതിയസ്ഥലത്തേയ്ക്കു തിരിക്കാൻ ഉടനേ അവർ ഒരുക്കങ്ങളാരംഭിച്ചു സുഭയുടെ ഹൃദയംമാത്രം മൂടൽമഞ്ഞാൽ ആവൃതമായ പ്രഭാതംപോലേ ശോകസംകുലമായി. അച്ഛനമ്മമാരുടെ വദനങ്ങളിൽ അവൾ തുറിച്ചുനോക്കി എന്തോ അറിയാൻ കൊതിച്ചു. എന്നാൽ അവർ യാതൊന്നും മിണ്ടിയതേയില്ല ഇതിനിടയിൽ ഒരുദിവസം പ്രതാപൻ ചിരിച്ചുകൊണ്ടു ചോദിച്ചു. "അപ്പോൾ, എന്റെ സൂ! അവർ നിന്റെ വരനെ അന്വേഷിച്ചു പിടിച്ചുകഴിഞ്ഞു! നീ വിവാഹിതയാകാൻപോകുന്നു, അല്ലേ?

വെടിയേററ മാടപ്രാവു പ്രാണസങ്കടത്തിൽ വേട്ടക്കാരനോടു നിശ്ശബ്ദം ചോദിക്കുന്ന മാതിരി, "ഞാൻ എന്തുപിഴച്ചു" എന്ന അർത്ഥത്തിൽ സുഭാഷിണി പ്രതാപന്റെ മുഖത്തുനോക്കി.

അവൾ പിന്നീടു മരത്തണലിലിരുന്നില്ല. വാണീകാന്തൻ ഉച്ചക്കുല്ലുമുറങ്ങി എണിററു മുറുക്കിക്കൊണ്ടിരിക്കുമ്പോൾ സുഭ അദ്ദേഹത്തിന്റെ കാല്ക്കൽ ചെന്നു വീണു പൊട്ടിക്കരഞ്ഞുതുടങ്ങി. അച്ഛൻ മകളെ സമാധാനപ്പെടുത്തി. ഒടുവിൽ അദ്ദേഹത്തിന്റെ വൃദ്ധകപോലങ്ങളും ബാഷ്പത്താൽ ചകിതമായി.

അടുത്തദിവസം അവർ യാത്രയാണു്. ബാല്യത്തിലെച്ചങ്ങാതികളോടു യാത്രചോദിക്കുവാൻ സുഭ തൊഴുത്തിൽചെന്നു. സ്വന്തം കൈകൊണ്ടു അവൾ ആ സഖികളെ തീററി. അവയുടെ കഴുത്തിൽ അവൾ കെട്ടിപ്പിടിച്ചു. അവയുടെ മുഖത്തു് അവൾ വീണ്ടുംവീണ്ടും നോക്കി. അവളുടെ നയനങ്ങളിൽനിന്നും ജലകണങ്ങൾ വാർന്നു. ആ കണ്ണീർമണികൾ അവൾക്കുവേണ്ടി സംസാരിച്ചു.

അന്നു ദശമി രാത്രിയായിരുന്നു. സുഭാഷിണി ഉറക്കറവിട്ടിറങ്ങി, അവളുടെ പ്രിയനദീതീരത്തെത്തി, പുൽമെത്തയിൽവീണു കിടന്നുരുണ്ടു "അമ്മേ അവിടത്തെ പിരിയാൻ എന്നെ അനുവദിക്കരുതേ; അമ്മയോടൊന്നിച്ചു എന്നെ കെട്ടിപ്പിടിച്ചുകൊള്ളണേ", എന്നു മഹീദേവിയോടു അപേക്ഷിക്കുംമട്ടിൽ അവൾ കേണു.

* * *

* * *

കാളിഘട്ടത്തിലുള്ള ഒരു ഭവനത്തിനുള്ളിൽ സുഭാഷിണിയുടെ മാതാവു അവളെ സശ്രദ്ധം വിശേഷവസ്ത്രങ്ങൾ ധരിപ്പിക്കുകയായിരുന്നു ക്രുന്തൽഭീകിയൊരുക്കിയും, ആഭരണങ്ങൾ അണിയിച്ചും, അവളുടെ നിസർഗ്ഗസൌന്ദര്യത്തെ ഹനിക്കാൻ അവർ വളരെ ഉദ്യമിച്ചു. സുഭാഷിണിയുടെ ലോചനങ്ങളിൽ കണ്ണുനീർ നിറഞ്ഞു കരഞ്ഞു മുഖം തുടുക്കുമെന്നു ശങ്കിച്ചു അമ്മ അവളെ ദേഷ്യപ്പെട്ടു.

വരൻ, ഒരു സ്നേഹിതനൊന്നിച്ചു വധുവിനെകാണാൻ ചെന്നിരിക്കുകയാണു്. ബലിമൃഗത്തെ തിരഞ്ഞെടുക്കുവാൻഎത്തിയ ഉഗ്രമൂർത്തിയെ കണ്ടപ്പോൾ അവളുടെമാതാപിതാക്കൾ ഭയവും ഉൽക്കണ്ഠയുംകൊണ്ടു മതിമറന്നുപോയി! ചില നിശിതാജ്ഞകളാൽ മകളുടെ ക്രന്ദനങ്ങളെ ദ്വിഗുണീഭവിപ്പിച്ചു അമ്മ അവളെ പരിശോധകന്റെ മുമ്പിലേക്കു തള്ളിവിട്ടു. ആ മഹാപുരുഷൻ കുറേനേരം ഉററുനോക്കി അഭിപ്രായപ്പെട്ടു "അത്ര ചീത്തയല്ല"

അയാൾ അവളുടെ കണ്ണീർ പ്രത്യേകം ശ്രദ്ധിച്ചു. അവളുടെ ഹൃദയം കോമളമാണെന്നു അതുകൊണ്ടനുമാനിച്ചു അതു അവളുടെ ഗുണൌഘത്തിൽ ചേർത്തു കണക്കാക്കുകയും, മാതാപിതാക്കളെ പിരിയുമ്പോൾ തൽക്കാലം ഉണ്ടാകുന്നതായാലും കാലാന്തരത്തിൽ ഉപയോഗപ്രദമായ നിധിയായത്തീരുമെന്നു അയാൾ വ്യാഖ്യാനിക്കുകയുംചെയ്തു.

പഞ്ചാംഗം പരിശോധിച്ചു ഒരു ശുഭമുഹൂത്തത്തിൽ വിവാഹം നടത്തി. ഊമക്കുട്ടിയെ വരനു നൽകി സന്തുഷ്ടിയോടെ സുഭാഷിണിയുടെ മാതാവും പിതാവും സ്വദേശത്തു തിരിയെച്ചെന്നു ഹ! അവരുടെ കുലമഹിമ ഇഹലോകത്തും ആത്മാവു പരലോകത്തും പരിരക്ഷിക്കപ്പെട്ടു!

പത്തുനാൾ കഴിഞ്ഞില്ല. നവവധു മിണ്ടാജീവിയെന്നു മിക്കവരും അറിഞ്ഞു അറിയാത്തവരുണ്ടെങ്കിൽ അവളല്ല കുററക്കാരി. അവൾ ആരെയും തെററിദ്ധരിപ്പിച്ചില്ലല്ലോ. അവളുടെ നയനങ്ങൾ വാസ്തവം പ്രഖ്യാപനംചെയ്തുവെങ്കിലും മററുള്ളവർ മനസ്സിലാക്കായ്കയാണു് അവളോടാരും മിണ്ടിയില്ല. അവൾ നോക്കുന്നിടമൊക്കെ വിജനമായിത്തീർന്നു. ജനനംമുതൽ പരിചയിച്ച മുഖകമലങ്ങൾ—ഒരു ഊമപ്പെണ്ണിന്റെ ഭാഷാശൈലി കണ്ടറിഞ്ഞ ആത്മമിത്രങ്ങൾ അവിടങ്ങളിലെങ്ങുമില്ല!

ആ ഹൃദയപരിശോധകനുമാത്രം കേൾക്കാവുന്ന ഏതോ അനന്തരോദനം അവളുടെ മൌനഹൃദയാന്തർഭാഗത്തിൽ സദാ ധ്വനിച്ചുകൊണ്ടിരുന്നു!!

അവളുടെ നാഥൻ കണ്ണും കാതും ശ്രദ്ധമായി ഉപയോഗിച്ചു മറെറാരു തിരഞ്ഞെടുപ്പുനടത്തി; സംസാരിക്കാൻ കഴിയുന്ന ഒരുവളെ അയാൾ രണ്ടാമതു വിവാഹംചെയ്തു.

---


പണ്ഡിററ് ഡി. ഗോപാലാചാർലുവിന്റെ

# ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സ്വരകൾ സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകററേണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാർഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വർദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീർന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾമുമ്പുഇരുന്നതുപോലെ ന്യരുശതമാനംആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീർക്കുകയുംചെയ്യും.

എല്ലാസ്ഥലത്തും ലഭിക്കും.

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിർമ്മാതാക്കൾ

ആയുർവ്വേദാശ്രമം

പോസ്റ്റ്ബാക്സ് 287, മദ്രാസ്.



## പ്രകാശം സ്വർണ്ണാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള

ഒരു യഥാർത്ഥ സാധനം.

സ്വർണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.

വളകൾ ജോടി ഒന്നിനു രൂപാ 3.

കാററ്ലാഗ് ഇനാം.

ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,

മെററൽജ്വലറിവർക്സ്, 187 ചൈനബസ്സാർ റോഡ്,

ജി.ടി. മദ്രാസ്.

# ബുദ്ധമതതത്വങ്ങൾ.

കെ. പി. ഗോപാലമേനവൻ, ഹൈക്കോർട്ടുജഡ്ജി.

## അദ്ധ്യായം ൮

### വശീകരണം.

സംനിയമ്യേന്ദ്രിയഗ്രാമം
സർവ്വത്രസമബുദ്ധയഃ
തേപ്രാപ്നുവന്തിമാമേവ
സർവ്വഭൂതഹിതേരതാഃ

യേതുസർവ്വാണികർമ്മാണി
മയിസന്ന്യസ്യമൽപരാഃ
അനന്യേനൈവയോഗേന
മാംധ്യായന്തഉപാസതേ.

ഭഗവൽഗീത, ഭക്തിയോഗം ൪, ൬.

താൻ അന്വേഷിച്ചുകൊണ്ടിരുന്ന കൈവല്യത്തെ തനിക്കു കാണിച്ചുതരുവാൻ ഇടയാക്കിയ ആ "ബോധി" വൃക്ഷം നില്ക്കുന്ന സ്ഥലത്തേയ്ക്കു ഈ പരിശുദ്ധമനുഷ്യൻ നടന്നു. അങ്ങിനെ നടന്നുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ഒരു ഭൂകമ്പവും ഭൂലോകം ഒട്ടുക്കു ഒരു മിന്നലും ഉണ്ടായി. അദ്ദേഹം ഈ വൃക്ഷത്തിന്റെ നിഴലിൽ ചെന്നിരുന്നപ്പോൾ അശരീരിയായ അനുഗ്രഹങ്ങളും, പുഷ്പവൃഷ്ടിയും സകലജീവജാലങ്ങൾക്കും അളവററ സന്തോഷവും ഉണ്ടായി

സത്യത്തിനു വിരോധിയും, നാശത്തിനു ഹേതുഭൂതനും, ആഗ്രഹങ്ങൾക്കെല്ലാം രാജാവുംആയ മാരൻ ഇതെല്ലാം കണ്ടുംകേട്ടുംഏററവും ദുഃഖിതനായി. വശീകരണശക്തിയിൽ അദ്വിതീയകളും, നവയൌവനയുക്തകളുംആയ തന്റെ മൂന്നു പുത്രിമാരോടും അനുചരന്മാരായ വേതാളപിശാചക്രൂളികളോടുംകൂടി, മാരൻ ശാക്യമുനി നിഷ്ഠയിൽ ഇരിക്കുന്ന സ്ഥലത്തേക്കു പുറപ്പെട്ടു അവിടെചെന്നുചേർന്നു. അദ്ദേഹമോ—കണ്ടഭാവംകൂടി നടിച്ചില്ല.

ഭയങ്കരമായ ശബ്ദം, വേതാളങ്ങൾ ഉപദ്രവിക്കുമെന്നുള്ള അലർച്ച, നാലുലോകങ്ങളും ഞെട്ടുമാറുള്ള അട്ടഹാസം, ജനതതിയേ പാംസുസ്നാനത്തിൽ മുഴുകിക്കുന്ന ചുഴലിക്കാററു—ഇതുകളാൽ ഇദ്ദേഹത്തെ നിഷ്ഠയിൽനിന്നും മാററുവാൻ മാരൻ കഴിയുന്നത്ര ശ്രമിച്ചു. ഒന്നുകൊണ്ടും ഇളകാതെയും സ്ഥിരമായ ധൈര്യത്തോടും തനിക്കു യാതൊരു തരക്കേടും വരികയില്ലെന്നുള്ള പൂർണ്ണവിശ്വാസത്തോടും മുനിവരനു അതുപോലെതന്നെ ഇരുന്നു. തങ്ങളുടെ ഗാനങ്ങൾ, നൃത്തങ്ങൾ, കടാക്ഷവീക്ഷണങ്ങൾ, ഇതുകളാൽ മാരന്റെ പുത്രികൾ മുനിവരനെ നിഷ്ഠയിൽനിന്നും ഇളക്കുവാൻ പഠിച്ചപണിയെല്ലാം നോക്കി. ഇതും നിഷ്ഫലമെന്നുകണ്ടുടൻ വേതാളങ്ങളോടും മററും മുനിയേ ദേഹോപദ്രവംചെയ്യാൻ മാരൻ ആജ്ഞാപിച്ചു.

ഇവരുടെ ചേഷ്ടകളും ദുർവൃത്തികളും കണ്ടു, ബാലന്മാരുടെ കളികൾ അവരുടെമാതാപിതാക്കന്മാർകണ്ടു സന്തോഷിക്കുന്നതുപോലെ, മഹാമുനി സന്തോഷിച്ചുകൊണ്ടേ നിഷ്ഠയിൽഇരുന്നു അവരുടെ ഹിംസകളെല്ലാം തന്റെ ശരീരത്തിൽ പുഷ്പവർഷം ചൊരിയുന്നതുപോലെ തോന്നി ഇടിയും മിന്നലും ദേവവാദ്യധ്വനി, നിഷ്കളങ്കപ്രകാശം എന്നിതുകളായിത്തീർന്നു.

തന്റെ ശക്തി നിസ്സാരമാണു്. അതുകൊണ്ടു ഒന്നുംതന്നെ സാധിക്കയില്ല എന്നു തീർച്ചയാക്കി, മാരൻ പരിവാരങ്ങളോടും പുത്രിമാരോടുംകൂടി ഈ സ്ഥലം വിട്ടുപോയി. ഉടൻ അശരീരിയായ സാന്ത്വനവാക്യങ്ങളും പുഷ്പവൃഷ്ടിയും വീണ്ടും ഉണ്ടായി

ഈ മഹാമുനിയെ നോക്കുക. ഇദ്ദേഹം അതുല്യനല്ലേ കാലവ്യത്യാസത്താൽ ഇദ്ദേഹത്തിനു ഒരു മാററവും ഇല്ല ഇദ്ദേഹത്തെ യാതൊന്നും ഭയപ്പെടുത്തുകയില്ല. പരിശുദ്ധത,ജ്ഞാനം, സ്നേഹം, കരുണഎന്നീഗുണങ്ങൾചേർന്ന ഒരു അവതാരപുരുഷൻതന്നെ ഇദ്ദേഹം. ഇരുട്ടിനെനീക്കി സൂര്യകിരണങ്ങൾ എങ്ങനെ പ്രകാശം ഉണ്ടാക്കുന്നുവോ അതുപോലെതന്നെ ഇദ്ദേഹത്തിന്റെ നിഷ്ഠയുടെ ഫലമായി ലോകത്തിലെ അജ്ഞാനം നീങ്ങി ജനങ്ങൾക്കു മോക്ഷം ഉണ്ടാകും. എന്നും മററും ജനങ്ങൾ വാഴ്ത്തിത്തുടങ്ങി.

---

## അദ്ധ്യായം ൯

### ആത്മസംസ്കരണം.

ഉള്ളുലോത്തുള്ളതറികിൽ
ജന്മാവൃത്തിവരാദ്ദുഃഖം
ജന്മകൃത്താമിരുൾനീക്കി-
ത്തത്വാത്ഥംകാൺകബോധാം.

സർവ്വാധാരജ്ഞനായ്സക്തി
വിട്ടാൽപോംകർമ്മബന്ധനം
മോഹം,കാമം,രുട്ടിവററിൻ
നാമവു പോകിൽനോവറും

തിരുക്കുറൾതർജ്ജിമ അദ്ധ്യായം ൩൭
ശ്ലോകം ൮-൯.

ബോധിസത്വൻ വീണ്ടും നിഷ്ഠയെ അവലംബിച്ചു. ഇഹലോകത്തിലെ കഷ്ടനഷ്ടങ്ങളും ദുഷ്കർമ്മഫലങ്ങളുംമററും വിശദമായി തന്റെ മനോദൃഷ്ടിയാൽ കണ്ടുതുടങ്ങി.

അഹോ കഷ്ടം! അവനവന്റെ ദുഷ്കർമ്മഫലം എന്തായിരിക്കുമെന്നു മനുഷ്യർ അറിയുന്നുവെങ്കിൽ അവർ ഈമാതിരി പ്രവൃത്തികൾ ചെയ്യുമോ? ഒരുകാലത്തും ഇല്ല. പക്ഷെ അഹംഭാവം വർദ്ധിച്ചു ഇവകളെവിസ്മരിച്ചു സ്വാത്ഥതയാൽമാത്രം മനുഷ്യർ, ദുർവിചാരങ്ങൾക്കു വശംവദരാകുന്നു സന്തോഷത്തിനായി ആഗ്രഹിച്ചു അതിനുള്ള പ്രവൃത്തികളാൽ സന്താപം ഉണ്ടാകുന്നു മരണം എല്ലാററിനേയും നശിപ്പിച്ചശേഷം അവർക്കു ഒന്നിലും സമാധാനം ഉണ്ടാകുന്നില്ല. മരണത്തിനെ ഭയന്നും ആഗ്രഹങ്ങൾ വിടാതെയും ജീവിച്ചുവരുന്നതിനാൽ മനുഷ്യർക്കു പിന്നീടും ജനിക്കുവാനും മരിക്കുവാനും ഇടയാകുന്നു.

അതിരില്ലാത്ത ആശാപാശങ്ങളാൽ ചുററപ്പെട്ടു, സ്വയംകൃതമായ നരകത്തിൽനിന്നും മാറുവാൻ അവർക്കു ഇടയാകുന്നില്ല. അവരുടെ മോഹങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലങ്ങളും, ഉദ്യമങ്ങൾ കദളിവൃക്ഷംപോലെ ബലഹീനതയുള്ളവകളും, നീർപോളകൾപോലെ നിസ്സാരങ്ങളുംആയി നാം കാണുന്നില്ലേ?

ഭൂലോകത്തിൽ പാപവും ദുഃഖവും അധികപ്പെട്ടു കാണുന്നതിന്റെ കാരണം, നാം ചെയ്യുന്ന കണക്കില്ലാത്ത തെററുകൾ അല്ലേ സത്യത്തേക്കാൾ മായ ശക്തിയുള്ളതാണെന്നു വിചാരിക്കുന്നതിനാലല്ലേ മനുഷ്യർ തെററിനടക്കുന്നതു്. ആദ്യം ആഹ്ലാദത്തേയും പിന്നീടു ഉടനേ വേദനയേയും തരുന്ന മോഹത്തേ അനുകരിച്ചു വാസ്തവത്തേ മനുഷ്യർ മറന്നുവരികയല്ലേ? എന്നിങ്ങനെ പല വിചാരങ്ങളും മഹാമുനിയുടെ മനസ്സിൽ ഉണ്ടായി.

ധർമ്മം എന്നാൽ സത്യം അല്ലാതെ മറെറന്താണു്. മതം എന്നതും അതുതന്നെയല്ലേ. മനുഷ്യരെ മായ, പാപം, ദുഃഖം ഇതുകളിൽനിന്നും വിമോചനം ചെയ്യുന്നതും ഇതുതന്നെയല്ലേ

ജനനമരണം അജ്ഞാനത്തിൽ നിന്നും ഉണ്ടാകുന്നതാണു്. മനുഷ്യജീവിതത്തോടു സംഘടിക്കുന്ന ദോഷനിദാനങ്ങൾക്കും ഇവതന്നെയാണു കാരണം.

ആരംഭത്തിൽ ജ്ഞാനം ഇല്ലാതെ കേവലം ജീവൻമാത്രം ഉണ്ടാകുന്നു. ഈ അജ്ഞാനസാഗരത്തിൽ ക്രമേണ സ്വരൂപശക്തിയുടെ ബീജങ്ങൾ ഉത്ഭവിക്കുന്നു. ഈ ബീജങ്ങളിൽനിന്നും സുഷുപ്തി, വികാരം എന്നിവ ഉണ്ടാകുന്നു വികാരങ്ങൾ വളർന്നു മനുഷ്യത്വത്തേ ഉണ്ടാക്കുന്നു. ഈ സ്ഥിതിയിൽ കാലക്രമേണ മനസ്സും പഞ്ചേന്ദ്രിയങ്ങളും വികസിച്ചുവരുന്നു. ഇവ ലോകവ്യാപാരങ്ങളുമായി സംയോജിക്കുമ്പോൾ അനുഭവശക്തി ഉണ്ടാകുകയും അനുഭവശക്തി വർദ്ധിച്ചു അഹംഭാവത്തേ ജനിപ്പിക്കുകയും ചെയ്യുന്നു. അഹംഭാവത്താൽമാത്രം ഇഹലോകകാംക്ഷയിൽ പ്രതിപത്തി വർദ്ധിക്കയും തന്മൂലം അനന്തരജന്മങ്ങൾക്കു സംഗതിയാകുകയും ചെയ്യുന്നു ഇങ്ങിനെ ഏൎപ്പെടുന്ന ജന്മങ്ങളാൽ രോഗം, വാർദ്ധക്യം, മരണം എന്നിവ അനുഭവിക്കാതെ നിവൃത്തിയില്ലെന്നുവരുന്നു. ഈ അനുഭവത്തിൽ ദുഃഖം, നിരാശ, സമാധാനക്കുറവു് എന്നിവകൾ ഉണ്ടാകുന്നു.

സകല ദുഃഖങ്ങളുടെയും കാരണം മനുഷ്യജീവിതത്തിന്റെ ആരംഭത്തിൽതന്നേ കാണാം. പക്ഷേ ജീവൻ വളർന്നുവരുന്നതായ അജ്ഞാനത്തിൽ അതു് മൂടിക്കിടക്കുന്നു. അജ്ഞാനത്തേ മാററുവിൻ; ഉടനേ ദുഃഖകാരണങ്ങളും മാറും. അവ നീങ്ങുന്നതിനോടുകൂടി പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും ഇളക്കുന്ന മായ എന്ന ഇരുട്ടും നീങ്ങും. ഇങ്ങനെ മായയിൽനിന്നും വിമുക്തരായാൽ ഞാൻ എന്നുള്ള ഭാവംമാറി, രോഗം, വാർദ്ധക്യം, മരണം എന്നീ സ്ഥിതികൾ

ൾ ഇല്ലാതെയായി മനുഷ്യർ മോക്ഷാർഹന്മാരാകും.

നിർവ്വാണത്തേയ്ക്ക് വഴികാട്ടുന്ന നാലു അവസ്ഥകളേ അറിയുമ്പോൾ മനുഷ്യന് മുക്തി ലഭിക്കും. ഒന്നാമത്തേതു് ദുഃഖംതന്നേ. ജനനം ദുഃഖകരമല്ലേ, ജീവിതവും അങ്ങിനേതന്നെ. രോഗം മരണം എന്നിവകളും ദുഃഖഹേതുക്കളല്ലേ. ഇഷ്ടമില്ലാത്തതു സംഭവിക്കുന്നതു് പരിതാപകരമല്ലേ. ഇഷ്ടമുള്ളവകളേ വിട്ടുപിരിയുന്നതും അങ്ങിനെ തന്നെ അല്ലയോ. ദുർല്ലഭ്യമായവകളിൽ മോഹവും ദുഃഖകാരകൻതന്നേ.

രണ്ടാമത്തേതു് കാമം ആകുന്നു. ഇഹലോകവ്യാപാരങ്ങൾ നമ്മുടെ പഞ്ചേന്ദ്രിയത്തേ ആകർഷിച്ചു് നമ്മിൽ കാമം ഉണ്ടാക്കുകയും അവ ക്ഷിപ്രസാദ്ധ്യമാകുവാൻ മനസ്സിനേ പ്രേരിപ്പിക്കയും ചെയ്യുന്നു. അഹംഭാവം മൂർദ്ധിച്ചുവരികയും അതിന്നനുസരിച്ചുള്ള ജിവിതത്തിൽ മനുഷ്യർ താല്പര്യപ്പെട്ടുകയും ചെയ്യുന്നു. ഇതിനാൽ അളവററു് ദുഃഖം ഉണ്ടാകുന്നു. സുഖാനുഭവമെന്ന വല വീശിയല്ലേ മനുഷ്യർ ദുഃഖമാകുന്ന മത്സ്യത്തേ പിടിച്ചുവരുന്നതു്


അടുത്തതു് ദുഃഖാവസാനം എന്നതാണ്. ഞാൻഎന്നും എന്റേതെന്നും ഉള്ള വിചാരത്തേ യാവനൊരുത്തൻ ഇല്ലാതാക്കുന്നുവോ അവൻ മായാവിമുക്തനായി തിരുന്നു. കാമം, മോഹം ഇവകൾ ഇല്ലാത്തതിനാൽ അവനു് സദാ സമാധാനവും ഉണ്ടാകുന്നു.

നാലാമത്തേതു് ദുഃഖനിവാരണത്തിനു് ഇടയാക്കുന്ന അഷ്ടപന്ഥാക്കളത്രേ. അവ (൧) ശരിയായ ജ്ഞാനം, (൨) ശരിയായ നിഷ്ഠ. (൩) ശരിയായ വാക്കുകൾ, (൪) ശരിയായ പ്രവൃത്തികൾ, (൫)ശരിയായ ഉപജീവനം, (൬) ശരിയായ ഉദ്യമം, (൭) ശരിയായവിചാരം, ൮) ശരിയായ മനഃസംസ്കരണം എന്നിവയാകുന്നു ഇതാണ് ധർമ്മം. ഇതാണ് സത്യം. ഇതുതന്നെയാണ് മതവും.

മോഹം എന്ന ശൃംഖലയാൽ ബന്ധിതനായി മനുഷ്യൻ അലയുന്നു. അനേകജന്മങ്ങൾ കഴിഞ്ഞിട്ടും മോഹം മാറി, നിത്യാവസ്ഥയേ ആരാഞ്ഞറിവാൻ അവനാൽ സാധിക്കുന്നില്ല. അഹംഭാവം, ദുഃഖം എന്നിവ ഉണ്ടാകുന്നതു് സംസാരസാഗരത്തിൽ സദാ മുഴുകിക്കിടക്കുന്നതിനാലല്ലയോ? ആ സാഗരത്തേ തരണം ചെയ്യാതെ ദുഃഖവും മരണവും ഇല്ലാതാകുമോ. അതിൽനിന്നും കരകേറുമ്പോൾ പാപങ്ങൾ നശിച്ചും, മോഹങ്ങൾ തീൎന്നും മനുഷ്യൻ നിർവ്വാണത്തേ പ്രാപിക്കുന്നു. മാറാതേ നില്ക്കുന്ന ഒരു ശക്തിയാണ് അഹംഭാവം. അതു തെളിഞ്ഞുനില്ക്കുന്ന കാലത്തോളം സത്യം കുറഞ്ഞും, കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ വർദ്ധിച്ചും കാണും. ഇഹലോകത്തിൽ കണ്ടുവരുന്ന സകല തെററുകളും, ദുർവൃത്തികളും. പാപവും അഹംഭാവത്താൽ മാത്രം ഉണ്ടാകുന്നതല്ലേ. ജീവിതം മായാമയമാണ്, മോഹങ്ങൾ ക്ഷണഭംഗുരമാണ് എന്നു് മനസ്സിലാക്കുന്നതിനോടുകൂടി ജീവന്മുക്തി ഉണ്ടാകും.

ധർമ്മം, സത്യം ഇവകളേ ശരിയായി മനസ്സിലാക്കി നടക്കുന്നവൻ അനുഗ്രഹീതനാണ്. ഇഹലോകജീവികളിൽ യാതൊന്നിനേയും ഉപദ്രവിക്കാതെയും, എല്ലാററിനേയും സമമായി വിചാരിച്ചും, ലൌകികവികാരങ്ങളിൽ പ്രതിപത്തികുറച്ചും, മനസാ വാചാ കർമ്മണാ സത്യത്തേ ദൈവമായി സ്വീകരിച്ചും, യാതൊരു പാപവുംചെയ്യാതെയും, സദാ ഈശ്വരന്റേയും ഗുരുജനങ്ങളുടെയും അനുഗ്രഹത്തേ തേടിയും കാലംകഴിക്കുന്നവനാണ് സാക്ഷാൽ മഹാത്മാ, പരിശുദ്ധൻ, ബുദ്ധൻ.

## സംഗീതസാഹിത്യരസികന്മാൎക്കു വമ്പിച്ച സമ്മാനങ്ങൾ.



* ചില്ലുകൾ പ്രത്യേകം കള്ളികളിൽ ചേർക്കേണ്ടതാണ്.

വലത്തോട്ട്:—

(1) ശ്രീരാമൻ. (3) ഹിന്തുക്കളുടെ ഒരു പുണ്യദിനം. (7) കൂട്ടം. (8) ഒരു ദിക്കരിണി (9) അകബർചക്രവർത്തിയുടെ മകൻ (13) ഭൂമി. (14) വസ്ത്രം. (18) മനുഷ്യനെ ബാധിക്കുന്നതു്. (19) സ്ത്രീ. (20) മഹാത്മജിയുടെ പ്രിയപ്പെട്ട സാധനം. (23) ചന്ദ്രൻ. (24) നാഥൻ. (25) സ്വർഗ്ഗം.

കീഴ്പ്പോട്ട്:—

(1) മഹാകവി കുമാരനാശാന്റെ ഒരു ഗദ്യകൃതി. (2) ദേവേന്ദ്രന്റെ ആയുധം. (4) ഹിന്തുക്കളുടെ ഒരു പുണ്യസ്ഥലം. (5) ഹിന്തുക്കൾ പൂജിക്കുന്നതു്. (6) തോൾവള (10) ജനനേന്ദ്രിയം. (11) അമരൻ. (12) സിംഹം. (15) രാത്രി. (16) മഞ്ഞു്. (17) ഞണ്ടു്. (21) ദയ. (22) തീയുമായി ബന്ധപ്പെട്ടതു്.

പ്രശ്നകൎത്താവിന്റെ ഉത്തരം സീൽവെച്ചു് മാതൃഭൂമി ആഫീസിൽ ഏല്പിച്ചിട്ടുണ്ടു്. ഈ ഉത്തരം അയച്ചുതരുന്ന ആദ്യത്തെ ആൾക്കു് 50 க. വിലയ്ക്കുള്ള ഒരു ഗ്രാമഫോണും, രണ്ടാമന്നു് ആശാന്റെ പദ്യകൃതികൾ മുഴുവനും, ബാക്കിപേൎക്കു് വള്ളത്തോളിന്റെ സാഹിത്യമഞ്ജരി (5 ഭാഗങ്ങൾ) യും സമ്മാനമായി കൊടുക്കും. ഒരു പിഴ വരുത്തിയവൎക്കു് റിട്ടയാർഡ് കോളേജ് പ്രിൻസിപ്പാൾ പി. ശങ്കുണ്ണി അവർകൾ എം. എ. എഴുതിയ God, one God, the only God എന്ന അമൂല്യഗ്രന്ഥവും 2 മുതൽ 3-വരെ പിഴ വരുത്തിയവൎക്കു് ഈരണ്ടു പുസ്തകങ്ങൾ വീതവും സമ്മാനിക്കുന്നതാണ്.

പ്രവേശനഫീസ് ഒരുത്തരത്തിനു് 5 ണ. മാത്രം. ഉത്തരത്തോടൊപ്പം ഈ സംഖ്യ സ്റാമ്പായ ട്ടൊ മണിയോർഡറായിട്ടൊ 1935 ജനുവരി 31-ാംനു-ക്കു മുമ്പു് താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

Messrs. K. P. Damodaran Bros.,
Merchants & Commission Agents,
Court Road, Tellicherry.

501

വാഷിങ്ങ്

സോപ്പ്

ഉപയോഗിച്ചു അലക്കുന്ന

വസ്ത്രങ്ങൾ

വളരെക്കാലം

കേടുക്രൂടാതെയിരിക്കും.




ദി ടാററാ ഓയിൽമിൽസ്
കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറു്

19 എ. വാണിയർസ്ട്രീററ്;

ജി. ടി മദ്രാസ്.

# പാചകകല.

രണ്ടാംഭാഗം (തുടർച്ച)

എസ്. എ. പിള്ള, ചടയമംഗലം.

## രസങ്ങൾ.

"ചാർ"എന്നും "രസം"എന്നും ദ്രാവിഡ കർണ്ണാടകമലയാളപാകങ്ങളിൽ പുകഴ്ത്തിവരുന്ന ഈ സാധനം ഭക്ഷണത്തിന്ന അതിരുചിയും ദഹനത്തിന്ന അതിശീഘ്രതയും ഉണ്ടാക്കുന്നതിന്ന ശക്തിയുള്ള ഒരു മഹാകഷായമാണെന്നു പറയുന്നതിൽ വലിയ തെറ്റൊന്നുമില്ല. മഹാരാഷ്ട്രപാകത്തിൽ ആറേഴുപ്രകാരത്തിലുള്ള രസങ്ങൾക്കാണു പ്രാധാന്യം നൽകിക്കാണുന്നതു്. ഇവയ്ക്കു സ്വാദുണ്ടാക്കുന്നതു അവയിൽ ചേർക്കുന്ന പൊടിയാകുന്നു. ഈ പൊടി നിർമ്മിച്ചുകൊള്ളുന്നതിൽ പ്രത്യേകമായ ജാഗ്രതയും സൂക്ഷ്മതയും നിഷ്കർഷയും അത്യാവശ്യമാകുന്നു. പൊടി പാകത്തിന്ന പററിയില്ലെങ്കിൽ രസം, നീരസമായിത്തന്നെ പരിണമിച്ചുപോകും. അളവും പാകവും ശരിയായിരുന്നാലും പൊടി വളരെ നേർമ്മയായിരുന്നില്ലെങ്കിൽ പിഴച്ചതുതന്നെ.

രസത്തിനുള്ള പൊടിയുടെ യോഗം.

| | |
|---|---|
| തുവരൻപരിപ്പു് | നാഴി 1 |
| നല്ലമുളകു് | നാഴി 1 |
| കൊത്തമല്ലി | നാഴി 1½ |
| വററൽമുളകു എണ്ണം | 30 |

ഇവ നാലും പ്രത്യേകം പ്രത്യേകം വറുത്തിടിച്ചു ശരിയായി യോജിപ്പിച്ചു് സൂക്ഷിക്കണം. ഇതിൽ മുളകുവററൽമാത്രം എണ്ണപിരട്ടി വറുക്കണം. മററു മൂന്നുസാധനങ്ങളും എണ്ണ ചേർത്തോ ചേർക്കാതെയോ വറുക്കുന്നതിൽ വിരോധമില്ല. എന്നാൽ എണ്ണപിരട്ടിയാണു വറുക്കുന്നതെങ്കിൽ ഇടിച്ചു തെള്ളിയും പിരട്ടാതെയാണെങ്കിൽ തിരുകല്ലിൽ തിരുകിയും പൊടിയാക്കാവുന്നതാണു. ഏതുതരത്തിലായാലും പൊടി വളരെ നേർമ്മയായിരിക്കണം. ഇപ്രകാരം ശരിയായി പാകപ്പെടുത്തി എടുക്കുന്ന ഈ പൊടി ഒരു പുതിയ മൺപാത്രത്തിലോ, ഭരണിയിലോ, കുപ്പിയിലൊ ആക്കി അടച്ചുകെട്ടി കൊടാതെ ഒരു ചെറുതവിയോ കരണ്ടിയോകൊണ്ടു് എടുത്തു വൃത്തിയായി പെരുമാറുന്നപക്ഷം നാലഞ്ചാഴ്ചവരെ യാതൊരുകേടും വരാതെയിരിക്കുന്നതാണു്. ആവശ്യപ്പെട്ടപ്പോൾ രസം പാകപ്പെടുത്തിക്കൊള്ളാവുന്നതാകുന്നു. രസങ്ങൾക്കെല്ലാം പൊരിക്കാത്ത പച്ചക്കായവുംകൂടി ചേർക്കേണ്ടതു് അത്യാവശ്യമത്രെ.

രസം (1) തുവരൻപരിപ്പു് പാററി കല്ലുകളഞ്ഞു് ശുദ്ധജലത്തിൽഇട്ടു നന്നായി വേവിക്കണം. അതന്റെ വെള്ളത്തിൽ തന്നെ പാകത്തിനു് ഉപ്പും പുളിയുംചേർത്തു് പൊടിയും ഇട്ടു വീണ്ടും അടച്ചു തിളപ്പിക്കണം. അതിനുശേഷം അല്പം ശർക്കര ചേർത്തുകൊള്ളണം. പിന്നീടു് ഉഴുന്നുപരിപ്പും വററൽമുളകും കറിവേപ്പിലയും കടുകും കൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു പച്ചക്കായവും പച്ചക്കൊത്തമല്ലിയും ചേർക്കണം.

രസം (2). മഹാരാഷ്ട്രരീതിയിൽ ഇതിനു് "വാറംഗ്യാസാർ" എന്നു പേരാകുന്നു. തുവരൻപരിപ്പു് ശുദ്ധജലത്തിൽ വേവിച്ചു അതിൽ പിഞ്ചുകത്തിരിക്കാകൂടി കീറി ചേർക്കണം. അതും ശരിയായി വെന്തുകഴിഞ്ഞാൽ പാകത്തിന്ന ഉപ്പും പുളിയും ചേർത്തു് തിളപ്പിച്ചു കൊഴുക്കണം. പിന്നീടു രസത്തിനുള്ള പൊടിയിട്ടു് ഒന്നുകൂടി അടച്ചു തിളപ്പിച്ചു് (ഈ അവസരത്തിൽ അല്പം ശർക്കരകൂടി ചേർക്കാവുന്നതാണു്) മുളകും കടുകും കറിവേപ്പിലയും, ഉഴുന്നുപരിപ്പുംകൂടി വെളിച്ചെണ്ണയിൽ കടുകുവറുത്തു യോജിപ്പിച്ചു കായവും ചേർക്കണം.

രസം (3) തുവരൻപരിപ്പു ശരിയായി ശുദ്ധജലത്തിൽ വേവിച്ചു അതോടുകൂടി അറക്കീരയുടെ ഇലകഴുകി ശുദ്ധിചെയ്തുചേർത്തുകൊള്ളണം. വീണ്ടും തിളയ്ക്കുമ്പോൾ പാകത്തിനുള്ള ഉപ്പും പുളിയുംചേർത്തു് അല്പം വററിച്ചുകൊണ്ടു് രസത്തിനുള്ള പൊടിയിട്ടടച്ചു് പിന്നേയും തിളപ്പിക്കുക. അല്പം ശർക്കരയുംചേർത്തു് ഇളക്കി മുളകും കടുകും കറിവേപ്പിലയും ഉഴുന്നുപരിപ്പും ഇട്ടു് വെളിച്ചെണ്ണയിൽ കടുകുവറുത്തു കായവും ചേർത്തുകൊള്ളേണ്ടതാണു്. മഹാരാഷ്ട്രപാകത്തിൽ ഇതിന്ന "മാട്ടാസാർ" എന്നു നാമകരണം ചെയ്തിരിക്കുന്നു.

രസം (4). ഇതിന്ന പരിപ്പു അധികം ചിലവില്ല. ഉപ്പും പുളിയും ശുദ്ധജലത്തിൽ കലക്കി രസത്തിനുള്ള പൊടിയുംചേർത്തു അടച്ചു തിളപ്പിക്കണം. അതിനുശേഷം മുളകും കടുകും കറിവേപ്പിലയും ഉഴുന്നുപരിപ്പും ചേർത്തു് വെളിച്ചെണ്ണയിൽ കടുകു വറുത്തു യോജിപ്പിച്ചുകൊള്ളുകയും, സൌകര്യമുള്ളപക്ഷം നാലഞ്ചു "ആമവട" കൂടി അതിൽ ഇട്ടുകൊള്ളുകയും ചെയ്താൽ അധികം രുചിപ്രദമായിരിക്കുന്നതാണു്. അതിൽ ഇട്ടശേഷം വട എടുത്താൽ ആമവട എന്ന പേരു മാറി "രസ"വട എന്നായിത്തീരും. ഈ വടയ്ക്കു ആമവടയേക്കാൾ സ്വാദു് ഏറിയിരിക്കും. ആമവടയുടെ പാകസമ്പ്രദായം ഒന്നാംഭാഗത്തിൽ പലഹാരപാകത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ രസത്തിന്ന മഹാരാഷ്ട്രപാകപ്രകാരം "കട്ടാസാർ" എന്നു പേരാകുന്നു.

രസം (5) ഉപ്പുംപുളിയും ശുദ്ധജലത്തിൽ പാകത്തിനുകലത്തി പൊടിയുംഇട്ടു് അടച്ചു് ശരിയായി തിളപ്പിച്ചു് വാങ്ങിവച്ചുകൊണ്ടു്, തുവരൻപരിപ്പും, കടുകും, കറിവേപ്പിലയുംകൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തു അതിൽ രസം വീഴ്ത്തി കായവും കൂടിചേർത്തുകൊണ്ടാൽ മതി. ഇതു വളരെ ലഘുവായ ഒരു പാകമാണു്. സ്വാദിന്നു കുറവൊട്ടുമില്ല. ഇതിനെ "ഗോഡ്സാർ" എന്നാണു് മഹാരാഷ്ട്രപാകത്തിൽ പേരുപറഞ്ഞിരിക്കുന്നതു്.

രസം (6) നല്ലമുളകു്,വററൽമുളകു്, ജീരകം ഇവ എണ്ണപിരട്ടി പ്രത്യേകം വറുത്തു് ഒന്നിച്ചരച്ചു് ശുദ്ധജലത്തിൽ ഉപ്പും പുളിയുംചേർത്തുകലക്കി മുളകും കടുകും കറിവേപ്പിലയുംകൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തുകൊള്ളണം. ഇതും വലിയ പ്രയാസംകൂടാതെ പാകമാക്കാവുന്ന ഒരു രസമത്രെ. ഇതിൽപൊടി ചേർക്കേണ്ട ആവശ്യവുമില്ല.

രസം (7). തുവരൻപരിപ്പു ശുദ്ധജലത്തിൽ നല്ലതുപോലെ വെന്തശേഷം പാകത്തിന്ന ഉപ്പും പൊടിയുമിട്ടു അടച്ചുതിളപ്പിക്കണം. അതോടുകൂടി അല്പം ശർക്കരയും ചേർക്കാവുന്നതാണു്. പിന്നീടു് ഉഴുന്നുപരിപ്പും മുളകും കടുകും കറിവേപ്പിലയും വെളിച്ചെണ്ണയിൽകൂട്ടി കടുകവറുത്തു പച്ചക്കായവും പച്ചകൊത്തമല്ലിയുംഇട്ടു യോജിപ്പിച്ചുകൊള്ളണം. ഇതിന്റെ പാകരീതി മിക്കവാറും ഒന്നാംനമ്പ്രരസത്തിന്ന തുല്യമാകുന്നു. പക്ഷെ ഇതിൽ പുളിമാത്രം ചേർക്കുന്നില്ല എന്നൊരു വ്യത്യാസംമാത്രമാണുള്ളതു്. ഇതിനെ "ശീസാർ" എന്നത്രെ മഹാരാഷ്ട്ര പാകത്തിൽ വ്യവഹരിച്ചുവരുന്നതു.

രസം (8) തോരൻപരിപ്പു, കടുകു്, ഉഴുന്നുപരിപ്പു്, ജീരകം, കറിവേപ്പില ഇവ എണ്ണയിൽ കടുകുവറുത്തുകൊണ്ടു് അതിനോടുകൂടി ശുദ്ധജലംഒഴിച്ചു് ഇളക്കി പൊടിയും ഇട്ടു് പാകത്തിന്നു് ഉപ്പുംചേർത്തു് അടച്ചു തിളപ്പിക്കണം. കായവും പച്ചക്കൊത്തമല്ലിയുംകൂടെ ചേർത്തു കൊള്ളണം. ഇതിൽ കടുകുവറുത്തു വെള്ളംഒഴിക്കുന്നതിനോടുകൂടി അടമാങ്ങാനുറുക്കിയ കഷണമോ, ചെറുനാരങ്ങാനീരോ ചേർത്തുകൊണ്ടാൽ പുളിരസം ആവശ്യമുണ്ടെങ്കിൽ ക്രമത്തിന്ന വരുത്താവുന്നതാണു്.

പരിപ്പും പുളിയും ചേർത്തുണ്ടാക്കുന്ന രസങ്ങൾക്കു് വെള്ളം കുറഞ്ഞുപോകുമെന്നു് സംശയംഉണ്ടെങ്കിൽ പുളിചേർക്കുമ്പോൾ ആവശ്യമുള്ള വെള്ളം ചേർത്തുകൊള്ളേണ്ടതാണു്. രസം പാകംചെയ്തുകഴിഞ്ഞതിൽ പിന്നീടു് വെള്ളം പോരെന്നുതോന്നിയാൽ അതിൽ ചേർത്തിരിക്കുന്ന ഉപ്പു്, പുളി, ഇവയുടെ രീതിഅനുസരിച്ചു്, വെള്ളം നല്ലതുപോലെ തിളപ്പിച്ചു്, ചേർത്തുകൊള്ളാവുന്നതുമാണു. നിവൃത്തിയുള്ളിടത്തോളം എല്ലാം ആദ്യംതന്നെ പാകത്തിന്ന ചേർത്തുകൊള്ളുകതന്നെയാണു വേണ്ടതു്. വല്ലതരത്തിലും അതിന്നിടയാകാതെപോയാൽ ഇതിൽ ആദ്യംപറഞ്ഞിരിക്കുന്ന സമ്പ്രദായം സ്വീകരിക്കയല്ലാതെ നിവൃത്തിയുള്ളിടത്തോളം രണ്ടാമത്തെ രീതി ഉപയോഗിക്കാൻ ഇടവരരുതു്. ഈ സംഗതി പ്രത്യേകം ഓർമ്മിച്ചുകൊള്ളുന്നതു് നന്നായിരിക്കും.

അടുത്തതായി മഹാരാഷ്ട്രസമ്പ്രദായം അനുസരിച്ചുള്ള ഏതാനുംചില "കഢി"കളെപ്പററിയാണിവിടെ പ്രസ്താവിക്കുന്നതു്. വലിയ പ്രയാസംകൂടാതെ പാകംചെയ്യാവുന്ന ഈ കഢികൾ അധികം രുചികരങ്ങളാണെന്നു് അനുഭവംകൊണ്ടുമാത്രമെ അറിയാൻ നിർവ്വാഹമുള്ളു.

കഢി (1). തുവരൻപരിപ്പും പച്ചമുളകും വൃത്തിയായി അരച്ചു് പുളിച്ച മോരിൽ കലക്കി പാകത്തിനു ഉപ്പും ചേർത്തു നല്ലതുപോലെ തിളപ്പിക്കണം ഒരുവിധം കൊഴുത്തു തുടങ്ങുമ്പോൾ വാങ്ങി കടുകു്, ഉലുവാ, ജീരകം, കറിവേപ്പില ഇവചേർത്തു വെളിച്ചെണ്ണയിൽ കടുകവറുത്തു യോജിപ്പിച്ചു ഇളക്കിക്കൊള്ളണം. ഇതിനു് "ദാളീചസ് കഢി" എന്നാണു പേരു്.

കഢി 2. പച്ചക്കടലപ്പരിപ്പു മാവാക്കി മോരിൽ കലക്കി പാകത്തിനു ഉപ്പുംചേർത്തു തിളപ്പിച്ചുകൊണ്ടു് ശരിയായ കൊഴുപ്പുവരുമ്പോൾ മുളകും കടുകും കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ കടുകവറുത്തു് ചേർത്തുകൊള്ളണം.

കഢി 3. തോരൻപരിപ്പും, ഉഴുന്നുപരിപ്പും കടുകും ജീരകവും ഉലുവായും വററൽമുളകും കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ വറുത്തു് ശരിയായി മൂക്കുമ്പോൾ മോരിൽ അരിമാവു കലക്കി പാകത്തിനു് ഉപ്പും ചേർത്തു് അതിൽ ഒഴിച്ചു് പതച്ചു വാങ്ങിക്കൊള്ളണം. ഇതിനെയാണു് "ഫോണ്ണീച്ച്സ കഢി" എന്നു് മഹാരാഷ്ട്രപാചകത്തിൽ നിർദ്ദേശിച്ചിട്ടുള്ളതു്.

കഢി 4. ഒന്നാംനമ്പർ കഢിക്കു പറഞ്ഞിട്ടുള്ളപ്രകാരം തുവരൻപരിപ്പും പച്ചമുളകും നല്ല നേർമ്മയായി അരച്ചു് പുളിച്ച മോരിൽ കലക്കി പാകത്തിനു ഉപ്പുംചേർത്തു തിളയ്ക്കുമ്പോൾ അറക്കീര വളരെ ചെറുതായി അരിഞ്ഞു് എണ്ണയിൽ വാട്ടി അതിൽ ചേർത്തു വീണ്ടും ഒന്നുകൂടി തിളപ്പിച്ചു കടുകും മുളകും കറിവേപ്പിലയുംകൂട്ടി കടുകവറുത്തുകൊണ്ടാൽ മഹാരാഷ്ട്രപാകത്തിൽ നിർദ്ദേശിച്ചിട്ടുള്ള "മാട്ടാചസ് കഢി"യായി.

കഢി 5. തുവരൻപരിപ്പും പച്ചമുളകും നല്ലതുപോലെ അരച്ചു് പുളിച്ചമോരിൽ കലക്കി പാകത്തിനു ഉപ്പും ചേർത്തു് തഴുതാമ (തമിഴാമ)യുടെ ഇലയും ഇട്ടു് തിളപ്പിച്ചു് വാങ്ങി വെളിച്ചെണ്ണയിൽ മുളകും കടുകും ഉലുവായും കറിവേപ്പിലയുംകൂടി കടുകവറുത്തു ചേർത്തു ഇളക്കി ഉപയോഗിക്കണം. ഇതിനു "ഘോലാചീകഢി" എന്നു നാമകരണം ചെയ്തിരിക്കുന്നു

ഇതുകൂടാതെ രണ്ടുമൂന്നുവിധം കഢികൾകൂടി മഹാരാഷ്ട്രപാകരീതിയിൽ ഉണ്ടെങ്കിലും അവ മലയാളസമ്പ്രദായമനുസരിച്ചുള്ള പച്ചപ്പുളിശ്ശേരിയുടെ രീതിയാകയാൽ ഇവിടെ അതേപ്പററി എടുത്തുപറയുന്നില്ല. അവയിൽ പ്രാധാന്യമുള്ള രണ്ടു കഢികൾക്കു മഹാരാഷ്ട്രത്തിൽ "കൊമ്പരയാചസ് കഢി" "ഫിറിവീ കഢി" എന്നു് വ്യവഹരിച്ചുവരുന്നു

മഹാരാഷ്ട്രപാകത്തിലുള്ള ചില പ്രധാന യോഗങ്ങളെക്കൂടി പ്രതിപാദിച്ചുകൊണ്ടു മററു രീതികളിലേക്കു കടക്കാം.

1. റായിത്തു്. ഇതിന്റെ പാകം ദ്രാവിഡരീതിയിൽ കിച്ചടി പാകം ചെയ്യുന്നതുപോലെയാകുന്നു എന്തെല്ലാം സസ്യാദികൾകൊണ്ടു് കിച്ചടി ഉണ്ടാക്കാൻ സാധിക്കുമോ അവകൊണ്ടെല്ലാം, റായിത്തും നിർമ്മിക്കാവുന്നതാണു. കത്തിരിക്കായും വെണ്ടക്കായുംകൊണ്ടു ഉണ്ടാക്കുന്ന റായിത്തുകൾക്കു് കഷണം എണ്ണയിൽ വറുത്തുകൊള്ളേണ്ടതു ആവശ്യമാണു്. ഇതു രണ്ടും കഴിച്ചു ബാക്കിയുള്ളവയെല്ലാം ഉപ്പുചേർത്തു് വേകിച്ചു്, കടുകും പച്ചമുളകും തേങ്ങായും ചേർത്തു അരച്ചു് തൈരിൽകലക്കി ചേർത്തുകൊള്ളണം. തിളപ്പിച്ചുകൂടാ. ഇപ്രകാരം പാകമാക്കി വച്ചുകൊണ്ടു്, കടുകും ഉഴുന്നുപരിപ്പും, മുളകുവററലും, കറിവേപ്പിലയും വെളിച്ചെണ്ണയിൽ കൂട്ടി കടുകവറുത്തു റായിത്തിനോടു യോജിപ്പിച്ചുകൊണ്ടാൽ വളരെ സ്വാദുള്ള ഒരു രസികൻ കൂട്ടുവാനായി തീരുന്നതാണു്.

(തുടരും)


ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള
## ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാർക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പത്തിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടപ്പുമുണ്ടുകൾ, പലതരം തോർത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ടു്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലാത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)



# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

**CHAIRMAN:- K. C. PANDALA B. Sc. (LOND.)**

| | | |
|---|---|---|
| Subscribed Capital | :- | 15,60,400. |
| Capital Paid up | :- | 7,93,589 3 - 11. |
| Reserve and other Funds | :- | 2,23,500. |

## HEAD OFFICE:- ALLEPPEY.

Branches· TRIVANDRUM. CHANGANACHERRY, COCHIN & QUILON.

SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted.

For Particulars apply to

C. KRISHNA MENON M.A.
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS,
ESPLANADE, MADRAS.

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ | | | |
| വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേർന്നതിനു് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലന്റെ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ | | | |
| കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവു്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരസ്ലിണി മുഴുകാലിക്കോബയന്റു് | 1 | 0 | 0 |
| സാധാരണബയന്റു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസ്സ്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാര്യർ. | 0 | 4 | 0 |
| ഗുരുനാനാക്കു്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡു്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡു് അഥവാ | | | |
| സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ.

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർ പപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം | | | |
| സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

## ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണു്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

## ബ്ളാക്കുനിർമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയോ—കൊല്ലം.

REG. NO. M 2689 & T. 122.

# THE MALAYALA RAJYAM

7th JAN. 1935.

## CHITRAVARIKA.

Vol. VII No 18



# ബാംബെ മെഡിക്കൽ ഹാൾ, കൊല്ലം.

### ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

#### അനവധി സർട്ടിഫിക്കറ്റുകൾ ലഭിച്ച ആരോഗ്യസുധ എന്ന

## കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറ്റെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടീൽ, അസ്ഥിയുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്നു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലൎന്നുപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളസൗകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുകുഴിഞ്ഞ്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞ്, വിളറിവെളുത്ത് എല്ലുംതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൨ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു വില രൂപാ 2.
(അഞ്ചൽക്കൂലി പുറമെ.)

## പിത്തകുലാന്തകൻ.

#### പിത്തരോഗികൾക്ക് ഒരു വലിയ അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പ്, ദേഹം എല്ലായ്പോഴും വിയൎക്കുക, ശരീരത്തിന്നു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിന്നു തളൎച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക. ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

## ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിന്നു മുകളിലുണ്ടാകുന്ന രക്തദുഷ്ട്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അൎശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ൧ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.